Registered No. M. 889. Registered No. T. 10.

THE TRAVANCORE GOVERNMENT GAZETTE.

VOL. LIX.] PUBLISHED BY AUTHORITY. [No. 52.

TRIVANDRUM, TUESDAY, 27TH DECEMBER, 1921. / 13TH DHANU, 1097.

CONTENTS

THE

TRAVANCORE GOVERNMENT GAZETTE.

VOL. LIX.] PUBLISHED BY AUTHORITY. [No. 52.

TRIVANDRUM, TUESDAY, 27TH DECEMBER, 1921 / 11TH DHANU, 1097.

PART I.

NOTIFICATION.

No. D. L. 653.

The President, Municipal Council, Quilon, has applied to the undersigned to arrange for the purchase of Travancore Government 5 per cent Debenture Bonds of 1091 for about Rs. 4,600.

Intending sellers of bonds are requested to send in their applications to the undersigned giving therein the following particulars:—

1. No. and amount of the bond.
2. Treasury at which the bond is enfaced for payment of its interest.
3. The lowest rate at which the bond is offered for sale.

Only registered holders of bonds need apply.

Huzur Cutcherry,
Trivandrum, 14th October 1921.

K. GEORGE,
Financial Secretary to Government.

പരസ്യം.

നമ്പർ ഡി. എൽ. ൬൫൩.

ഏകദേശം ൪൬൦൦ രൂപ വിലവരുന്ന ൧൦൯൧-ലെ ൫ ശതമാനം പലിശയ്ക്കു പതിച്ചിരിക്കുന്ന തിരുവിതാംകൂർ ഗവർമ്മെണ്ടു കടപ്പത്രങ്ങളെ വിലയ്ക്കു വാങ്ങിക്കൊടുക്കുന്നതിനു ഏർപ്പാടുചെയ്യണമെന്നു താഴെ കയ്യൊപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനോടു കൊല്ലം മുൻസിപ്പൽ കൌൺസിൽ പ്രസിഡണ്ടു അപേക്ഷിച്ചിരിക്കുന്നു.

കടപ്പത്രങ്ങൾ വിൽക്കാൻ ഉദ്ദേശിക്കുന്നവർ താഴെ കുറിക്കുന്ന വിവരങ്ങളോടുകൂടി താഴെ കയ്യൊപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനു അപേക്ഷകൾ അയയ്ക്കേണ്ടതാകുന്നു.

൧. കടപ്പത്രത്തിന്റെ നമ്പരും തുകയും.
൨. കടപ്പത്രം പലിശയ്ക്കു പതിച്ചിരിക്കുന്ന ഖജനാവു.
൩. കടപ്പത്രം വിൽക്കാൻ ഉദ്ദേശിക്കുന്ന ഏറ്റവും കുറഞ്ഞ നിരക്കു.

തങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്തു കിട്ടിയിട്ടുള്ള കടപ്പത്ര ഉടമസ്ഥന്മാർ മാത്രം അപേക്ഷിപ്പാൻ മതിയാകുന്നതാണ്.

ഹജൂർക്കച്ചേരി, തിരുവനന്തപുരം,
൧൯൨൧ ഒക്ടോബർ ൧൪-ം.

കെ. ജാർജ്,
ഗവർമ്മെണ്ടു ഫിനാൻഷ്യൽ സെക്രട്ടറി.

Dis. No. G. 298 of 21.

NOTICE.

In supersession of the notices dated the 23rd December 1905, 16th April 1906 and 20th July 1920, it is hereby notified that the Superintendent, Government Press, is entrusted with the printing and issue of the Government Gazette and the receiving of subscriptions on account of the same.

All matter, whether official or private, intended for publication in the Government Gazette should be sent in diglott wherever necessary, plainly and legibly written on one side of the paper only, so as to reach the Superintendent, Government Press, by 5 P. M. on the Friday previous to the issue of the Gazette in which they are meant to be published and all urgent matter before 5 P. M. on Saturday, exception being made in cases where the matter cannot be postponed.

Huzur Cutcherry,
Trivandrum, 18th February 1921.

N. RAJARAM RAO,
Chief Secretary to Government,

ഡിസ്. നമ്പർ ൨൯൮ ആഫ് ൯൬/ജി.

നോട്ടീസ്.

൧൯൦൫ ഡിസംബർ ൨൩-നു-ലെ പരസ്യത്തെയും ൧൯൦൬ ഏപ്രിൽ ൧൬-നു-ലെ പരസ്യത്തെയും റദ്ദുചെയ്തു ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ, ഗവർമ്മെന്റു ഗസററ് അച്ചടിക്കയും അയക്കയും അതിലേക്കു വില വാങ്ങിക്കയും ചെയ്യുന്നതിനു ഗവർമ്മെന്റു അച്ചുക്കൂടം സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിരിക്കുന്നു.

ഗവർമ്മെന്റു ഗസററിൽ പ്രസിദ്ധപ്പെടുത്താൻ ഉദ്ദേശിക്കുന്ന എല്ലാ സംഗതികളെയും അവ സർക്കാർ കാര്യങ്ങളായിരുന്നാലും കക്ഷികളുടെ സ്വന്തംവക ആയിരുന്നാലും കടലാസ്സിന്റെ ഒരുവശത്തു മാത്രം സ്പഷ്ടമായും എളുപ്പത്തിൽ വായിക്കാൻതക്ക വിധത്തിലും എഴുതിയും ഇംഗ്ലീഷിലും നാട്ടുഭാഷയിലും വേണമെന്നുള്ളതായിരുന്നാൽ അങ്ങനെ രണ്ടു ഭാഷകളിലും എഴുതിയും അവയെ ഏതു ഗസററിൽ പ്രസിദ്ധപ്പെടുത്താൻ വിചാരിക്കുന്നുവോ ആ ഗസററ പ്രസിദ്ധപ്പെടുത്തുന്ന ദിവസത്തിനു മുമ്പിലത്തെ വെള്ളിയാഴ്ച വൈകുന്നേരം ൫ മണിക്കു മുമ്പായും എല്ലാ അടിയന്തിരകാര്യങ്ങളും ശനിയാഴ്ച വൈകുന്നേരം ൫ മണിക്കു മുമ്പായും സർക്കാർ അച്ചുക്കൂടം സൂപ്രണ്ടിന്റെ പക്കൽ എത്തത്തക്കവണ്ണം അയക്കേണ്ടതാകുന്നു. എന്നാൽ മാററിവെയ്ക്കാൻ പാടില്ലാത്ത കാര്യങ്ങൾക്കു ഈ നിബന്ധന സംബന്ധിക്കുന്നതല്ല.

ഹജൂർകച്ചേരി, തിരുവനന്തപുരം,
൧൮-൨-൧൯൨൧.

എൻ. രാജാരാമരായർ,
ഗവർമ്മെന്റു ചീഫ് സെക്രട്ടറി.

നമ്പർ ജി. ൮൧൦൮.

സർക്കുലർ ഉത്തരവു.

ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതിനു സർക്കാർ അച്ചുക്കൂടം സൂപ്രണ്ടിനു അയച്ചുകൊടുക്കുന്നതിനായി സാധാരണ മാതിരിയിലുള്ള ചില അറിയിപ്പുകളെയും ഡിപ്പാർട്ടുമെന്റു മേലധികാരികൾ ഇപ്പോൾ ഗവർമ്മെന്റിലേക്കു അയക്കുന്നതായി കാണുന്നു. ഈ നടപടികൊണ്ടു യാതൊരു ഉപയോഗവുമില്ലാത്തതിനാൽ പ്രസിദ്ധപ്പെടുത്തുന്നതിനു ഗവർമ്മെന്റിന്റെ മുമ്പിൽകൂട്ടിയുള്ള അനുമതി വേണമെന്നുള്ള അറിയിപ്പുകൾമാത്രം മേലാൽ ഗവർമ്മെന്റിലേക്കു അയച്ചാൽ മതിയാകുന്നതാകുന്നു.

ഹജൂർകച്ചേരി, തിരുവനന്തപുരം,
൧൯൧൯ ഡിസംബർ ൩൦-.

ഉത്തരവിൻപ്രകാരം,
എം. രാജരാജവർമ്മാ,
ഗവർമ്മെന്റു അണ്ടർസെക്രട്ടറി.

D. Dis. No. 1746 of 1921/G. A.

NOTIFICATION.

Petitions meant for the Dewan should be placed in the petition-box kept in the Huzur Office.

2. The box will be cleared at 4 P. M. every day excepting on Sundays and recognised holidays.

3. Petitioners wishing to represent their grievances personally to the Dewan will be heard between 3 and 4 P. M. on days on which the Dewan attends Office.

4. Deputations wishing to meet the Dewan should give a week's notice to the Private Secretary to the Dewan of their intention to do so and furnish in advance a statement of the subjects on which they propose to speak.

Huzur Cutcherry,
Trivandrum, 7th November 1921

N. RAJARAM RAO,
Chief Secretary to Government.

ഡി. ഡിസ്. നമ്പർ ൧൭൪൬ ആഫ് ൧൯൨൧/ജി. എ.

പരസ്യം.

ദിവാൻ മുമ്പാകെ ബോധിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഹർജികൾ ഹജൂർകച്ചേരിയിൽ വച്ചിട്ടുള്ള ഹർജിപ്പെട്ടിയിൽ ഇടേണ്ടതാകുന്നു.

൨. ഞായറാഴ്ചകളും അംഗീകരിക്കപ്പെട്ടിട്ടുള്ള മററു ഒഴിവു ദിവസങ്ങളും ഒഴികെ എല്ലാ ദിവസവും വൈകുന്നേരം ൪ മണിക്കു പെട്ടിയിൽനിന്നു ഹർജികൾ എടുക്കുന്നതാണ്.

൩. ദിവാനോടു നേരിട്ടു സങ്കടം ബോധിപ്പിക്കാൻ ആഗ്രഹിക്കുന്നവരുടെ സങ്കടങ്ങളെ ദിവാൻ കച്ചേരിയിൽ വരുന്ന ദിവസങ്ങളിൽ ൩ മണിക്കും ൪ മണിക്കും ഇടയിൽ കേൾക്കുന്നതാണ്.

൪. ഡെപ്യൂട്ടേഷനായി ദിവാനെ കാണണമെന്നാഗ്രഹിക്കുന്നവർ ആ വിവരത്തെക്കുറിച്ചു ദിവാന്റെ പ്രൈവററുസിക്രട്ടറിക്കു ഒരാഴ്ചവട്ടത്തെ നോട്ടീസുകൊടുക്കേണ്ടതും തങ്ങൾ സംസാരിക്കാൻ ഉദ്ദേശിക്കുന്ന വിഷയത്തെപ്പററി ഒരു സ്റ്റേററുമെന്റു മുമ്പേകൂട്ടി അയച്ചുകൊടുക്കേണ്ടതും ആകുന്നു.

ഹജൂർകച്ചേരി, തിരുവനന്തപുരം,
൧൯൨൧ നവംബർ ൭-.

എൻ. രാജാരാമരായർ,
ഗവർമ്മെന്റു ചീഫ് സെക്രട്ടറി.

തിരുവിതാംകൂർ ഗവൺമെന്റ പ്രൊസീഡിങ്ങ്സ്.

സംസ്കൃതകയ്യക്ഷരഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന ക്യൂറേറർ ൧൦൯൬-ലെ ഡിപ്പാർട്ടുമെന്റ പ്രവൃത്തിയെപ്പറ്റിയുള്ള റിപ്പോർട്ട സഹിതം ൧൯൨൧ നവംബർ ൧൭-ാം ൧൦൧-ാം നമ്പരിൽ അയച്ചഎഴുത്തു വായിച്ചു.

അതിന്മേൽ ചെയ്യുന്ന ഉത്തരവു ഡിസ്സ് നമ്പർ ൨൦൯൩/൨൧ എൽ. & എൽ. ജി.
തിരുവനന്തപുരം ൧൯൨൧ ഡിസംബർ ൭/൧൧൦൯൭.

പ്രസ്തുത വർഷം മുഴുവനും മഹാമഹോപാദ്ധ്യായൻ ടി. ഗണപതിശാസ്ത്രികൾ ക്യൂറേറരായിരുന്നു.

൨. തന്നാണ്ടിൽ പരിശോധിച്ചു അച്ചടിക്കാൻതയാറാക്കിയ ഗ്രന്ഥങ്ങളുടെ എണ്ണം ൨,൪൨൪-ം ൧൦൯൫-ൽ അങ്ങനെയുള്ള ഗ്രന്ഥങ്ങളുടെഎണ്ണം ൨,൪൦൦-ം ആയിരുന്നു. പ്രസിദ്ധപ്പെടുത്താൻ അവസാനമായി തയാറായ ഗ്രന്ഥങ്ങളുടെ എണ്ണം മുന്നാണ്ടിൽ ൨൧,൨൬൦ ആയിരുന്നതു തന്നാണ്ടിൽ ൧൬,൬൬൫ ആയിരുന്നു.

൩. തിരുവനന്തപുരം സംസ്കൃത ഗ്രന്ഥാവലിയിൽ ൭൧ മുതൽ ൭൩ വരെ നമ്പരുകളായി താഴെപ്പറയുന്ന ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തി.

൧. തന്ത്രസമുച്ചയം വ്യാഖ്യാനസഹിതം ൨-ാംഭാഗം.
൨. ഈശാന ശിവഗുരുദേവപദ്ധതി ൨-ാംഭാഗം.
൩. ഈശ്വരപ്രതിപത്തിപ്രകാശം.

൧൦൦൪ മുതൽ ൧൦൨൨ വരെ രാജ്യഭാരംചെയ്ത തിരുവിതാംകൂർമഹാരാജാവു സ്വാതിതിരുനാൾ തിരുമനസ്സുകൊണ്ടു ഉണ്ടാക്കിയ സ്യാനന്ദൂരപുരവർണ്ണനപ്രബന്ധം എന്ന മനോഹര കൃതിയും ഇപ്പോഴത്തെ മഹാരാജാവു തിരുമനസ്സിലെ അച്ഛൻ ശ്രീ രാജരാജവർമ്മകോയിത്തമ്പുരാൻ എഴുതിയ സുന്ദരി എന്നവ്യാഖ്യാനസഹിതം തന്നാണ്ടിൽ പ്രസിദ്ധം ചെയ്യപ്പെട്ടു.

൪. ക്യൂറേറർ തന്നാണ്ടിൽ ൩൦ ദിവസം ക്യാമ്പിൽ ഇരുന്നു മുന്നാണ്ടിൽ ൧൪ ദിവസം ക്യാമ്പിൽ ഇരുന്നിട്ടുള്ളു. അദ്ദേഹം ചേർത്തല വൈക്കം എന്നീതാലൂക്കുകളിലും മലബാറിൽ ചിറക്കലും കോഴിക്കോട്ടും ചെന്നു ഒന്‍പതു ഗ്രന്ഥശാലകൾ പരിശോധിക്കുകയും ൧൩൭ കയ്യെഴുത്തു ഗ്രന്ഥങ്ങൾ സമ്പാദിക്കുകയും ചെയ്തു. മുന്നാണ്ടിൽ ൨൭ ഗ്രന്ഥങ്ങൾ മാത്രമേ ലഭിച്ചിരുന്നുള്ളു.

ലഭിക്കപ്പെട്ട കയ്യക്ഷരഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ മീമാംസയെ പ്പറ്റിയുള്ള ഒരു അപൂർവ്വഗ്രന്ഥമായ ദേവസ്വാമിയുടെ സങ്കർഷകാണ്ഡഭാഷ്യവും ഏറെക്കാലമായി അന്വേഷിച്ചുവരുന്ന ഭരതന്റെ നാട്യവേദത്തെപ്പറ്റിയുള്ള അഭിനവഭാരതി അല്ലെങ്കിൽ നാട്യവേദവൃത്തി എന്നുപറഞ്ഞുവരുന്ന അഭിനവ ഗുപ്താചാര്യരുടെ വ്യാഖ്യാനവും ഉണ്ടായിരുന്നു. ഇതുരണ്ടും സാഹിത്യ സംബന്ധമായി വളരെ വിലയേറിയ ഗ്രന്ഥങ്ങളാണ്.

൫. നാട്ടുഭാഷയിൽ ചിലകയ്യക്ഷരഗ്രന്ഥങ്ങളും സമ്പാദിച്ചു. അവയിൽ രാമചരിതത്തിന്റെ ഇതേവരെ കിട്ടിയിട്ടുള്ളതിൽ കൂടുതൽവിവരമുള്ള ഒരു പ്രതിപ്രത്യേകമായും പ്രസ്താവയോഗ്യമാകുന്നു.

൬. ആകെയുള്ള ചിലവു ൧൦൯൬-ൽ ൭,൯൨൧ രൂപാആയിരുന്നതു തന്നാണ്ടിൽ ൬,൨൬൬ രൂപാ ആയിരുന്നു.

ഉത്തരവിൻപ്രകാരം,
എൻ. രാജാറാമരായര,
ഗവണ്മെന്റ ചീഫ്‌സെക്രട്ടറി.

സംസ്കൃത കയ്യെഴുത്തുഗ്രന്ഥങ്ങളെ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള ക്യൂറേറർക്കു.
ഗസറ്റിലേക്കു.
വൃത്താന്തങ്ങൾക്കു.

(A true translation.)

K. R. KRISHNA PILLAI,
Head Translator to Government.

Dis. No. 2104 of 1921/L. & L. G.

NOTIFICATION.

LEAVE OF ABSENCE.

M. R. Ry. M. Raja Raja Varma Avergal, M. A. B. L., Efficiency Audit Officer, Privilege leave for one month and 12 days whith effect from the 19th Dhanu 1097 in continuation of the Christmas holidays.

Huzur Cutcherry,
Trivandrum, 21st December 1921.

N. RAJARAM RAO,
Chief Secretary to Government.

പരസ്യം.

ഡിസ്. നമ്പർ ൨൧൦൪ ആഫ് ൧൯൨൧/എൽ. ആന്റ എൽ. ജി.

അവധികൊടുത്ത വിവരം.

എഫിഷ്യൻസി ആഡിറ്റാഫീസർ മ. രാ. രാ. എം. രാജരാജവർമ്മ അവർകൾ എം. ഏ. ബി. എൽ. ന്നു ക്രിസ്തുമസ്സ് അവധിയെ തുടർന്ന് ൧൦൯൭ ധനു ൧൯-ാം മുതൽ ഒരു മാസത്തേക്കും ൧൨ ദിവസത്തേക്കും പ്രിവിലെജ് അവധി അനുവദിച്ചിരിക്കുന്നു.

ഹജൂർകച്ചേരി, തിരുവനന്തപുരം,
൧൯൨൧ ഡിസംബർ ൨൧-ാം.

എൻ. രാജാറാമരായര,
ഗവണ്മെന്റ ചീഫ്സെക്രട്ടറി.

Proceedings of the Government of His Highness the Maha Raja of Travancore.

Read:—

Letter No. 80 dated the 14th November 1921, from the Superintendent, Archaeological Department, Travancore.

ORDER THEREON DIS. NO. 2096 of 21/L. & L. G., DATED TRIVANDRUM, 20TH DECEMBER 1921.

1. Mr. K. V. Subramoniya Aiyer B. A., continued to be in charge of the Archaeological Department during the year under review except for a period of six weeks from the afternoon of the 14th April 1921, when he was on privilege leave. During this period Mr. V. Srinivasa Sastri, the Pandit Assistant of the Department, was in charge of the office of the Superintendent without prejudice to his own duties.

2. The work of sorting the inscriptions secured by the Department which was commenced in the previous year made satisfactory progress, and it is reported that a complete list of them for the period from 1087 to 1094 M. E., has been prepared. Government would request the Superintendent to bring the list up to the end of 1096 M. E., during the current year.

3. The Superintendent was out on circuit for 59 days in 1096 against 30 in the previous year. In the course of his circuit, he visited 55 places. 22 in the Padmanabhapuram Division, 22 in the Trivandrum Division 3 in the Quilon Division and 8 in the Kottayam Division. 137 stone inscriptions were copied. 43 photographs taken and 3 copper plates secured.

4. Part III of Vol. II of the Travancore Archaeological Series was indexed and incorporated with that of the first two parts of the volume, on the whole index, the preparation of which was commenced in 1096, has been issued along with Part III of Volume II since the close of the year. Articles on 28 inscriptions on stone and copper plates and 23 papers on the Venad Kings, all with illustrations, were sent to the Government Press to be printed as Part II of Volume III and Part I of Volume IV respectively of the Travancore Archaeological Series. Government regret to note that Part I of Volume III, containing papers on 33 inscriptions, which had been sent to the Government Press in 1095, has not yet been printed. Government trust that the difficulty hitherto experienced by the Acting Superintendent of the Press no longer exists, since sanction has been accorded for the purchase of extra and special type at a cost of Rs. 600 during the current year, and additional wages to the extent of 25 per cent have been allowed to the compositors engaged in the work, and that hereafter there will be no excuse if the printing of the publication is delayed in the Press.

5. Mr. Subramoniya Iyer has submitted a valuable and interesting report embodying the results of his researches during the year. This report, as usual, will be separately printed.

6. The expenditure on the department during the year amounted to Rs 6,026, against Rs. 4,843 in 1095.

By Order,
N. RAJARAM RAO,
Chief Secretary to Government.

To

The Superintendent, Archaeology.
The Acting Superintendent, Government Press.
The Press Room.
The Gazette.

Dis. No. 1968/G. A. of 1921. NOTIFICATION.

The following Press Communique of the Government of Madras Law (General) Department, dated the 30th November 1921 is re-published for general information.

Huzur Cutcherry,
Trivandrum, 21st December 1921.

N. RAJARAM RAO.
Chief Secretary to Government.

GOVERNMENT OF MADRAS.

Law (General) Department.

PRESS COMMUNIQUE DATED THE 30TH NOVEMBER 1921.

It is hereby notified for general information that in consequence of an agreement recently concluded by His Majesty's Government with the French Government, French and British visas are no longer required on the passports of British and French nationals travelling from India to France and the United Kingdom, respectively. This decision does not, however, affect the visa requirements for French nationals entering India.

P. C. DUTT,
Acting Secretary to Government.

No. Fl. 2059/7 of 21. NOTIFICATION.

It is hereby notified for the information of the public that fanam pieces to the value of Rs (50,000) fifty thousand have been recently got down by the Government from the Mint, Birmingham, and that they will be issued with effect from 1st Dhanu 1097. The coins are exactly similar to the fanam pieces now in circulation except that they bear on them the figure 1096 instead of 1087.

Huzur Cutcherry,
Trivandrum, 12th December 1921.

By order,
K. GEORGE,
Financial Secretary to Government.

NOTIFICATION.

R. Dis. 508 of 21/Legislative.

In exercise of the powers conferred by Section 3 (iii) of Regulation II of 1097, the Government of His Highness the Maha Raja are pleased to make the following rules:—

1. (1) These rules may be called the Non-official Definition Rules.

(2) They shall come into force at once.

2. The holder of any office in the civil or military service of the Government, if the office is one which does not involve either of the following incidents, namely, that the incumbent—

(a) is a whole-time servant of Government, or

(b) holds a pensionable office or is in pensionable service within the meaning of the Travancore Service Regulations,

shall not be treated as an official for any of the purposes of Regulation II of 1097.

3. If any question arises whether any officer is or is not a whole-time servant of Government or holds a pensionable office or is in pensionable service for the purposes of rule 2, the decision of the Government shall be final.

Huzur Cutcherry,
Trivandrum, 21st December 1921.

(By order,
N. RAJARAM RAO,
Chief Secretary to Government.

ആർ. ഡിസ്സ്. നമ്പർ ൫൦൮/൨൧
ലെജിസ്ലേറ്റിവ്.

പരസ്യം.

൧൦൯൭-ലെ ൨-ാം റെഗുലേഷൻ ൩ (iii) വകുപ്പിൻപ്രകാരം സിദ്ധിച്ചിട്ടുള്ള അധികാരമനുസരിച്ചു ഗവൺമെന്റു താഴെ ചേർത്തിരിക്കുന്ന ചട്ടങ്ങൾ ഉണ്ടാക്കിയിരിക്കുന്നു:—

൧. (൧) ഈ ചട്ടങ്ങളെ അനൌദ്യോഗസ്ഥ നിർവചനചട്ടങ്ങൾ എന്നുപറയാവുന്നതാണ്.

(൨) ഇവ ഉടൻതന്നെ നടപ്പിൽ വരുന്നതാണ്.

൨. ഗവൺമെന്റുവക സിവിലോ പട്ടാളമോ ജീവനത്തിലെ വല്ല ഉദ്യോഗവും വഹിക്കുന്ന ആൾ, ആ ഉദ്യോഗസംബന്ധമായി

(എ) മുഴുവൻ സമയവും ജോലിയുള്ള ഒരു ഗവൺമെന്റു ജീവനക്കാരനായിരിക്കുകയോ,

(ബി) തിരുവിതാംകോട്ടു സർവീസ് റെഗുലേഷനുകളുടെ അർത്ഥത്തിൽ അടുത്തൂൺ ഉള്ള ഒരു ഉദ്യോഗം വഹിക്കുകയോ അടുത്തൂൺ കൊടുക്കാവുന്ന ജീവനത്തിൽ ഇരിക്കുകയോ,

ചെയ്യാതിരുന്നാൽ അയാളെ ൧൦൯൭-ലെ ൨-ാം റെഗുലേഷന്റെ ഏതെങ്കിലും കാര്യങ്ങൾക്കു ഒരു ഉദ്യോഗസ്ഥനായി ഗണിച്ചുകൂടുന്നതല്ല.

൩. ഏതെങ്കിലും ഉദ്യോഗസ്ഥൻ ൨-ാം ചട്ടത്തിലെ കാര്യങ്ങൾക്കു മുഴുവൻ സമയവും ജോലിചെയ്യുന്ന ഗവൺമെന്റു ജീവനക്കാരനാണോ അല്ലയോ എന്നാകട്ടെ അടുത്തൂൺ ഉള്ള ഒരു ഉദ്യോഗം വഹിക്കുന്നുവോ ഇല്ലയോ എന്നാകട്ടെ അടുത്തൂൺ കൊടുക്കാവുന്ന ഒരു ജീവനത്തിൽ ഇരിക്കുകയാണോ അല്ലയോ എന്നാകട്ടെ വല്ല തർക്കവും ഉണ്ടായാൽ ഗവൺമെന്റിന്റെ തീരുമാനം അവസാനത്തേതായിരിക്കും.

ഹജൂർക്കച്ചേരി, തിരുവനന്തപുരം,
൧൦൯൭ ഡിസംബർ ൨൧-ാംനു.

ഉത്തരവിൻപ്രകാരം,
എൻ. രാജാരാമരായർ,
ഗവൺമെന്റു ചീഫ്സെക്രട്ടറി.

டிஸ். 508/21/லெஜிஸ்லேடிவ்.

விளம்பரம்.

கொல்லம் 1097-ஆமாண்டின் II-ஆம ரெகுலேஷனுடைய 3 (iii)-என்னும் வகுப்பால் கிடைத்திருக்கும் அதிகாரங்களைச் செலுத்தி, மாட்சிமை தங்கும் மஹாராஜா அவர்களுடைய கவெர்ன்மெண்டார் கீழேவரும் விதிகளைச் செய்திருக்கிறார்கள்:—

1. (1) இந்த விதிகள் அநுத்தியோகஸ்தர் என்பதன் பொருளைக்கூறும் விதிகள் என்று அழைக்கப்படலாம்.

(2) அவைகள் உடனே நடப்புக்கு வரவேண்டியவைகளாகும்.

2. கவெர்ன்மெண்டாருடைய ஸிவிலோ அல்லது மிலிடரியோ ஆகிய ஸர்விஸிலுள்ள ஏதேனும் உத்தியோகமான கீழேவரும் சங்கதிகளில் எதையும் அடங்கினதாயில்லாமலிருந்தால், அந்த உத்தியோகத்திலிருக்கும் ஆள் கொல்லம் 1097-ஆமாண்டின் II-ஆம் ரெகுலேஷனுடைய காரியங்களில் எதற்காகவும் ஒரு உத்தியோகஸ்தனாகக்கருதப்படுதல் கூடாததாகும்.; அந்தச் சங்கதிகளாவன:— அந்த உத்தியோகத்திலுள்ள ஆள்—

(ஏ) முழு நேரமும் வேலை செய்யும ஒரு கவெர்ன்மெண்ட் வேலைக்காரராயிருக்கிறா, அல்லது,

(பி) திருவிதாங்கோட்டு ஸெர்விஸ் ரெகுலேஷன்களின் அர்த்தத்தில் பென்ஷன் உள்ள ஒரு வேலையை ஏற்றுக்கொண்டிருக்கவோ, அல்லது பென்ஷன் உள்ள ஸெர்விஸில் இருக்கவோ செய்கிறார்.

3. 2-ஆம் விதியின் காரியங்களுக்காகவாவது அப்பியர் முழு நேரமும் வேலை செய்யும் ஒரு கவர்ன்மெண்ட் ஸெர்வெண்டாக இருக்கிறாரோ இல்லையோ என்றாவது அல்லது பென்ஷனுள்ள ஒரு உத்தியோகத்தை வகிக்கிறாரோ என்றாவது அல்லது பென்ஷனுள்ள ஸெர்விஸில் இருக்கிறாரோ என்றாவது ஏதேனும் சந்தேகமுண்டாகும் பொழுது கவர்ன்மெண்டாருடைய தீர்மானம் முடிவானதாயிருக்கவேண்டும்.

ஹஜூர் கச்சேரி,
திருவனந்தபுரம்,
1921 டி ஸெப்டெம்பர் 21-ஆம் தேதி

உத்தரவின்படி,
என். ராஜாராமராயர்,
கவர்ன்மெண்ட் சீப் ஸெக்ரிடெரி.

(A true translation)

P. S. RAMASWAMI IYER,
Tamil Translator to Government

NOTIFICATION.

No. Fl. 2083.

The Government have sanctioned the following rules being laid down for the guidance of all officers having to make purchase of Stores on behalf of the Government.

Rule 4 to Article 117 of the Account Code, Part I, regarding the purchase of articles of European manufacture is hereby cancelled.

RULES RELATING TO THE PURCHASE OF STORES.

NOTE.—The rules given below are subject to any special rulings contained in Parts I and II of the Account Code.

A. SELECTION OF ARTICLES.

1. *Articles of Travancore production or manufacture.*—Articles produced in Travancore whether required as raw materials or as finished products should be preferred to non-Travancore products, provided that the quality is sufficiently good for the purpose in view and the prices are not unfavourable.

2. *Articles of Indian production or manufacture (Outside Travancore)*—When articles of the kind required are not produced or manufactured in Travancore but are produced or manufactured in other parts of the Indian Empire such articles should be purchased by preference, provided their quality is sufficiently good and the prices are not unfavourable.

B. PROCEDURE OF PURCHASE.

3. *Purchase according to special orders.*—In cases in which any special orders of Government exist in any department, the purchases should be made in accordance with those orders.

4. *Auction System.*—In the case of provisions and other articles of common use which it would be cheaper and more convenient to purchase from the local market, the contract for the supply should be publicly auctioned in the office where the articles have to be delivered and the contract should ordinarily be given to the lowest bidder. When the value of the articles exceeds Rs. 2,500, the auction has to be confirmed by the Government. The auction should be advertised in the manner described in paras 6 and 8 *infra*; but no advertisement need be inserted in any newspaper outside Travancore even when the value exceeds Rs. 5,000. The auction list should be carefully preserved for 5 years.

5. *Tender System.*—In the cases in which no special orders exist and in which the supply cannot be arranged under the auction system, tenders should be called for according to the rules given below:—

6. *Notice calling for tenders.*—At least three months before the articles are required, a notice calling for tenders for the supply should be posted in the office of the officer concerned, and where the value of the supply exceeds Rs. 500, should be published in the *Government Gazette* also in two successive issues. The notice should give a full description regarding quality, quantity, place and time of delivery etc., and should also state where samples can be seen by intending tenderers. Tenders should be required to be submitted in a particular form to be printed with the notice. In the case of departments requiring large supplies, fairly evenly distributed throughout the year, tenders for the annual supplies to be delivered in specified instalments at intervals may be called for. There is no objection, however, to accept tenders for shorter periods in such cases if the purchasing officer considers it necessary.

7. Copies of all notices calling for tenders should be sent by the officer calling for tenders to the leading firms in India dealing in the articles in question.

8. If the value of the supply exceed Rs. 2,500, the notice calling for tenders should also be published in three issues of a leading English or Vernacular newspaper published in the Travancore State. The paper should be selected by the purchasing officer with due regard to the nature of the tender. If the value of the supply exceed Rs. 5,000, the notice should, in addition, be published in three successive issues of a leading English newspaper in Madras and of a similar paper in Bombay and Calcutta.

NOTE. It is not necessary to publish lengthy and detailed notices in newspapers; it would be sufficient if short notices are published indicating the nature of the articles required and stating that detailed information would be found in a particular issue of the Gazette or could be obtained from the office concerned. Detailed notices should, however, be published in the Gazette and the spare copies kept in the office concerned for distribution.

9. *Acceptance of tenders.* In accepting tenders, other things being equal, producers, manufacturers and firms in the Travancore State should be given preference. Particular attention should also be paid to the fact that, in calling for and accepting tenders, the place of delivery of articles is an important factor. Delivery at the office at which the articles are required for use or for distribution should be required whereever possible and the rates compared on that basis. But if it is not possible or advantageous to insist on delivery at the office, then a the transit and the other incidental charges should be added to the respective rates to make the comparison fair to all tenderers.

In all cases of purchase exceeding Rs. 2,500 in value, the tenders received should be submitted to Government for sanction by the Head of the Department concerned, with a note embodying his own definite recommendations.

10. *File of tenders*—The file of tenders with the orders of the purchasing officer accepting a particular tender should be carefully preserved for 5 years for purposes of reference.

11. If no suitable tenders are received, the purchasing office may with the sanction of Government order the articles required from one of the firms dealing in the articles in question.

C. SPECIAL CASES.

12. *Direct purchase from recognised firms*—When there is risk of serious inconvenience or lose to the public service either by arranging the purchase through the auction system or by waiting to obtain articles by the tender system, an officer may make a direct purchase from any of the leading firms in India dealing in the articles required. The nature of the urgency which renders a deviation from the auction and tender systems should be explained to Government and their sanction obtained in such cases.

Articles required in connection with the tour of His Highness the Maharaja and the entertainment of State Guests may be purchased without auction and without calling for tenders.

13. When it is known that articles of the kind required cannot be had from any firm or agency in India, the tender need not be published in the Gazette. Copies of the tender should, however be sent by registered post to as many recognised firms as possible in Europe or America as deal in these articles.

GENERAL RULES.

14. *Purchases not exceeding Rs. 250/ in value*—The auction or tender system should invariably be adopted (except in the cases specified in rules 12 and 13 above) for all purchases exceeding Rs. 250 in value. Supplies of the value of Rs. 250/ or less may be obtained direct from any recognised firms dealing in those articles, without auction and without calling for tenders. Preference should however be given to Travancore firms, other things being equal.

15. *Petty purchases*—Petty purchases of Rs. 25/ or less are not regulated by these rules and may be made in any way at the discretion of the purchasing officer.

16. Officers making purchases are not allowed to split up a large purchase into several smaller ones for evading the rules relating to large purchases.

17. A certificate in the form noted below should be furnished by all disbursing officers on bills relating to purchase of stores exceeding Rs. 250/ in value:—

Certified that all commission wholesale, retail or special obtainable in respect of the purchases included in this bill has been recovered and that the amount of the commission in whatever manner received has been credited to Government in cash (Vide Chalan No. ——— by deduction from bill

18. *Account Officer's duties.*—The Account Officer in passing bills for purchases will see that these rules are observed, a reference to the notice in the Gazette and newspapers advertising the auction or calling for tenders being given by the drawer in the bill when necessary. In cases in which in the Account Officer's opinion, the rules have not been observed, he should refuse payment or hold the amount under objection until the sanction of Government is obtained by the purchasing officer.

By order,
K. GEORGE,
Financial Secretary to Government.

Huzur Cutcherry,
Trivandrum, 16th December 1921.

No. D. L. 775. NOTIFICATION.

Kuppan Nambyar Subramonian Nambyar and Kuppan Nambyar Bhoothalinga Nambyar of Bhoothapandy gramom, Thovala Taluk, have applied to this office for the issue of a fresh Bond in their favour in lieu of Debenture Bond No. C. 1896 for Rs. 100 of the Thovala Sub Treasury standing in the name of their late father Kuppan Nambyar, stating that the latter died on 14th Dhanu 1092 and that the applicants are the present heirs to the property in the Bond in question.

Any person having any objection to the issue of a fresh bond as applied for may communicate the same with reasons therefor personally or by registered Anchal to the undersigned, within two months of the date of publication of this Notification.

Huzur Cutcherry,
Trivandrum, 3rd December 1921.

K. GEORGE,
Financial Secretary to Government.

പരസ്യം.

നമ്പർ ഡി. എൽ. ൭൭൮.

തോവാള സബ്‌ട്രഷറി വക ൧൦൦ രൂപായ്ക്കുള്ള സി. ൧൪൬-ാം കടപ്പത്രക്കാരനായ തങ്ങളുടെ അപ്പൻ തോവാള താലൂക്കിൽ ഇറച്ചകുളം ഗ്രാമത്തിൽ കപ്പൻനമ്പ്യാർ ൧൦൯൨ ധനു ൧൪-ന് മരിച്ചുപോയി എന്നും അയാളുടെ ഈ പത്രത്തിന്മേലുള്ള ടി തുക ഇപ്പോഴത്തെ അവകാശികൾ തങ്ങളാകയാൽ ടി കടപ്പത്രത്തിനു പകരം ഒരു പുതിയ കടപ്പത്രം തങ്ങളുടെ പേർക്കു കിട്ടണമെന്നും, ടി ഗ്രാമത്തിൽ കപ്പൻനമ്പ്യാർ സുബ്രഹ്മണ്യൻനമ്പ്യാരും കപ്പൻനമ്പ്യാർ ലിംഗംനമ്പ്യാരും ഈ കച്ചേരിയിൽ ഹാജരാക്കി അപേക്ഷിച്ചിരിക്കുന്നു.

അപേക്ഷപ്രകാരം ഒരു പുതിയ കടപ്പത്രം കൊടുക്കുന്നതിൽ ആക്ഷേപമുള്ള വല്ലവരും ഈ പരസ്യം പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ രണ്ടു മാസത്തിനകം ആ ആക്ഷേപത്തെ കാരണസഹിതം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെ മുഖദാവിലോ രജിസ്റ്റർ അഞ്ചൽമൂലമോ ബോധിപ്പിക്കാവുന്നതാണ്.

ഹജൂർകച്ചേരി, തിരുവനന്തപുരം,
൧൯൧൮ ഡിസംബർ ൩൧-.

കെ. ജോർജ്,
ഗവർമെന്റ് ഫിനാൻഷ്യൽ സെക്രട്ടറി.

FORM V.

LIST OF CLAIMS AND OBJECTIONS

(*a*) The following persons have put in claims to be registered as electors (or to have the registry of their names corrected) on the roll for the constituency of

Polling area. (1)	Name of claimant. (2)	Address. (3)	Head of qualification. (4)

(*b*) The following objections have been received regarding entries in the roll for the constituency of

Polling area (1)	Name of objector and number on roll (2)	Name of person objected to and number on roll (3)

(*c*) The following corrections have been made by the Registration Officer of his own motion in the roll for the constituency of

Polling area. (1)	Number on roll. (2)	Nature of corrections. (3)

The above claims and objections will be heard and corrections finally considered by the Revising Authority on at

Registration Officer.

FORM VI.

NOMINATION PAPER

1. Name of candidate.
2. Fathers's or karnavan's name
3. Age.
4. Address.
5. Signature of proposer.
6. Signature of seconder.

CANDIDATE'S DECLARATION.

I declare that I am willing to stand for election and that I have appointed as my election agent.

Signature of candidate.

Signature of Registration Officer.

INSTRUCTION.

Nomination papers which are not received by the Returning Officer before the day of 192 shall be invalid.

FORM VII.

PRELIMINARY LIST OF NOMINATIONS

1. Serial number.
2. Name of candidate
3. Father's or karnavan's name.
4. Occupation and address
5. Name of proposer.
6. Name of seconder.

Note

The nomination papers will be taken up for scrutiny at A. M. / P. M.

on the day of at (place)

Returning Officer.

FORM VIII.

FINAL LIST OF VALID NOMINATIONS.

1. Serial number.
2. Name of candidate.
3. Address.

Note.

The poll will be taken between and at the polling station already notified.

Returning Officer.

FORM IX.

FORM OF FRONT OF BALLOT PAPER

Counterfoil — Onterfoil

Serial No

Chirayinkil (General) Constituency

Constituency-Chirayinkil (General)

Date of election

Number of elector.

Serial number. (1)	Name and description of candidate. (2)
1	
2	
3	
4	
5	
6	

Form of back of ballot paper.

Serial No.

FORM X

SIGNATURE SHEET No.

Number on electoral roll.	Name	Signature of voter or thumb impression if unable to sign or note by the Presiding Officer if the voter can neither sign nor affix his thumb impression.

FORM XI.

STATEMENT SENT BY PRESIDING OFFICER AT AFTER THE POLLING ON 192 , FOR THE CONSTITUENCY.

Description.	Number received.	Number used.	Number spoilt.	Balance.	Remarks.
1	2	3	4	5	6
I Ballot papers (a) ordinary...... (b) tendered...... II Envelopes... . ... III Signature slips...					

Particulars of packets sent to the Returning Officer

Signature of Presiding Officer.

FORM XII

Name of polling station. (1)	Number of ballot box or packet. (2)	Number of ballot papers in box or packet. (3)
Total		

Returning Officer.

FORM XIII

RETURN SHOWING RESULTS OF THE ELECTION FOR SEATS FOR CONSTITUENCY.

Name of candidate. (1)	Number of valid votes. (2)
A B C D E F	
Total number of valid votes......... Total number of invalid votes.........	

I do hereby declare that the following candidates

A

B

C

have been duly elected

Returning Officer.

FORM XIV.

FORM OF ELECTORAL ROLL.

Serial Number.	Name of individual or firm.	Father's name in the case of individuals.	Address in fule.
(1)	(2)	(3)	(4)

FORM XV.

NOMINATION PAPER.

1. Name of candidate.
2. Father's name.
3. Age.
4. Address and occupation.
5. Signature of proposer and number on electoral roll.
6. Signature of seconder and number on electoral roll

CANDIDATE'S DECLARATION.

I declare that I am willing to stand for election and that I have appointed as my election agent.

Signature of candidate,
Signature of Registration Officer.

INSTRUCTION.

Nomination papers which are not received by the Returning Officer before the day of 192 shall be invalid.

FORM XVI.

DECLARATION PAPER.

constituency. Election

Serial No.

Electors' name and number on the roll

ELECTOR'S DECLARATION.

I (name in full and designation) declare that I am an elector for this constituency and have signed no other voting paper at this election for this constituency.

Signature (of elector)
Address.

ATTESTATION.

I declare that the above signature was affixed in my presence by who is personally known to me (or who has been identified to my satisfaction).

Date Signature
Station
Designation and address.

FORM XVII.

BALLOT PAPER FORM.

Voting paper

constituency. Election.

Names of candidates.

FORM XVIII.

FORM OF FACE OF ENVELOPE.

Legislative Council election.

Constituency.... ....
Poll on......, ...
To

The Returning Officer,

.... constituency,
....(station and address.)

No.

FORM XIX.

FORM OF LETTER OF INTIMATION.

.........................constituency

Sir,

The persons whose names are printed on the voting paper sent herewith have been nominated as candidates for the Legislative Council. Should you desire to vote at this election, I have to request that you will—

(a) first sign the declaration paper in the presence of a Magistrate and obtain his attestation as indicated on the form;*

(b) then mark your vote in the column provided for the purpose in the voting paper;

(c) enclose the voting paper in the smaller envelope; and

(d) put the smaller envelope and the declaration paper in the envelope addressed to me and return it to me by registered Anchal or post so as to reach me not later than A. M./P. M. on the day of 192 .

Signed,

Station

Dated

Returning Officer.

*NOTE.—If you reside more than five miles from the Court of the nearest Magistrate you may have your declaration attested by any witness who knows you personally.

FORM XX.

FORM SHOWING THE RESULTS OF THE POLLING.

Name of candidate.	Number of votes recorded in his favour.
Total Number of valid votes......... Total Number of invalid votes.........	

I declare that has been duly elected.

Signature

Returning Officer.

FORM XXI.

Total number of electors on roll.	Number of ballot papers issued originally.	Number issued in place of ballot papers reported as not received, spoilt or lost.	Number of ballot papers received.	Number of declaration papers and connected voting papers rejected.	Number of voting papers rejected at the count.	Number of voting papers counted.	Number of declaration papers filed separately.	Remarks.
1	2	3	4	5	6	7	8	9

Returning Officer.

Huzur.

പരസ്യം.

ഡിസ്, നമ്പർ ൩൯൬/൨൧ ലജിസ്ലേറ്റീവ്.

൧൧൦൭-ലെ ൨-ാം റെഗുലേഷൻ ൭-ാം വകുപ്പിനാൽ നൽകപ്പെട്ട അധികാരമനുസരിച്ചു ഗവർമെന്റു താഴെ ചേർത്തിരിക്കുന്ന ചട്ടങ്ങൾ ഉണ്ടാക്കിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം,
എൻ. രാജാരാമരായരു,
ഗവർമെന്റു ചീഫ് സെക്രട്ടറി.

ഹജൂർകച്ചേരി, തിരുവനന്തപുരം,
൧൯൩൨ ഡിസംബർ ൨൬-ാംനു.

തിരുവിതാംകോട്ടു നിയമസഭയിലേക്കു സാമാജികന്മാരെ തിരഞ്ഞെടുക്കുകയും, നിയമിക്കുകയും ചെയ്യുന്നതിനും, തിരഞ്ഞെടുപ്പുകാരുടെയും സാമാജികന്മാരുടെയും യോഗ്യതയ്ക്കും, നിയോജകമണ്ഡലത്തിന്റെ സംഘടനയ്ക്കും, തിരഞ്ഞെടുപ്പുകളുടെ സാധുതയെപ്പറ്റിയുള്ള സംശയങ്ങളും തർക്കങ്ങളും അവസാനമായി തീരുമാനിക്കുന്ന വകയ്ക്കു, ൧൧൦൭-ലെ ൨-ാം റെഗുലേഷനായ തിരുവിതാംകോട്ടു നിയമസഭാ റെഗുലേഷൻ ൭-ാം വകുപ്പിൻപ്രകാരമുള്ള ചട്ടങ്ങൾ.

൧൧൦൭-ലെ ൨-ാം റെഗുലേഷൻ ൭-ാം വകുപ്പിനാൽ നൽകപ്പെട്ട അധികാരമനുസരിച്ചു ഗവർമെന്റു താഴെ ചേർത്തിരിക്കുന്ന ചട്ടങ്ങൾ ഉണ്ടാക്കിയിരിക്കുന്നു.

ചുരുക്കപ്പേരും ആരംഭവും.

൧. (എ) ഈ ചട്ടങ്ങളെ തിരുവിതാംകോട്ടു നിയമസഭാ തിരഞ്ഞെടുപ്പു ചട്ടങ്ങൾ എന്നു പറയാവുന്നതാണ്.

(ബി) അവ ഉടൻതന്നെ നടപ്പിൽ വരുന്നതാണ്.

അർത്ഥവിവരണങ്ങൾ.

൨. ഈ ചട്ടങ്ങളിൽ വിഷയത്തിനോ സന്ദർഭത്തിനോ വിപരീതമായി എന്തെങ്കിലുമില്ലാത്തപക്ഷം—

(എ) 'റെഗുലേഷൻ' എന്നാൽ ൧൧൦൭-ലെ ൨-ാം നമ്പരായ തിരുവിതാംകോട്ടു നിയമസഭാ റെഗുലേഷൻ എന്നർത്ഥമാകുന്നു.

(ബി) 'കമ്മിഷണർമാർ' എന്നാൽ ഈ ചട്ടങ്ങൾപ്രകാരം തിരഞ്ഞെടുപ്പു വിചാരണനടത്തുന്ന വകയ്ക്കു നിയമിക്കപ്പെട്ട കമ്മിഷണർമാർ എന്നർത്ഥമാകുന്നു.

(സി) 'അഴിമതി' എന്നാൽ ൫-ാംപട്ടികയിലെ വ്യവസ്ഥകൾപ്രകാരം ഒരു അഴിമതിയായി ഗണിക്കപ്പെടുന്ന ഏതെങ്കിലുംപ്രവൃത്തി എന്നർത്ഥമാകുന്നു.

(ഡി) 'തിരഞ്ഞെടുപ്പു ഏജന്റു' എന്നാൽ ഒരു തിരഞ്ഞെടുപ്പുവകയ്ക്കു ഒരു അപേക്ഷകൻ തന്റെ ഏജന്റായി ഈ ചട്ടങ്ങൾപ്രകാരം നിയമിക്കുന്നയാൾ എന്നർത്ഥമാകുന്നു.

(ഇ) 'ഗസററു' എന്നാൽ തിരുവിതാംകോട്ടു ഗവർമെന്റു ഗസററു എന്നർത്ഥമാകുന്നു.

(എഫ്) 'പട്ടിക' എന്നാൽ ഈ ചട്ടങ്ങൾപ്രകാരമുള്ള ഒരു പട്ടിക എന്നർത്ഥമാകുന്നു.

൧-ാം ഭാഗം.

സഭയുടെയും നിയോജകമണ്ഡലങ്ങളുടെയും സംഘടന.

നിയമസഭയുടെ ഘടന.

൩. നിയമസഭയിൽ—

(൧) തിരഞ്ഞെടുക്കപ്പെട്ടവരായി ഇരുപത്തിഎട്ടു സാമാജികന്മാരും;

(൨) (എ) പതിനഞ്ചു ഉദ്യോഗസ്ഥന്മാരും,

(ബി) ഏഴു അനുദ്യോഗസ്ഥന്മാരും,

ഇങ്ങനെ നിയമിക്കപ്പെട്ടവരായി ഇരുപത്തിരണ്ടു സാമാജികന്മാരും,

ഉണ്ടായിരിക്കുന്നതാണ്.

നിയോജകമണ്ഡലങ്ങൾ.

൪. (൧) തിരഞ്ഞെടുപ്പുസാമാജികന്മാരെ ൧-ാംപട്ടികയിൽ വിവരിച്ചിട്ടുള്ള നിയോജകമണ്ഡലങ്ങൾ തിരഞ്ഞെടുക്കേണ്ടതും ഓരോ നിയോജകമണ്ഡലവും തിരഞ്ഞെടുക്കേണ്ട സാമാജികന്മാരുടെ എണ്ണം അതാതു നിയോജകമണ്ഡലത്തിന്റെ എതിരായി പറഞ്ഞിട്ടുള്ളിടത്തോളം ആയിരിക്കേണ്ടതും ആകുന്നു.

(൨) ൧-ാംപട്ടികയിൽ പറഞ്ഞിട്ടുള്ള നിയോജകമണ്ഡലങ്ങളിലേക്കുള്ള സാമാജികന്മാരുടെ തിരഞ്ഞെടുപ്പു ൩-ാം പട്ടികയിൽ അതിനു നിശ്ചയിച്ചിട്ടുള്ള നടപടിപ്രകാരം തിരഞ്ഞെടുപ്പുസംഘങ്ങൾ നടത്തേണ്ടതാകുന്നു.

൨-ാംഭാഗം.

തിരഞ്ഞെടുക്കപ്പെടുന്ന സാമാജികന്മാരുടെ യോഗ്യതകൾ.

തിരഞ്ഞെടുക്കപ്പെടുന്നതിനു സാമാന്യമായുള്ള അയോഗ്യതകൾ.

൫. (൧) ഒരാൾ—

(എ) ഒരു ഉദ്യോഗസ്ഥനായിരിക്കുകയോ;

(ബി) മൂകനോ കുഷ്ഠരോഗിയോ ആയിരിക്കുകയോ;

(സി) ഇരുപത്തിരണ്ടുവയസ്സിൽ കുറവായിരിക്കുകയോ;

(ഡി) അസ്വാസ്ഥ്യബുദ്ധിയെന്നു അധികാരമുള്ള കോടതിയാൽ തീരുമാനിക്കപ്പെട്ടുകയോ;

(ഇ) വിട്ടയക്കപ്പെടാത്ത ഒരു നിർദ്ധനനായിരിക്കുകയോ;

(എഫ്) വിട്ടയക്കപ്പെട്ട ഒരു നിർദ്ധനനായിരിക്കുകയും എന്നാൽ തന്റെ നിർദ്ധനത്വത്തിനു കാരണം തന്റെ ദുർന്നടത്തയല്ലെന്നു ഒരു കോടതിയിൽനിന്നു സർട്ടിഫിക്കേറ്റു ലഭിക്കാതിരിക്കുകയും ചെയ്യുകയോ,

(ജി) ഒരു വക്കീലായിരുന്നിട്ടു, സ്ഥിരമായിട്ടോ നിശ്ചയിക്കപ്പെട്ട ഒരു കാലത്തേക്കോ ഒരു വക്കീലായി വ്യവഹരിപ്പാൻ പാടില്ലെന്നു മതിയായ അധികാരസ്ഥനാൽ വിരോധിക്കപ്പെട്ടിരിക്കുകയോ;

(എച്ച്) ഗവൺമെൻറ ജീവനത്തിൽ നിന്ന നീക്കപ്പെടുകയോ തൻെറമേൽ എന്തെങ്കിലും കുററം സ്ഥാപിക്കപ്പെടുകയോ ഒരു ക്രിമിനൽ കോടതിയിൽനിന്ന എന്തെങ്കിലും ഉത്തരവു ചുമത്തപ്പെടുകയോ ചെയ്യും അങ്ങനെയുള്ള ഉദ്യോഗനീക്കമൊ, കുററമൊ, ഉത്തരവൊ, ഗവൺമെൻറിൻെറ അഭിപ്രായത്തിൽ നിയമസഭയിലെ ഒരു സാമാജികനായിരിക്കുന്നതിന അയാളെ അയോഗ്യനാക്കിത്തീക്കുന്ന വൃത്തിദോഷത്തെ സൂചിപ്പിക്കുന്നതായിരിക്കുകയും ചെയ്കയൊ;

(ഐ) അയാളുടെ തിരഞ്ഞെടുപ്പു പൊതുജനക്ഷേമത്തിന വിരോധമായിരിക്കുമെന്ന ഗവൺമെൻറിന്റെ അഭിപ്രായം തോന്നത്തക്കവിധത്തിലാണ അയാളുടെ കേഴ്‌വിയും പൂർവ്വവൃത്തവും എന്ന ഗവൺമെൻറിൽനിന്ന പ്രസ്താവിച്ചിരിക്കുകയൊ;

ചെയ്താൽ അയാഠം സഭയിലെ ഒരു സാമാജികനായി തിരഞ്ഞെടുക്കപ്പെടാൻ യോഗ്യനായിരിക്കുന്നതല്ല.

എന്നാൽ (ജി)-യും (എച്ച്)-ഉം (ഐ)-ഉം ഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള അയോഗ്യതകളെ ഗവൺമെൻറിൻെറ ഇക്കാൎയ്യത്തിലേക്കായുള്ള ഒരു പ്രത്യേക ഉത്തരവുമൂലം പരിഹരിക്കാവുന്നതാകുന്നു.

(൨) തിരുവിതാംകോട്ട ശിക്ഷാനിയമം ൯-എ അദ്ധ്യായപ്രകാരമൊ ബ്രിട്ടീഷ് ഇൻഡ്യൻ ശിക്ഷാനിയമം ൯-എ അദ്ധ്യായപ്രകാരമൊ തടവുകൊണ്ടു ശിക്ഷിക്കാവുന്ന ഒരു കുററം വല്ല ആളുടെയും മേൽ സ്ഥാപിതമായിരിക്കുകയൊ റെഗുലേഷൻപ്രകാരം സംഘടിപ്പിക്കപ്പെട്ട സഭയിലേക്കു തിരഞ്ഞെടുക്കുന്നതു സംബന്ധിച്ചു തൽക്കാലം നടപ്പിലിരിക്കുന്ന ഏതെങ്കിലും ചട്ടങ്ങഠംപ്രകാരം നിയമിക്കപ്പെട്ട കമ്മീഷണർമാരാൽ ൮-ാം പട്ടികയിലെ ൧-ാംഭാഗത്തിലൊ ൨-ാംഭാഗത്തിൽ ഒന്നൊ രണ്ടൊ മൂന്നൊ ഖണ്ഡികകളിലൊ വിവരിച്ചിരിക്കുന്നപ്രകാരമുള്ള ഒരു അഴിമതി ചെയ്തവനായി റിപ്പോൎട്ടുചെയ്യപ്പെട്ടിരിക്കുകയൊ ചെയ്യുന്ന ആഠം, കാൎയ്യത്തിൻെറ അവസ്ഥപോലെ, അങ്ങനെ കുററസ്ഥാപനമാവുകയൊ കമ്മീഷണർമാർ തീരുമാനിക്കുകയൊ ചെയ്യുന്ന തീയതിമുതൽ അഞ്ചുകൊല്ലത്തേക്കു തിരഞ്ഞെടുക്കപ്പെടാൻ യോഗ്യനായിരിക്കുന്നതല്ല; മറെറന്തെങ്കിലും അഴിമതി ചെയ്തതായി അങ്ങിനെയുള്ള കമ്മീഷണർമാരാൽ റിപ്പോൎട്ടുചെയ്യപ്പെടുന്ന ഒരാഠം ആ തീയതിമുതൽ മൂന്നു കൊല്ലത്തേക്കു മേൽപ്രകാരം അയോഗ്യനായിരിക്കയുംചെയ്യും.

(൩) റെഗുലേഷൻപ്രകാരം സംഘടിപ്പിക്കപ്പെട്ട സഭയിലേക്കുള്ള ഒരു തിരഞ്ഞെടുപ്പിൽ ഒരാഠം അപേക്ഷകനൊ തിരഞ്ഞെടുപ്പുഏജൻറൊ ആയിരിക്കുകയും തിരഞ്ഞെടുപ്പു ചിലവുകളുടെ ഏതെങ്കിലും നിശ്ചയിക്കപ്പെട്ട കണക്കയപ്പാൻ വീഴ്ചവരുത്തുകയൊ അല്ലെങ്കിൽ അയച്ചിട്ടുള്ള കണക്ക സാരമായ വല്ല സംഗതികളിലും കളവാണെന്നു തിരഞ്ഞെടുപ്പിനെപ്പററി വിചാരണനടത്തുന്ന കമ്മീഷണർമാരൊ ഒരു ജുഡിഷ്യൽ നടപടിയിൽ ഒരു മജിസ്ത്രേട്ടൊ തീരുമാനിക്കുകയും ചെയ്യപ്പെട്ടിട്ടുള്ള ആഠം ആ തിരഞ്ഞെടുപ്പു തീയതിമുതൽ അഞ്ചുകൊല്ലത്തേക്കു തിരഞ്ഞെടുക്കപ്പെടാൻ യോഗ്യനായിരിക്കുന്നതല്ല.

എന്നാൽ ഈ ചട്ടത്തിൽ രണ്ടാം ഉപചട്ടത്തിലൊ മൂന്നാം ഉപചട്ടത്തിലൊ പറഞ്ഞിട്ടുള്ള അയോഗ്യത ഇക്കാൎയ്യത്തിലേക്കായുള്ള ഒരു ഗവൺമെൻറുത്തരവുമൂലം പരിഹരിക്കാവുന്നതാകുന്നു.

ചില നിയോജകമണ്ഡലങ്ങളുടെ സംഗതിയിൽ തിരഞ്ഞെടുപ്പിനുള്ള വിശേഷാൽ യോഗ്യതകഠം.

തിരഞ്ഞെടുപ്പിനുള്ള വിശേഷാൽ യോഗ്യതകഠം.

൬. (൧) (എ) തൻെറപേരു താൻ പ്രാതിനിധ്യം വഹിക്കാൻപോകുന്ന നിയോജകമണ്ഡലത്തിലെയൊ തിരുവിതാംകോട്ട മററുവല്ല സാമാന്യനിയോജകമണ്ഡലത്തിലെയൊ തിരഞ്ഞെടുപ്പു രജിസ്റ്ററിൽ കൊള്ളിച്ചിട്ടുണ്ടെങ്കിലല്ലാതെ ഒരു സാമാന്യനിയോജകമണ്ഡലത്തിൻെറ പ്രാതിനിധ്യം വഹിക്കുന്നവകയ്ക്കു സഭയിലെ ഒരു സാമാജികനായി തിരഞ്ഞെടുക്കപ്പെടാൻ യാതൊരാളും യോഗ്യനായിരിക്കുന്നതല്ല.

(ബി) ഒരു പ്രത്യേക നിയോജകമണ്ഡലത്തിൻെറ പ്രാതിനിധ്യം വഹിക്കുന്നവകയ്ക്കു സഭയിലെ ഒരു സാമാജികനായി തിരഞ്ഞെടുക്കപ്പെടുന്നതിന തൻെറപേരു ആ നിയോജകമണ്ഡലത്തിൻെറ തിരഞ്ഞെടുപ്പു രജിസ്റ്ററിൽ കൊള്ളിച്ചിരുന്നാൽ അല്ലാതെ യാതൊരാഠംക്കും യോഗ്യത ഉണ്ടായിരിക്കുന്നതല്ലാ.

(൨) ഈ ചട്ടങ്ങളുടെ കാൎയ്യങ്ങഠംക്കു—

(എ) 'പ്രത്യേക നിയോജകമണ്ഡലം' എന്നാൽ ജന്മിമാരുടെയൊ ഏടവകക്കാരുടെയൊ തോട്ടക്കാരുടെയൊ വാണിജ്യവ്യവസായങ്ങളുടെയൊ നിയോജകമണ്ഡലമെന്നൎത്ഥമാകുന്നു.

(ബി) 'സാമാന്യനിയോജകമണ്ഡലം' എന്നാൽ ഒരു പ്രത്യേക നിയോജകമണ്ഡലമല്ലാതെ മററതെങ്കിലും നിയോജകമണ്ഡലമെന്നൎത്ഥമാകുന്നു.

൩-ാം ഭാഗം.

തിരഞ്ഞെടുപ്പു രജിസ്റ്റർ.

രജിസ്റ്റർചെയ്യുന്നതിനുള്ള സാമാന്യനിബന്ധനകളും അയോഗ്യതകളും

൭. (൧) ഒരു നിയോജകമണ്ഡലത്തിലെ ഒരു തിരഞ്ഞെടുപ്പുകാരനു നിശ്ചയിച്ചിട്ടുള്ള യോഗ്യതകഠം ഉണ്ടായിരിക്കുകയും താഴെപ്പറയുന്ന അയോഗ്യതകളിൽ യാതൊന്നും ഇല്ലാതിരിക്കുകയും ചെയ്യുന്ന യാതൊരാഠംക്കും ആ നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പുരജിസ്റ്ററിൽ തൻെറ പേരു ചേൎക്കുന്നതിന അവകാശമുള്ളതാകുന്നു—

അയോഗ്യതകഠം ഏതെല്ലാമെന്നാൽ,—

(എ) അസ്വസ്ഥബുദ്ധിയാണെന്ന അധികാരമുള്ള കോടതിയാൽ തീരുമാനിക്കപ്പെട്ടിരിക്കുക.

(ബി) ഇരുപത്തിഒന്നുവയസ്സിൽ കുറവായിരിക്കുക.

എന്നാൽ ഒന്നിലധികം സാമാന്യനിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പുരജിസ്റ്ററിൽ തൻെറ പേരു ചേൎക്കുന്നതിന യാതൊരാഠംക്കും അവകാശമുണ്ടായിരിക്കുന്നതല്ല.

(൨) തിരുവിതാംകോട്ട ശിക്ഷാനിയമം ൯-എ. അദ്ധ്യായപ്രകാരമൊ ബ്രിട്ടീഷ് ഇൻഡ്യൻ ശിക്ഷാനിയമം ൯-എ. അദ്ധ്യായപ്രകാരമൊ തടവുകൊണ്ടു ശിക്ഷിക്കാവുന്ന ഒരു കുററം വല്ല ആളുടെയും മേൽ

സ്ഥാപിതമായിരിക്കുകയോ റഗുലേഷൻപ്രകാരം സംഘടിപ്പിക്കപ്പെട്ട സഭയിലേക്കു തിരഞ്ഞെടുക്കുന്നതു സംബന്ധിച്ച തൽക്കാലം നടപ്പിലിരിക്കുന്ന വല്ല ചട്ടങ്ങൾ പ്രകാരവും നിയമിക്കപ്പെട്ട കമ്മീഷണർമാരാൽ ൪-ാം പട്ടികയിലെ ഒന്നാം ഭാഗത്തിലൊ രണ്ടാംഭാഗത്തിൽ ഒന്നോ രണ്ടോ മൂന്നോ ഖണ്ഡികകളിലൊ വിവരിച്ചിരിക്കുന്ന പ്രകാരമുള്ള ഒരു അഴിമതി ചെയ്തവനായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുകയോ ചെയ്യുന്ന ഒരാളിന്റെ പേർ തിരഞ്ഞെടുപ്പു രജിസ്റ്ററിൽ ചേർക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിനെ നീക്കംചെയ്യേണ്ടതും, കാര്യത്തിന്റെ അവസ്ഥപോലെ കുററസ്ഥാപനത്തിന്റെയോ റിപ്പോർട്ടിന്റെയോ തീയതിമുതൽ അഞ്ചുകൊല്ലത്തേയ്ക്കു രജിസ്റ്ററിൽ കൊള്ളിച്ചുകൂടാത്തതും, തിരഞ്ഞെടുപ്പു രജിസ്റ്ററിൽ ചേർത്തിട്ടില്ലാത്തപക്ഷം അതുപോലുള്ള ഒരു കാലത്തേക്കു അപ്രകാരം രജിസ്റ്റർ ചെയ്തുകൂടാത്തതും; ഏതെങ്കിലും ആൾ മററുവല്ല അഴിമതിയും ചെയ്തിട്ടുള്ളതായി അപ്രകാരമുള്ള കമ്മീഷണർമാർ റിപ്പോർട്ടുചെയ്യുന്നതായാൽ അയാളുടെ പേരു തിരഞ്ഞെടുപ്പു രജിസ്റ്ററിൽ ഉള്ളപക്ഷം അതിൽനിന്നു നീക്കേണ്ടതും റിപ്പോർട്ടിന്റെ തീയതിമുതൽ മൂന്നു കൊല്ലത്തേയ്ക്കു രജിസ്റ്ററിൽ കൊള്ളിച്ചുകൂടാത്തതും തിരഞ്ഞെടുപ്പുരജിസ്റ്ററിൽ ഇല്ലാത്തപക്ഷം അതുപോലുള്ള ഒരു കാലത്തേയ്ക്കു രജിസ്റ്റർ ചെയ്തുകൂടാത്തതും ആകുന്നു.

എന്നാൽ ഈ ഉപചട്ടം സംബന്ധിക്കുന്ന ഏതെങ്കിലും ആളിന്റെ പേർ തിരഞ്ഞെടുപ്പു രജിസ്റ്ററിൽ ചേർക്കണമെന്നു ഗവൺമെൻറു ആജ്ഞാപിക്കാവുന്നതാകുന്നു.

തിരഞ്ഞെടുപ്പുകാരുടെ യോഗ്യതകൾ.

൮. ഒരു സാമാന്യ നിയോജകമണ്ഡലത്തിലേയോ പ്രത്യേക നിയോജകമണ്ഡലത്തിലേയോ തിരഞ്ഞെടുപ്പുകാരനായിരിക്കുന്നതിനുള്ള യോഗ്യതകൾ രണ്ടാം പട്ടികയിൽ ആ നിയോജക മണ്ഡലത്തിന്റെ സംഗതിയിൽ വിവരിച്ചിട്ടുള്ളവയായിരിക്കുന്നതാണു.

തിരഞ്ഞെടുപ്പു രജിസ്റ്റർ.

൯. (൧) ഓരോ നിയോജകമണ്ഡലത്തിലേക്കും ഓരോ തിരഞ്ഞെടുപ്പുരജിസ്റ്റർ തയാറാക്കേണ്ടതും ആ നിയോജകമണ്ഡലത്തിൽ തിരഞ്ഞെടുപ്പുകാരനായി രജിസ്റ്റർ ചെയ്യാൻ പ്രഥമദൃഷ്ട്യാ അർഹന്മാരായ ആളുകളുടെ പേരുകൾ എല്ലാം അതിൽ കൊള്ളിക്കേണ്ടതും ആകുന്നു. രജിസ്റ്ററിൽ തന്റെ പേരു കൊള്ളിച്ചിട്ടില്ലാതിരിക്കുകയും തന്റെ പേരു അതിൽകൊള്ളിക്കണമെന്നു അവകാശപ്പെടുകയും ചെയ്യുന്ന വല്ല ആളാകട്ടെ, തന്റെ പേർ രജിസ്റ്ററിൽ കൊള്ളിച്ചിരിക്കുകയും തന്റെ പേരോ രജിസ്റ്ററിൽ ചേർത്തിട്ടുള്ള മററു വല്ല ആളുടേയും പേരോ അങ്ങനെ ചേർക്കാൻ പാടില്ലെന്നു ആക്ഷേപിക്കുകയും ചെയ്യുന്ന വല്ല ആളാകട്ടെ, പരിശോധനാധികാരിമുമ്പാകെ ഇന്ന രീതിയിലും ഇന്ന സമയത്തിനകവും അവകാശമൊ ആക്ഷേപമൊ ബോധിപ്പിക്കാവുന്നതാണെന്നു വിവരിക്കുന്നതായ ഒരു നോട്ടീസ്സുസഹിതം തിരഞ്ഞെടുപ്പു രജിസ്റ്റർ ഗസെററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

(൨) പരിശോധനാധികാരി ചെയ്യുന്ന ഉത്തരവു അവസാനമായിരിക്കുന്നതും അതനുസരിച്ചു തിരഞ്ഞെടുപ്പുരജിസ്റ്റർ ഭേദപ്പെടുത്തേണ്ടതും ഗവൺമെൻറു നിശ്ചയിക്കാവുന്ന വിധത്തിൽ വീണ്ടും പ്രസിദ്ധപ്പെടുത്തേണ്ടതും ആകുന്നു.

(൩) അങ്ങനെ വീണ്ടും പ്രസിദ്ധപ്പെടുത്തുന്ന തീയതിമുതൽ തിരഞ്ഞെടുപ്പുരജിസ്റ്റർ നടപ്പിൽ വരുന്നതും മൂന്നുകൊല്ലത്തേയ്ക്കോ ഗവൺമെൻറു നിശ്ചയിക്കാവുന്ന അതിൽ കുറഞ്ഞ കാലത്തേയ്ക്കോ ഉൗർജ്ജിതത്തിൽ ഇരിക്കുന്നതും അങ്ങനെയുള്ള കാലാവധിക്കുശേഷം ഈ ചട്ടങ്ങൾപ്രകാരം ഒരു പുതിയ രജിസ്റ്റർ തയാറാക്കേണ്ടതും ആകുന്നു.

(൪) ഒരു തിരഞ്ഞെടുപ്പുരജിസ്റ്ററിന്റെ പുതിയ പ്രാബല്യം നിന്നുപോയതിനുശേഷവും തിരഞ്ഞെടുപ്പു രജിസ്റ്റർ പൂർത്തിയാക്കുന്നതിനു മുമ്പായും ഒരു സാമാജികനേയോ സാമാജികന്മാരെയോ തിരഞ്ഞെടുക്കാൻ ഒരു നിയോജകമണ്ഡലത്തോടു ആവശ്യപ്പെടുന്നപക്ഷം ആ തിരഞ്ഞെടുപ്പുകാര്യത്തിനു ആ പഴയ തിരഞ്ഞെടുപ്പു രജിസ്റ്റർ ആ നിയോജകമണ്ഡലത്തിന്റെ തിരഞ്ഞെടുപ്പു രജിസ്റ്ററായിരിക്കുന്നതാണു.

സമ്മതിദാനാവകാശം.

൧൦. ഏതെങ്കിലും നിയോജകമണ്ഡലത്തിലേക്കു തൽക്കാലം ഉൗർജ്ജിതത്തിൽ ഇരിക്കുന്ന തിരഞ്ഞെടുപ്പു രജിസ്റ്ററിൽ പേരുകൊണ്ടിട്ടുള്ള ഓരോ ആൾക്കും അങ്ങനെ രജിസ്റ്ററിൽ ചേർക്കപ്പെട്ടിരിക്കുന്ന കാലത്തു ആ നിയോജകമണ്ഡലത്തിലേക്കു ഒരു സാമാജികനെ തിരഞ്ഞെടുക്കുന്നതിൽ സമ്മതിദാനാവകാശം ഉണ്ടായിരിക്കുന്നതാണു. എന്നാൽ യാതൊരാളും ഒന്നിലധികം സാമാന്യ നിയോജകമണ്ഡലത്തിൽ സമ്മതിദാനം ചെയ്തുകൂടുന്നതല്ലാ.

൪-ാം ഭാഗം.

തിരഞ്ഞെടുപ്പുകൾ.

അപേക്ഷകന്മാരെ നിയമിക്കൽ.

൧൧. (൧) ഈ ചട്ടങ്ങൾപ്രകാരം ഏതെങ്കിലും നിയോജകമണ്ഡലത്തിൽ തിരഞ്ഞെടുക്കപ്പെടാൻ യോഗ്യതയുള്ള ഏതെങ്കിലും അപേക്ഷകനെ അപ്രകാരം ഒരപേക്ഷകനായി നിയമിക്കാവുന്നതാണു.

(൨) ഒരപേക്ഷകനെ നിയമിക്കുന്ന തീയതിയൊ അതിനു മുമ്പോതന്നെയാകട്ടെ ഈ ചട്ടങ്ങൾപ്രകാരം ആ ജോലിക്കു അയോഗ്യനല്ലാത്ത മററുവല്ലവരേയാകട്ടെ, തന്റെ തിരഞ്ഞെടുപ്പു ഏജൻറായി നിയമിക്കുന്ന ഒരു സത്യവാങ്മൂലം അപേക്ഷകൻ എഴുതി ഒപ്പിടേണ്ടതാകുന്നു. ഇങ്ങനെ ഒരു സത്യവാങ്മൂലം എഴുതി ഒപ്പിട്ടതിനു മേലല്ലാതെ യാതൊരപേക്ഷകനേയും യഥാക്രമം നിയമിക്കപ്പെട്ടതായി വിചാരിക്കുന്നതല്ല.

(൩) തന്റെ അപേക്ഷയെ പിൻവലിച്ച യാതൊരപേക്ഷകനേയും ആ പിൻവലിപ്പിനെ റദ്ദുചെയ്യുന്നതിനോ അതേ തിരഞ്ഞെടുപ്പിൽതന്നെ ഒരപേക്ഷകനായി വീണ്ടും നിയമിക്കപ്പെടുന്നതിനോ അനുവദിക്കുന്നതല്ല.

൧൨. (൧) യഥാക്രമം നിയമിക്കപ്പെട്ട ഒരപേക്ഷകൻ മാത്രമേ ഉള്ളു എങ്കിൽ ആ അപേക്ഷകൻ

തിരഞ്ഞെടുപ്പിന്റെ നടപടി.

തിരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി ഉടനെ പ്രസ്താപിക്കാവുന്നതാണു. യഥാക്രമം നിയമിക്കപ്പെട്ടവരും അക്കാര്യത്തിലേക്കായി ഗവൺമെന്റു വ്യവസ്ഥചെയ്തിട്ടുള്ള സമയത്തിനകം അപേക്ഷകൾ പിൻവലിക്കാത്തവരും ആയി ഒന്നിലധികം പേരുണ്ടെങ്കിൽ വോട്ടുകൾ എടുക്കേണ്ടതാണു. പിൻവലിച്ചതിനു ശേഷം ഒരപേക്ഷകൻ മാത്രമെ ഉള്ളു എങ്കിൽ ആ അപേക്ഷകൻ തിരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി ഉടനെ പ്രസ്താപിക്കാവുന്നതാണു.

(൨) ബാലട്ടുപ്രകാരവും അവരവർതന്നേയും സമ്മതിദാനം ചെയ്യേണ്ടതാണു. പ്രതിനിധി മുഖാന്തരമുള്ള സമ്മതിദാനം സ്വീകരിക്കുന്നതല്ല.

(൩) വരണാധികാരിതന്നേയൊ അദ്ദേഹത്തിന്റെ മേൽനോട്ടത്തിലൊ സമ്മതികൾ എണ്ണപ്പെടേണ്ടതും എണ്ണുന്നസമയത്തു ഏതെങ്കിലും അപേക്ഷകനാകട്ടെ, അപേക്ഷകൻ ഹാജരില്ലാതിരുന്നാൽ അയാൾ എഴുത്തുമൂലം അധികാരപ്പെടുത്തിയിട്ടുള്ള അയാളുടെ ഒരു പ്രതിനിധിയാകട്ടെ ഹാജരായിരിക്കാൻ അവകാശമുള്ളതുമാകുന്നു.

(൪) സമ്മതികൾ എണ്ണിത്തിട്ടപ്പെടുത്തിയതിന്റെശേഷം, കൂടുതൽ സമ്മതികൾ കിട്ടിയിട്ടുള്ള അപേക്ഷകൻ തിരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി ഉടൻതന്നെ പ്രഖ്യാപിക്കേണ്ടതാണു.

(൫) രണ്ടു അപേക്ഷകന്മാർക്ക ഒന്നുപോലെ സമ്മതികൾ ലഭിക്കയും ഒരു സമ്മതികൂടി ലഭിക്കുന്ന അപേക്ഷകനെ തിരഞ്ഞെടുത്തതായി പ്രസ്താപിക്കാമെന്നിരിക്കയും ചെയ്യുമ്പോൾ ഈ കൂടുതൽ സമ്മതി ഇന്ന അപേക്ഷകനു ലഭിച്ചു എന്നു തീർച്ചപ്പെടുത്തുന്നതു വരണാധികാരിയുടെ മുമ്പാകെവച്ചും അദ്ദേഹം നിശ്ചയിക്കുന്ന രീതിയിലും നറുക്കിട്ടെടുത്തു വേണ്ടതാകുന്നു.

(൬) തിരഞ്ഞെടുപ്പിന്റെ ഫലം കാലതാമസംകൂടാതെ വരണാധികാരി സഭാ സെക്രട്ടറിക്കു റിപ്പോർട്ടു ചെയ്യേണ്ടതും തിരഞ്ഞെടുക്കപ്പെട്ട അപേക്ഷകന്റെ പേർ ഗസെററിൽ പരസ്യപ്പെടുത്തേണ്ടതും ആകുന്നു.

ഒന്നിലധികം നിയോജകമണ്ഡലത്താൽ തിരഞ്ഞെടുപ്പു.

൧൩. (൧) ഏതെങ്കിലും ഒരാൾ ഒന്നിലധികം നിയോജകമണ്ഡലത്താൽ തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ ആ മണ്ഡലങ്ങളിൽ ഏതിനുവേണ്ടി താൻ പ്രവർത്തിക്കാൻ തീരുമാനിക്കുന്നു എന്നു ആ തിരഞ്ഞെടുപ്പു ഫലം ഗസെററിൽ പരസ്യംചെയ്തു ഏഴു ദിവസത്തിനകം താൻ എഴുതി ഒപ്പിട്ടിട്ടുള്ള ഒരു നോട്ടീസു മുഖാന്തിരം അയാൾ സഭാസെക്രട്ടറിയെ അറിയിക്കേണ്ടതും അങ്ങനെയുള്ള തീരുമാനം അവസാനമായിരിക്കുന്നതും ആകുന്നു.

(൨) അങ്ങനെ ഒരാൾ തീരുമാനിക്കുമ്പോൾ ആയാൾ ഏതു നിയോജകമണ്ഡലത്തിലേയൊ മണ്ഡലങ്ങളിലേയൊ പ്രതിനിധിയായിരിക്കാൻ വിചാരിക്കുന്നില്ലയോ ആ നിയോജകമണ്ഡലത്തോടൊ മണ്ഡലങ്ങളോടൊ വേറെ ആളിനേയൊ ആളുകളേയൊ തിരഞ്ഞെടുക്കുന്നതിനു ഗവൺമെന്റു ആജ്ഞാപിക്കേണ്ടതാകുന്നു.

(൩) ഈ ചട്ടത്തിലെ ൧-ാം ഉപചട്ടത്തിൽ പറഞ്ഞിരിക്കുന്നതുപോലെ അപേക്ഷകൻ തീരുമാനിക്കാതിരുന്നാൽ അങ്ങനെയുള്ള അപേക്ഷകന്റെ തിരഞ്ഞെടുപ്പുകൾ റദ്ദായിപ്പോകുന്നതും പ്രസ്തുത നിയോജകമണ്ഡലങ്ങളോടൊ വേറെ ആളിനേയൊ ആളുകളേയൊ തിരഞ്ഞെടുക്കാൻ ഗവൺമെന്റു ആജ്ഞാപിക്കേണ്ടതും ആകുന്നു.

തിരഞ്ഞെടുപ്പുകാര്യസ്ഥന്മാരും ചിലവുകണക്കും.

തിരഞ്ഞെടുപ്പുകാര്യസ്ഥനായിരിപ്പാൻ കൊള്ളാതാക്കുന്ന അയോഗ്യതകൾ.

൧൪. ൭-ാം ചട്ടത്തിലെ (൨) അല്ലെങ്കിൽ (൩) ഈ ഉപചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള അയോഗ്യതകൾകൊണ്ടു തിരഞ്ഞെടുക്കപ്പെടാൻ യോഗ്യതയില്ലാത്ത യാതൊരാളേയും ഒരു തിരഞ്ഞെടുപ്പുകാര്യസ്ഥനായി നിയമിച്ചുകൂടുന്നതല്ല.

തിരഞ്ഞെടുപ്പുകാര്യസ്ഥന്റെനിയമനം പിൻവലിക്കുന്നതു.

൧൫. (൧) തിരഞ്ഞെടുപ്പുകാര്യസ്ഥനായി നിയമിക്കപ്പെടുന്നതു അപേക്ഷകൻതന്നെ ആയാലും അല്ലെങ്കിലും അങ്ങനെയുള്ള നിയമനം, അപേക്ഷകൻ ഒപ്പുവച്ചിട്ടുള്ളതും നിയമനങ്ങൾ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പക്കൽ ഏല്പിക്കപ്പെട്ടിട്ടുള്ളതും ആയ ഒരു രേഖാമൂലവും മാത്രമെ പിൻവലിക്കാവു എന്നുള്ളതും അങ്ങിനെ ഏല്പിക്കപ്പെടുന്ന നാൾമുതൽ അതു ഊർജ്ജിതത്തിൽ വരുമെന്നുള്ളതും ആകുന്നു.

(൨) തിരഞ്ഞെടുപ്പുകാലത്തൊ അതിനുമുമ്പൊ പിമ്പൊ ഇങ്ങനെ പിൻവലിക്കയോ ഏതെങ്കിലും തിരഞ്ഞെടുപ്പുകാര്യസ്ഥൻ മരിച്ചുപോകയോ ചെയ്യുന്നതായാൽ അപേക്ഷകൻ അപ്പോൾതന്നെ മറെറാരു തിരഞ്ഞെടുപ്പു കാര്യസ്ഥനെ നിയമിക്കേണ്ടതും മേല്പറഞ്ഞ ഉദ്യോഗസ്ഥനോടു അയാളുടെ പേർ രേഖാമൂലമായി പ്രഖ്യാപിക്കേണ്ടതുമാകുന്നു.

തിരഞ്ഞെടുപ്പു ചിലവുകളുടെ കണക്കുകൾ.

൧൬. (൧) തിരഞ്ഞെടുപ്പുഫലം പ്രസ്താപിച്ചതിനുശേഷം ഒരു മാസത്തിനകമൊ ഗവൺമെന്റു അനുവദിക്കാവുന്ന അതിലും കൂടിയ ഏതെങ്കിലും അവധിക്കുള്ളിലൊ ഓരോ അപേക്ഷകനും താൻതന്നെയൊ അല്ലെങ്കിൽ തന്റെ തിരഞ്ഞെടുപ്പു ഏജന്റു മുഖാന്തിരമൊ ൯-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ അടങ്ങിയ തന്റെ തിരഞ്ഞെടുപ്പു ചിലവിന്റെ ഒരു കണക്കു വരണാധികാരിയുടെ പക്കൽ ഏല്പിക്കണം.

(൨) ഇങ്ങനെയുള്ള ഓരോ കണക്കിലും അപേക്ഷകനോ അയാളുടെ തിരഞ്ഞെടുപ്പു ഏജന്റോ അപേക്ഷകനു വേണ്ടിയോ അയാളുടെ പ്രയോജനത്തിനായോ മറ്റുവല്ലവരുമോ തിരഞ്ഞെടുപ്പു നടത്തിയതിനുവേണ്ടിയോ അതിനെ സംബന്ധിച്ചോ ചെയ്തിട്ടുള്ള എല്ലാ ചിലവുകളുടെയും ഒരു സ്റ്റേറമെന്റു ഇങ്ങനെയുള്ള ചിലവുകളെ സംബന്ധിച്ചു ഇനി കൊടുത്തുതീർക്കേണ്ടതായി തനിക്കോ തന്റെ തിരഞ്ഞെടുപ്പു ഏജന്റിനോ അറിവുള്ളതായ എല്ലാ കടങ്ങളുടെയും ഒരു സ്റ്റേറമെന്റും അടങ്ങിയിരിക്കേണ്ടതാണു.

(൩) ഈ കണക്കോടുകൂടി അപേക്ഷകന്റെയും തന്റെ തിരഞ്ഞെടുപ്പു ഏജന്റിന്റെയും സത്യവാങ്മൂലങ്ങളും ഉണ്ടായിരിക്കേണ്ടതാണു. ഇവ ൧൦-ാം പട്ടികയിൽ കൊടുത്തിട്ടുള്ള ഫാറത്തിൽ ആയിരിക്കേണ്ടതും മജിസ്ട്രേട്ടിന്റെ മുമ്പാകെവച്ചു സത്യത്തിന്മേലൊ ഉറപ്പിന്മേലൊ എടുത്തിട്ടുള്ളതായിരിക്കേണ്ടതും ആകുന്നു.

(ഡ) ഈ ചട്ടങ്ങളനുസരിച്ചു എല്ലാ തിരഞ്ഞെടുപ്പിലും ഉള്ള എല്ലാ അപേക്ഷകന്മാരുടെയും പേരുകളും ഓരോ അപേക്ഷകന്റെയും തിരഞ്ഞെടുപ്പു ചിലവിന്റെ കണക്കു വരണാധികാരിയുടെ പക്കൽ ഏല്പിച്ച തീയതിയും അടങ്ങിയ ഒരു കണക്കു ഗവൺമെന്റു പറയുന്ന മാതിരിയിൽ തയാർചെയ്തു ഗവൺമെന്റു വിചാരിക്കുന്ന കാലത്തേക്കു സംരക്ഷിക്കുന്നതിനു ഗവൺമെന്റു ഏർപ്പാടു ചെയ്യേണ്ടതാകുന്നു.

൧൭. (൧) ഗസററിൽ പരസ്യംമൂലം ഗവൺമെന്റിനു,—

തിരഞ്ഞെടുപ്പു ചിലവിന്റെ പരമാവധി നിർണ്ണയിക്കുക.

(എ) ഈ ചട്ടങ്ങൾ അനുസരിച്ചുള്ള ആദ്യത്തെ തിരഞ്ഞെടുപ്പുകൾക്കു ശേഷമുള്ള എല്ലാം തിരഞ്ഞെടുപ്പുകളേയും സംബന്ധിക്കുന്നതാവണ്ണം തിരഞ്ഞെടുപ്പു ചിലവുകളുടെ പരമാവധി നിശ്ചയിക്കാവുന്നതും,

(ബി) ഈ ചട്ടങ്ങൾപ്രകാരം നടത്തുന്ന ഏതെങ്കിലും തിരഞ്ഞെടുപ്പു സംബന്ധിച്ചു ശമ്പളത്തിനു നിയമിക്കാവുന്ന ആളുകളുടെ എണ്ണവും വിവരണവും നിശ്ചയിക്കാവുന്നതും ആകുന്നു.

(൨) ഈ ചട്ടപ്രകാരം പ്രസിദ്ധപ്പെടുത്തുന്ന ഏതെങ്കിലും പരസ്യത്താൽ ഓരോ നിയോജകമണ്ഡലങ്ങൾക്കു ഓരോ വിധത്തിലുള്ള വ്യവസ്ഥകൾ ചെയ്യാവുന്നതാണ്.

ഏജന്റന്മാരുടെ കണക്കുകൾ.

൧൮. എല്ലാ തിരഞ്ഞെടുപ്പു ഏജന്റന്മാരും ശരിയായ കണക്കു പുസ്തകങ്ങൾ സൂക്ഷിക്കേണ്ടതും അപേക്ഷകന്മാരുടെ തിരഞ്ഞെടുപ്പു ഏജന്റാകട്ടെ അപേക്ഷകന്റെയോ ഏജന്റിന്റെയോ ആജ്ഞാനുസരണം മറെറതെങ്കിലുമാകട്ടെ ചെയ്തിട്ടുള്ളതായി ൧൬-ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള ഇനത്തിൽപ്പെട്ട ചിലവുകളുടെ എല്ലാ വിവരങ്ങളും അതിൽ കുറിച്ചു വയ്ക്കേണ്ടതും ആകുന്നു.

൪-ാം ഭാഗം.

നിയമിക്കപ്പെട്ട സാമാജികന്മാർ.

സാമാജിക സ്ഥാനത്തിന്റെ കാലാവധി.

൧൯. (൧) നിയമിക്കപ്പെട്ട ഒരു അനുദ്യോഗസ്ഥന്റെ സാമാജികസ്ഥാനം ഏതുസഭയിലെ സാമാജികനായി ആയാൾ നിയമിക്കപ്പെട്ടുവോ ആ സഭയുടെ കാലം വരെ ഉണ്ടായിരിക്കുന്നതാണ്.

(൨) ഉദ്യോഗസ്ഥ സാമാജികന്മാരുടെ സാമാജികസ്ഥാനം അവർ നിയമിക്കപ്പെട്ട സഭയുടെ കാലം വരെയോ ഗവൺമെന്റു നിശ്ചയിക്കാവുന്ന മറെറതെങ്കിലും കുറഞ്ഞ കാലാവധി വരെയോ ഉണ്ടായിരിക്കുന്നതാണ്.

൫-ാം ഭാഗം.

സാമാന്യ വ്യവസ്ഥകൾ.

സത്യം ചെയ്യേണ്ട കടമ.

൨൦. തിരഞ്ഞെടുക്കപ്പെടുകയോ നിയമിക്കപ്പെടുകയോ ചെയ്യുന്ന എല്ലാപേരും തങ്ങളുടെ സ്ഥാനത്തിൽ പ്രവേശിക്കുന്നതിനു മുമ്പു സഭയുടെ ഒരു യോഗത്തിൽവച്ചു താഴെ പറയുന്ന മാതിരിയിൽ സത്യം ചെയ്കയോ ഉറപ്പു പറകയോ ചെയ്യേണ്ടതാകുന്നു.

തിരഞ്ഞെടുത്തിരിക്കുന്ന

എന്നെ ഈ സഭയിലെ ഒരു സാമാജികനായി —————— തിനാൽ എ. ബി. ആയ ഞാൻ

നിയമിച്ചിരിക്കുന്ന

സത്യംചെയ്യേണ്ട കടമ.

തിരുവിതാംകോട്ട മഹാരാജാവു തിരുമനസ്സിനോടും ഇൻഡ്യാ ചക്രവർത്തി തിരുമനസ്സിനോടും അവരുടെ അവകാശികളോടും പിൻഗാമികളോടും ഭക്തിവിശ്വാസത്തോടു കൂടി ഇരുന്നുകൊള്ളാമെന്നും ഞാൻ പ്രവേശിക്കാൻ പോകുന്ന കൃത്യത്തെ വിശ്വസ്തതയോടുകൂടി നിർവഹിച്ചു കൊള്ളാമെന്നും യഥാവിധി പ്രതിജ്ഞ ചെയ്യുന്നു. (ഉറപ്പു പറയുന്നു)

സ്ഥാനം ഒഴിയുക.

പിന്നീടുണ്ടാകാവുന്ന അയോഗ്യതകളുടെ ഫലം.

൨൧. (൧) തിരഞ്ഞെടുക്കപ്പെടുകയോ നിയമിക്കപ്പെടുകയോ ചെയ്യുന്ന ഒരാൾ കാര്യത്തിന്റെ അവസ്ഥ പോലെ അതിൽ പിന്നീടു (൫)-ാം ഉപചട്ടത്തിലെ എ, ബി, ഡി, ഈ, എഫ്, ജി, എച്ച്, ഈ ഖണ്ഡങ്ങളിലോ ൬-ാം ചട്ടത്തിന്റെ ൨, ൩ ഈ ഉപചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള അയോഗ്യതകൾക്കു അധീനപ്പെടുകയോ ന്യായമായുള്ളതെന്നു ഗവൺമെന്റു നിശ്ചയിക്കാവുന്ന സമയത്തിനകം ൨൦-ാം ചട്ടത്താൽ നിശ്ചയിച്ചിട്ടുള്ള പ്രതിജ്ഞ ചെയ്യുകയോ ഉറപ്പു പറയുകയോ ചെയ്വാൻ വീഴ്ച വരുത്തുകയോ ചെയ്താൽ അയാളുടെ സ്ഥാനം ഒഴിഞ്ഞിരിക്കുന്നതായി ഗസററിൽ പരസ്യംമൂലം ഗവൺമെന്റു പ്രഖ്യാപനം ചെയ്യാവുന്നതാണ്.

(൨) അങ്ങനെയുള്ള ഒരു പ്രഖ്യാപനം ഉണ്ടായിക്കഴിഞ്ഞാൽ കാര്യത്തിന്റെ അവസ്ഥപോലെ ഗവൺമെന്റു മുൻപറഞ്ഞ പ്രകാരമുള്ള പരസ്യത്താൽ പ്രസ്തുത നിയോജകമണ്ഡലത്തോടു പരസ്യത്താൽ നിശ്ചയിച്ചിട്ടുള്ള കാലാവധിക്കുള്ളിൽ മറെറാരു സാമാജികനെ തിരഞ്ഞെടുക്കാൻ ആജ്ഞാപിക്കയോ, മറെറാരാളെ നിയമിക്കയോ ചെയ്യേണ്ടതാകുന്നു.

താല്ക്കാലികമായി വരുന്ന ഒഴിവുകൾ.

൨൨. (൧) തിരഞ്ഞെടുക്കപ്പെടുന്ന ഒരു സാമാജികന്റെ സംഗതിയിൽ അയാളുടെ തിരഞ്ഞെടുപ്പു ശരിയായിട്ടുള്ളതല്ലെന്നു തീരുമാനിച്ചതുകൊണ്ടോ അയാൾ ഇൻഡ്യയിൽ ഇല്ലാത്തതിനാലോ ജോലി നോക്കുന്നതിനുള്ള ശേഷിക്കുറവിനാലോ മരണത്താലോ ഉദ്യോഗസ്വീകരണത്താലോ യഥാക്രമം സ്വീകരിക്കപ്പെട്ടിട്ടുള്ള രാജിയാലോ ഒരൊഴിവുണ്ടാകുമ്പോൾ ഗസററിൽ പരസ്യം മുഖേന ഗവൺമെന്റു പ്രസ്തുത നിയോജകമണ്ഡലത്തോടു ആ സ്ഥാനത്തേക്കു പരസ്യത്തിൽ പറഞ്ഞിട്ടുള്ള കാലാവധിക്കുള്ളിൽ മറെറാരു സാമാജികനെ തിരഞ്ഞെടുക്കാൻ ആജ്ഞാപിക്കേണ്ടതാണ്.

(൨) നിയമിക്കപ്പെട്ട ഒരു സാമാജികന്റെ സംഗതിയിൽ ഒരു ഒഴിവുണ്ടാകുന്ന പക്ഷം ആ ഒഴിവിൽ ഒരു സാമാജികനെ ഗവൺമെന്റു നിയമിക്കേണ്ടതാണ്.

സഭയുടെ ആദ്യഘടന.

സഭയുടെ ഘടന.

൨൩. (൧) ഈ ചട്ടങ്ങൾ നടപ്പിൽ വന്നതിന്റെ ശേഷം സൌകര്യമായി കഴിയുമെന്നുള്ളിടത്തോളം വേഗത്തിൽ ഇവയിലെ വ്യവസ്ഥകളനുസരിച്ച് ഒരു സഭ ഏർപ്പെടുത്തുന്നതാകുന്നു.

(൨) ഇതിലേക്കായി ൪-ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള നിയോജകമണ്ഡലങ്ങളോട് ഈ ചട്ടങ്ങളനുസരിച്ച് പരസ്യത്തിൽ നിശ്ചയിക്കപ്പെടാവുന്ന കാലാവധിക്കുള്ളിൽ സാമാജികന്മാരെ തിരഞ്ഞെടുക്കുന്നതിനു ഗസററിൽ പരസ്യം മുഖേന ഗവൺമെന്റു ആജ്ഞാപിക്കേണ്ടതാണ്.

(൩) ഈ ചട്ടങ്ങൾ നടപ്പിൽ വന്നതിനുശേഷം ആദ്യത്തെ തിരഞ്ഞെടുപ്പു നടത്തുന്നതിലോ ആദ്യത്തെ തിരഞ്ഞെടുപ്പു രജിസ്റ്ററിൽ തയ്യാറാക്കുന്നതിലോ പ്രസിദ്ധപ്പെടുത്തുന്നതിലോ എന്തെങ്കിലും വൈഷമ്യം നേരിടുന്നതായാൽ തിരഞ്ഞെടുപ്പു ശരിയായി നടത്തുന്നതിനോ തിരഞ്ഞെടുപ്പു രജിസ്റ്റർ ശരിയായി തയ്യാറാക്കുന്നതിനോ പ്രസിദ്ധപ്പെടുത്തുന്നതിനോ ആവശ്യമെന്നു തങ്ങൾക്കു തോന്നുന്ന എന്തെങ്കിലും കാര്യം ഉത്തരവിനാൽ ഗവൺമെന്റിനു ചെയ്യാവുന്നതാണ്.

സാമാന്യ തിരഞ്ഞെടുപ്പുകൾ.

സഭയുടെ പ്രതിഘടന.

൨൪. (൧) ഒരു സഭയുടെ കാലാവധി കഴിയുകയോ അതിനെ പിരിച്ചയക്കുകയോ ചെയ്യുമ്പോൾ ഒരു പുതിയ സഭയെ സംഘടിപ്പിക്കുന്നതിനായി ഒരു സാമാന്യ തിരഞ്ഞെടുപ്പു നടത്തപ്പെടുന്നതാകുന്നു.

(൨) അങ്ങനെ കാലാവധി തീരുകയോ പിരിച്ചയക്കയോ ചെയ്യുമ്പോൾ, ൪-ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള നിയോജകമണ്ഡലങ്ങളോട് ഈ ചട്ടങ്ങൾ പ്രകാരം കാലാവധി തീരുകയോ പിരിച്ചയക്കയോ കഴിഞ്ഞതിനുശേഷം പരസ്യത്തിൽ നിശ്ചയിച്ചിരിക്കാവുന്ന കാലാവധിക്കകം സാമാജികന്മാരെ തിരഞ്ഞെടുക്കാൻ ഗസററിൽ പരസ്യം മൂലം ഗവൺമെന്റു ആജ്ഞാപിക്കേണ്ടതാകുന്നു.

എന്നാൽ സാധാരണ രീതിയിൽ സഭയുടെ കാലാവധി അവസാനിക്കുമെന്നുള്ള തിയതിക്കു മൂന്നുമാസത്തിലധികം മുമ്പല്ലാത്ത ഏതെങ്കിലും സമയത്തു ഗവൺമെന്റിനു യുക്തമെന്നു തോന്നുന്നപക്ഷം ഇങ്ങനെയുള്ള പരസ്യം പ്രസിദ്ധപ്പെടുത്താവുന്നതാണ്.

സാമാന്യ തിരഞ്ഞെടുപ്പിന്റെ ഫലം പരസ്യം ചെയ്യൽ.

൨൫. ഏതെങ്കിലും ഒരു സാമാന്യതിരഞ്ഞെടുപ്പിൽ സാമാജികന്മാരെ തിരഞ്ഞെടുക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള സമയം അവസാനിച്ചതിനു ശേഷം, കഴിയുമെന്നുള്ളിടത്തോളം വേഗത്തിൽ, അങ്ങനെയുള്ള തിരഞ്ഞെടുപ്പിൽ ഓരോ നിയോജകമണ്ഡലത്തിലേക്കു തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സാമാജികന്മാരുടെ പേരുകൾ ഗസററിൽ പരസ്യം ചെയ്യേണ്ടതാണ്.

൭-ാം ഭാഗം.

തിരഞ്ഞെടുപ്പിന്റെ സാധുതയെക്കുറിച്ചുള്ള

സംശയങ്ങളുടേയും തർക്കങ്ങളുടേയും അവസാനതീർപ്പ്.

അർത്ഥവിവരണം.

൨൬. ഈ ഭാഗത്തിലും ൭-ാം പട്ടികയിലും, വിഷയത്തിനോ സന്ദർഭത്തിനോ വിപരീതമായി യാതൊന്നുമില്ലാത്ത പക്ഷം—

(എ) "ഏജന്റു" എന്നതിൽ ഒരു തിരഞ്ഞെടുപ്പു ഏജന്റും, അപേക്ഷകന്റെ അറിവോടെ സമ്മതത്തോടെ കൂടി ഒരു തിരഞ്ഞെടുപ്പു സംബന്ധിച്ചു ഏജന്റായി ജോലിനോക്കിയെന്നു കമ്മിഷണർമാർ തീരുമാനിക്കുന്ന ഏതെങ്കിലും ആളും ഉൾപ്പെടുന്നതാകുന്നു.

(ബി) "അപേക്ഷകൻ" എന്നതിനു ഏതെങ്കിലും തിരഞ്ഞെടുപ്പിൽ ഒരു അപേക്ഷകനായി നിർദ്ദേശിക്കപ്പെട്ടതോ, തന്നെ അപ്രകാരം നിർദ്ദേശിച്ചിട്ടുണ്ടെന്നോ, തന്നെ ഒരു അപേക്ഷകനായി നിർദ്ദേശിച്ചതിനെ ക്രമവിരുദ്ധമായി നിരാകരിച്ചുവെന്നോ അവകാശപ്പെടുന്നതോ ആയ ഒരാൾ എന്നു അർത്ഥമാകുന്നതും; ഒരു തിരഞ്ഞെടുപ്പു നടത്തണമെന്നു ഉദ്ദേശിക്കപ്പെട്ടിരിക്കുമ്പോൾ, അപ്രകാരമുള്ള തിരഞ്ഞെടുപ്പിൽ പിന്നീടു ഒരു അപേക്ഷകനായി നിർദ്ദേശിക്കപ്പെടുന്ന പക്ഷം, ആ തിരഞ്ഞെടുപ്പിൽ ഒരപേക്ഷകനായി നിൽക്കണമെന്നു ഉദ്ദേശിക്കുന്ന ഒരാൾ അതിൽ ഉൾപ്പെടുന്നതും ആകുന്നു.

(സി) "തിരഞ്ഞെടുക്കപ്പെട്ട അപേക്ഷകൻ" എന്നതിനു മുറപ്രകാരം തിരഞ്ഞെടുക്കപ്പെട്ടതായി ഈ ചട്ടങ്ങൾ പ്രകാരം പേരു പ്രസിദ്ധപ്പെടുത്തുന്ന ഒരു അപേക്ഷകൻ എന്നർത്ഥമാകുന്നു.

തിരഞ്ഞെടുപ്പു ഹർജി.

൨൭. ഈ ഭാഗത്തിലെ വ്യവസ്ഥകൾ അനുസരിച്ചു ബോധിപ്പിച്ചിട്ടുള്ള ഒരു തിരഞ്ഞെടുപ്പു ഹർജിമുഖമല്ലാതെ യാതൊരു തിരഞ്ഞെടുപ്പിനെപ്പററിയും തർക്കിച്ചുകൂടുന്നതല്ല.

ഹർജി ബോധിപ്പിക്കൽ.

൨൮. ൨൫-ാം ചട്ടത്തിലെ ൩-ാം ഉപചട്ടപ്രകാരം തിരഞ്ഞെടുപ്പിന്റെ ഫലം പ്രസിദ്ധപ്പെടുത്തുന്ന തിയതി മുതൽ ൧൪ ദിവസത്തിനകം, തിരഞ്ഞെടുക്കപ്പെട്ട ഏതെങ്കിലും അപേക്ഷകന്റെ പേരിൽ ഏതെങ്കിലും അപേക്ഷകനോ നിയോജകനോ ഗവൺമെന്റു ചീഫ് സെക്രട്ടറിയുടെ അടുക്കൽ ഒരു തിരഞ്ഞെടുപ്പു ഹർജി ബോധിപ്പിക്കാവുന്നതാണ്.

ഹർജിയിൽ അടങ്ങിയിരിക്കേണ്ട സംഗതികൾ.

൨൯. ഹർജിയിൽ ഹർജിക്കാരൻ വിശ്വസിക്കുന്ന സാരമായ വസ്തുതകളുടെ സംക്ഷിപ്തമായ ഒരു സ്റ്റേറ്റുമെന്റും താൻ ആരോപിക്കുന്ന അഴിമതികളുടെ വിവരങ്ങളും അടങ്ങിയിരിക്കേണ്ടതും ആവശ്യമുള്ളപക്ഷം അതിനെ ഖണ്ഡികകളായി പിരിച്ചു ക്രമമായി നമ്പരിടേണ്ടതുമാകുന്നു. ഹർജിക്കാരൻ അതിൽ ഒപ്പിടേണ്ടതും, തൽക്കാലം നടപ്പിലിരിക്കുന്ന സിവിൽ നടപടി നിയമത്തിൽ പ്രതിവാദങ്ങൾ സത്യബോധപ്പെടുത്തുന്നതിനു നിശ്ചയിച്ചിട്ടുള്ള രീതിയിൽ അതിനെ സത്യബോധപ്പെടുത്തേണ്ടതുമാകുന്നു.

൩൦. തിരഞ്ഞെടുക്കപ്പെട്ട അപേക്ഷകന്റെ തിരഞ്ഞെടുപ്പിനെക്കുറിച്ചു തർക്കിക്കുന്നതിനു പുറമെ, ഹർജിക്കാരൻ, ആവശ്യമുള്ള പക്ഷം, തന്നെയോ മറ്റാരെങ്കിലും അപേക്ഷകനെയോ ശരിപ്രകാരം തിരഞ്ഞെടുത്തതായി പ്രസ്താവിക്കണമെന്നു അവകാശപ്പെടാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ, ആ തിരഞ്ഞെടുപ്പിൽ നിർദ്ദേശിക്കപ്പെട്ട മറ്റെല്ലാ അപേക്ഷകന്മാരെയും അയാൾ തന്റെ ഹർജിയിൽ പ്രതിസ്ഥാനത്തു ചേർക്കേണ്ടതും ആകുന്നു.

ആരുടെ പേരിൽ ഹർജി ബോധിപ്പിക്കാമെന്നു.

൩൧. ഹർജി ബോധിപ്പിക്കുന്ന സമയം, അതിന്റെ ചിലവിനായി ഹർജിക്കാരൻ അതോടുകൂടി ഒരായിരമോ ഇൻഡ്യാ ഗവൺമെന്റുവക പ്രാമിസ്സറിനോട്ടായോ, അപ്പോൾ നടപ്പിലിരിക്കുന്ന കമ്പോളനിരക്കനുസരിച്ചു തുല്യവിലയുള്ള തിരുവിതാംകൂർ ഡിബെഞ്ചുവർ പത്രമായോ അഞ്ഞൂറു രൂപ ജാമ്യം വയ്ക്കേണ്ടതാകുന്നു.

ജാമ്യം വയ്ക്കണമെന്നു.

൩൨. (൧) ൩൧-ാം ചട്ടത്തിലെ വ്യവസ്ഥകൾ നിറവേറ്റാത്തപക്ഷം ഗവണ്മെന്റു ഹർജി തള്ളേണ്ടതാകുന്നു.

വീഴ്ചവരുത്തിയാൽ ഹർജി തള്ളുന്നതാണെന്ന്.

(൨) ൩൧-ാം ചട്ടത്തിലെ വ്യവസ്ഥകൾ നിറവേറ്റിക്കഴിഞ്ഞാൽ

കമ്മീഷണർമാരുടെ നിയമനം.

(എ) ഗവണ്മെന്റിൽനിന്നു ഹർജി വിചാരണയ്ക്കായി ഹൈക്കോടതി ജഡ്ജിമാരായിരിക്കുന്നവരോ, ഇരുന്നിട്ടുള്ളവരോ ഹൈക്കോടതി ജഡ്ജിമാരായി നിയമിക്കപ്പെടാൻ യോഗ്യതയുള്ളവരോ ആയ മൂന്നുപേരെ കമ്മീഷണർമാരായും അവരിൽ ഒരാളെ അദ്ധ്യക്ഷനായും നിയമിക്കേണ്ടതും അതിൽ പിന്നീട് ആ സംബന്ധമായുള്ള സകല അപേക്ഷകളും നടപടികളും ആ കമ്മീഷണർമാർ തീരുമാനിക്കയും നടത്തുകയും ചെയ്യേണ്ടതും ആകുന്നു,

(ബി) അങ്ങനെ ഏർപ്പെടുത്തുന്ന കമ്മീഷന്റെ അദ്ധ്യക്ഷൻ കഴിയുന്നവേഗത്തിൽ ഹർജിയുടെ ഒരു പകർപ്പ് ഓരോ പ്രതിയുടെയുംമേൽ നടത്തുകയും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യേണ്ടതും കൂടതെയുള്ള ഏതെങ്കിലും ചിലവിലേക്കായി താൻ ആവശ്യപ്പെടുന്ന തുകയ്ക്കു താൻ ആവശ്യപ്പെടുന്ന ജാമ്യങ്ങളോടുകൂടി ഒരു കടപ്പത്രമെഴുതുന്നതിനു ഹർജിക്കാരനോടാവശ്യപ്പെടാവുന്നതാകുന്നു. അപ്രകാരം പ്രസിദ്ധപ്പെടുത്തി പതിനാലു ദിവസത്തിനകം ഏതു സമയത്തും, അതുപോലെയുള്ള ഒരു തുക ജാമ്യം കൊടുക്കുകയും അതുപോലെയുള്ള ഒരു കടപ്പത്രമെഴുതിക്കൊടുക്കുകയും ചെയ്താൽ മറ്റേതെങ്കിലും അപേക്ഷകനെ പ്രതിയായി ചേർക്കുന്നതിനു അവകാശമുള്ളതാകുന്നു.

(൩) ഒരു നിയോജക മണ്ഡലത്തിലെ ഏതെങ്കിലും തിരഞ്ഞെടുപ്പിനെ സംബന്ധിച്ചു ഒന്നിലധികം ഹർജികൾ ബോധിപ്പിച്ചിരിക്കുമ്പോൾ, ആ ഹർജി സകലഹർജികളെയും ഗവണ്മെന്റിൽ നിന്നു അതേ കമ്മീഷണർമാർക്കു തന്നെ അയയ്ക്കുന്നതും അവർ തങ്ങൾക്കു യുക്തമെന്നുതോന്നുന്നതുപോലെ ഒന്നോ അതിൽ കൂടുതലോ നടപടികളിലായി തങ്ങളുടെ യുക്തംപോലെ ഹർജികളെപ്പറ്റി വിചാരണ നടത്തുന്നതുമാകുന്നു.

൩൩. തൽക്കാലം നടപ്പിലിരിക്കുന്ന സിവിൽ നടപടി നിയമപ്രകാരം വ്യവഹാരങ്ങളുടെ വിചാരണസംബന്ധിച്ചുള്ള നടപടിയെ കഴിയുന്നിടത്തോളം അനുസരിച്ചു എല്ലാ ഹർജികളെക്കുറിച്ചും കമ്മീഷണർമാർ വിചാരണ നടത്തേണ്ടതാകുന്നു. എന്നാൽ കമ്മീഷണർമാർ, തങ്ങൾ വിസ്തരിക്കുന്ന ഏതെങ്കിലും സാക്ഷിയുടെ തെളിവിന്റെ ചുരുക്കത്തിനു ഒരു കുറിപ്പെടുത്താൽ മാത്രം മതിയാകുന്നതാണ്.

കമ്മീഷണർമാരുടെ വിചാരണ.

൩൪. ഗവണ്മെന്റു നിശ്ചയിക്കാവുന്ന സ്ഥലത്തുവച്ചു വിചാരണനടത്തുന്നതാണ്, എന്നാൽ കമ്മീഷണർമാർ തങ്ങളുടെ യുക്തംപോലെ വിചാരണയുടെ ഏതെങ്കിലും ഭാഗം വാദവിഷയമായ നിയോജകമണ്ഡലം സ്ഥിതിചെയ്യുന്നതായി തിരുവിതാംകൂറിലുള്ള മറ്റേതെങ്കിലും സ്ഥലത്തു വച്ചു നടത്താവുന്നതും തങ്ങളിൽ ആരെയെങ്കിലും തിരുവിതാംകൂറിൽ ഏതെങ്കിലും സ്ഥലത്തു തെളിവെടുക്കുന്നതിനായി പ്രത്യേകം നിയോഗിക്കാവുന്നതും ആകുന്നു.

വിചാരണസ്ഥലം.

൩൫. (൧) കമ്മീഷണർമാരുടെ അനുവാദംകൂടാതെ, യാതൊരു തിരഞ്ഞെടുപ്പു ഹർജിയും പിൻവലിച്ചുകൂടുന്നതല്ല.

ഹർജി പിൻവലിക്കുക.

(൨) ഒന്നിലധികം ഹർജിക്കാർ ഉള്ള പക്ഷം എല്ലാ ഹർജിക്കാരുടേയും സമ്മതംകൂടാതെ ഒരു ഹർജി പിൻവലിക്കുന്നതിനു അപേക്ഷിച്ചുകൂടുന്നതല്ലാ

(൩) പിൻവലിക്കുന്നതിനുള്ള ഒരു അപേക്ഷ ബോധിപ്പിച്ചിരിക്കുമ്പോൾ, അപേക്ഷ കേൾക്കുന്നതിനു ഒരു തീയതി നിശ്ചയിച്ചുള്ള നോട്ടീസ് ആ ഹർജിയിലെ മറ്റെല്ലാ കക്ഷികൾക്കും അയയ്ക്കുകയും, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യേണ്ടതാണ്,

(൪) അനുവദിക്കാൻ പാടില്ലാത്തതെന്നു തങ്ങൾക്കു തോന്നുന്ന ഏതെങ്കിലും ഇടപാടിനാലോ പ്രതിഫലത്താലോ ഉള്ള പ്രേരണകൊണ്ടാണ് അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതെന്നു കമ്മീഷണർമാർ അഭിപ്രായപ്പെടുന്നപക്ഷം, പിൻവലിക്കുന്നതിനുള്ള യാതൊരപേക്ഷയും അനുവദിക്കുന്നതല്ല.

(൫) അപേക്ഷ അനുവദിക്കുന്നപക്ഷം—

(എ) പ്രതികൾ അതുവരെ ഉണ്ടായിട്ടുള്ള ചിലവോ, കമ്മീഷണർമാർക്കു യുക്തമെന്നു തോന്നുന്ന അതിന്റെ ഭാഗമോ കൊടുക്കുന്നതിനു ഹർജിക്കാരനു ഉത്തരവു കൊടുക്കേണ്ടതും,

(ബി) അപ്രകാരം പിൻവലിച്ചതിനെ ഗവർമ്മെൻറിലേക്കു റിപ്പോർട്ടു ചെയ്യുകയും, അതിനെപ്പറ്റിയുള്ള നോട്ടീസ് ചീഫ്സെക്രട്ടറി ഗസെററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യേണ്ടതും

(സി) ഒരു ഹർജിക്കാരൻ ആയിരുന്നിട്ടുള്ള ഒരാൾക്കു, അപ്രകാരം പ്രസിദ്ധപ്പെടുത്തി ഏഴുദിവസത്തിനകം, പിൻവലിക്കുന്ന കക്ഷിക്കു പകരം തന്നെ ഹർജിക്കാരനായി ചേർക്കണമെന്നപേക്ഷിക്കാവുന്നതും, ജാമ്യത്തെ സംബന്ധിച്ച ൬-ാം ചട്ടത്തിലെ നിബന്ധനകൾ നിറവേററിക്കഴിഞ്ഞാൽ, അപ്രകാരം ഹർജിക്കാരനായി ചേർക്കുന്നതിനും കമ്മീഷണർമാർക്കു യുക്തമെന്നു തോന്നുന്ന നിബന്ധനകളിന്മേൽ നടപടികൾ തുടർന്നു നടത്തുന്നതിനും ടിയാൾക്കു അവകാശമുണ്ടായിരിക്കുന്നതും,

ആകുന്നു.

ഹർജിക്കാരൻ മരിച്ചാൽ, നിന്നുപോകയോ പകരം ചേർക്കുകയോ ചെയ്യുക.

൧൭. (എ) ഏകനായ ഹർജിക്കാരനോ, പല ഹർജിക്കാരിൽ ഒടുവിൽ ശേഷിച്ച ആളോ മരിച്ചുപോയാൽ മാത്രമേ ഒരു തിരഞ്ഞെടുപ്പു ഹർജി നിന്നുപോകയുള്ളു.

(ബി) അങ്ങനെ നിന്നുപോയതിനെക്കുറിച്ചു ഗവർമ്മെൻറിലേക്കു റിപ്പോർട്ടു ചെയ്യേണ്ടതും, അതിനെപ്പററി ചീഫ് സെക്രട്ടറി ഗസെററിൽ നോട്ടീസ് പ്രസിദ്ധപ്പെടുത്തേണ്ടതും ആകുന്നു.

(സി) ഒരു ഹർജിക്കാരൻ ആകാമായിരുന്ന ഒരാൾക്കു, അങ്ങനെ പ്രസിദ്ധപ്പെടുത്തുന്നതു മുതൽ ഏഴുദിവസത്തിനകം തന്നെ ഹർജിക്കാരനായി പകരം ചേർക്കണമെന്നപേക്ഷിക്കാവുന്നതും ജാമ്യത്തെ സംബന്ധിച്ച ൬-ാം ചട്ടത്തിലെ നിബന്ധനകൾ നിറവേററിക്കഴിഞ്ഞാൽ അപ്രകാരം ഹർജിക്കാരനായി പകരം ചേർക്കപ്പെടുന്നതിനും കമ്മീഷണർമാർക്കു യുക്തമെന്നു തോന്നുന്ന നിബന്ധനകളിന്മേൽ നടപടികൾ തുടർന്നു നടത്തുന്നതിനും ടിയാൾക്കു അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

പ്രതി മരിച്ചാൽ നിന്നുപോകയോ പകരം ചേർക്കയോ ചെയ്യുക.

൧൮. ഒരു തിരഞ്ഞെടുപ്പു ഹർജിയുടെ വിചാരണ പൂർത്തിയാകുന്നതിനു മുൻപു പ്രതി മരിച്ചുപോകയോ ഹർജിയെപ്പററി തർക്കിക്കണമെന്നു താൻ വിചാരിക്കുന്നില്ലെന്നു നോട്ടീസ് അയക്കുകയോ ചെയ്യുന്നപക്ഷം, ആ സംഗതിയെപ്പററി കമ്മീഷണർമാർ ഗസെററിൽ നോട്ടീസു പ്രസിദ്ധപ്പെടുത്തേണ്ടതും, അതിൻെറശേഷം, ഒരു ഹർജിക്കാരനാകാമായിരുന്ന ഒരാൾക്കു, അങ്ങനെ പ്രസിദ്ധപ്പെടുത്തുന്നതു മുതൽ ഏഴു ദിവസത്തിനകം, ഹർജിയെപ്പററി തർക്കിക്കുന്നതിനു ആ പ്രതിക്കു പകരം തന്നെ പ്രതിയായി ചേർക്കണമെന്നപേക്ഷിക്കാവുന്നതും കമ്മീഷണർമാർക്കു യുക്തമെന്നു തോന്നുന്ന നിബന്ധനകളിന്മേൽ നടപടികൾ തുടർന്നു നടത്തുന്നതിനു ടിയാൾക്കു അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

സ്ഥാനം അവകാശപ്പെടുമ്പോഴുള്ള പ്രത്യാരോപണം.

൧൯. ഒരു തിരഞ്ഞെടുപ്പു ഹർജിയെപ്പററിയുള്ള വിചാരണയിൽ, തിരഞ്ഞെടുക്കപ്പെട്ട അപേക്ഷകനല്ലാതെ ഏതെങ്കിലും അപേക്ഷകൻ സ്ഥാനം തനിക്കു കിട്ടണമെന്നു അവകാശപ്പെടുന്നപക്ഷം, ആ അപേക്ഷകൻ താനേ തിരഞ്ഞെടുക്കപ്പെട്ട അപേക്ഷകനായിരിക്കുമെന്നു യാളുടെ തിരഞ്ഞെടുപ്പിനെക്കുറിച്ചു ഒരു ഹർജി ബോധിപ്പിക്കുകയു ചെയ്തിരുന്നാൽ ആയാളുടെ തിരഞ്ഞെടുപ്പിനെ അസാധുവാക്കുമായിരുന്ന എന്നു തിരഞ്ഞെടുക്കപ്പെട്ട അപേക്ഷകനോ മറെറതെങ്കിലും കക്ഷിയോ തെളിവു കൊടുക്കാവുന്നതാണ്.

ഉദ്യോഗസ്ഥന്മാർ ഹാജരാകണമെന്നു.

൨൦. (?) ഒരു തിരഞ്ഞെടുപ്പു ഹർജിയെപ്പററിയുള്ള വിചാരണയിൽ കമ്മീഷണർമാർ ആജ്ഞാപിക്കുന്നപക്ഷം, ഗവർമ്മെൻറ് വകുപ്പോ അതിലുള്ള ഉദ്യോഗസ്ഥന്മാരോ, ജോലി നടത്തുന്ന മററു ആളുകളോ ഹാജരാകേണ്ടതും, അവർ ആജ്ഞാപിക്കുന്നപ്രകാരം അതിൽ പങ്കെടുക്കേണ്ടതും ആകുന്നു.

തിരഞ്ഞെടുപ്പു അസാധുവെന്നു പ്രസ്താവിക്കുന്നതിനുള്ള കാരണങ്ങൾ.

൨൦. (എ) ഈ ചട്ടത്തിൽ ഇനി താഴെ വ്യവസ്ഥ ചെയ്തിരിക്കുന്നപ്രകാരമല്ലാതെ, കമ്മീഷണർമാരുടെ അഭിപ്രായത്തിൽ,

(എ) തിരഞ്ഞെടുക്കപ്പെട്ട ഒരു അപേക്ഷകനോ തിരഞ്ഞെടുപ്പു അധികാരികളോ സ്വാധീനിക്കുകയോ ഭയപ്പെടുത്തുകയോ ചെയ്തതിനാലോ, ആ തിരഞ്ഞെടുപ്പിൻെറ ഫലത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നോ,

(ബി) ൫-ാം പട്ടികയുടെ ഹ-ാം ഭാഗത്തു പറഞ്ഞിട്ടുള്ള ഏതെങ്കിലും അഴിമതി നടത്തിയിട്ടുണ്ടെന്നോ,

(സി) ഒരു വോട്ടിനെ സംബന്ധിച്ചുള്ള ഏതെങ്കിലും ക്രമക്കേടുകളോ, ഒരു വോട്ടു ക്രമവിരുദ്ധമായി സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്തിട്ടുള്ളതോ, ഈ ചട്ടങ്ങളിലെ നിബന്ധനകൾ ലംഘിച്ചിട്ടുള്ളതോ, വ്യവസ്ഥകൾ നിറവേററാതിരുന്നിട്ടുള്ളതോ, സംബന്ധപ്പെട്ട അങ്ങനെയുള്ള ഏതെങ്കിലും ഒരു ഉപായമോ ഉണ്ടായിരുന്നിട്ടുള്ളതോ, തിരഞ്ഞെടുപ്പിൻെറ ഫലത്തിനു സാരമായ ദോഷം വന്നിട്ടുണ്ടെന്നോ,

തോന്നുന്നപക്ഷം തിരഞ്ഞെടുക്കപ്പെട്ട അപേക്ഷകൻെറ തിരഞ്ഞെടുപ്പു അസാധുവായിരിക്കുന്നതാകുന്നു.

(ബി) തൻെറ തിരഞ്ഞെടുപ്പു ഏജൻറ് മുഖാന്തരം ഒരു ഏജൻറു മുഖേന തിരഞ്ഞെടുക്കപ്പെട്ട ഒരു അപേക്ഷകൻ ൫-ാം പട്ടികയുടെ ഹ-ാം ഭാഗത്തിൽ പറഞ്ഞിട്ടുള്ള ഇനി താഴെ വിവരിച്ചിരിക്കുന്ന

പോലെ സൽക്കരിക്കുകയല്ലാതെ ഏതെങ്കിലും പ്രകാരത്തിലുള്ള കൈക്കൂലിയോ, ആൾമാറാട്ടമോ, ആൾമാറാട്ടത്തിനുള്ള സഹായിപ്പിക്കലോ അല്ലാതെയും ആയാളുടെ യാതൊരു അഴിമതി ചെയ്തിട്ടില്ലെന്നു കമ്മീഷണർമാർ റിപ്പോർട്ടു ചെയ്യുന്നപക്ഷവും,

(എ) അപേക്ഷകനോ അയാളുടെ തിരഞ്ഞെടുപ്പു ഏജന്റോ ആ തിരഞ്ഞെടുപ്പിൽ യാതൊരു അഴിമതിയും ചെയ്തിട്ടില്ലെന്നും റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന അഴിമതികൾ അപേക്ഷകന്റെയോ അയാളുടെ തിരഞ്ഞെടുപ്പു ഏജന്റിന്റെയോ ആജ്ഞകൾക്കു വിപരീതമായും അവരോടു അനുവാദമോ ഉത്സാഹമോ കൂടാതെയും ചെയ്തിട്ടുള്ളതാണെന്നും,

(ബി) ആ തിരഞ്ഞെടുപ്പിൽ അഴിമതികൾ നടക്കാതെയിരിക്കുന്നതിനു ആ അപേക്ഷകനും അയാളുടെ തിരഞ്ഞെടുപ്പു ഏജന്റും ന്യായമായ എല്ലാ ശ്രമങ്ങളും ചെയ്തുവെന്നും

(സി) പ്രസ്തുത റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന അഴിമതികൾ നിസ്സാരവും, അപ്രധാനവും പരിമിതവും ആണെന്നും,

(ഡി) മറ്റെല്ലാ സംഗതിയിലും, തിരഞ്ഞെടുപ്പിൽ അപേക്ഷകനോ അയാളുടെ ഏതെങ്കിലും തിരഞ്ഞെടുപ്പു ഏജന്റോ യാതൊരു അഴിമതിയും ചെയ്തിട്ടില്ലെന്നും,

അപേക്ഷകൻ തങ്ങളെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടെന്നു കമ്മീഷണർമാർ വീണ്ടും റിപ്പോർട്ട് ചെയ്യുന്നപക്ഷവും, അങ്ങനെയുള്ള അപേക്ഷകന്റെ തിരഞ്ഞെടുപ്പു അസാധുവല്ലെന്നു കമ്മീഷണർമാർക്കു തീരുമാനിക്കാവുന്നതാകുന്നു.

വിവരണം—ഈ ചട്ടത്തിലെ സംഗതികൾക്കായി "സൽക്കരിക്കുക" എന്നതിനു ഏതെങ്കിലും ആൾക്കു, അയാളെയോ മറ്റെതെങ്കിലും ആളെയോ സമ്മതിദാനം ചെയ്യുന്നതിനോ സമ്മതിദാനം ചെയ്യാതിരിക്കുന്നതിനോ നേരിട്ടോ അല്ലാതെയോ പ്രേരിപ്പിക്കുന്നതിനായോ സമ്മതിദാനം ചെയ്തതിനോ, സമ്മതിദാനം ചെയ്യാതിരുന്നതിനോ ഒരു പ്രതിഫലമായോ ഏതെങ്കിലും ഭക്ഷണമോ, പാനീയമോ, വിനോദമോ, ആഹാരസാധനമോ കൊടുക്കുകയോ കൊടുക്കുന്നതിനു വ്യവസ്ഥ ചെയ്യുകയോ ചെയ്യുന്നതിനുള്ള ചിലവു മുഴുവനുമോ അതിന്റെ ഏതാനും ഭാഗമോ ഏതെങ്കിലും ആൾ വഹിക്കുക എന്നർത്ഥമാകുന്നു.

കമ്മീഷണർമാരുടെ റിപ്പോർട്ടും അതിന്മേലുള്ള നടപടിയും.

൪൭. (൧) വിചാരണയുടെ അവസാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട അപേക്ഷകനോ ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾപ്രകാരം സ്ഥാനത്തിനവകാശപ്പെട്ട ഹർജിയിലെ ഏതെങ്കിലും കക്ഷിയോ മുറപ്രകാരം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്നു കമ്മീഷണർമാർ റിപ്പോർട്ടു ചെയ്യേണ്ടതും അങ്ങനെ റിപ്പോർട്ടു ചെയ്യുന്നതിൽ ൪൦-ാം ചട്ടത്തിലെ വ്യവസ്ഥകളെ ഗണിക്കേണ്ടതുമാകുന്നു.

(൨) റിപ്പോർട്ടു രേഖാമൂലമായിരിക്കേണ്ടതും കമ്മീഷണർമാർ അതിൽ ഒപ്പിട്ടിരിക്കേണ്ടതുമാകുന്നു. കമ്മീഷണർമാർ ഉടൻതന്നെ തങ്ങളുടെ റിപ്പോർട്ടിനെ ഗവൺമെന്റിലേക്കു അയക്കേണ്ടതും ഗവൺമെന്റ് ആ റിപ്പോർട്ടു കിട്ടുമ്പോൾ അതനുസരിച്ചു ഉത്തരവു കൊടുക്കേണ്ടതും റിപ്പോർട്ടു ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും ഗവൺമെന്റിന്റെ ഉത്തരവു അവസാനത്തേതായിരിക്കുന്നതും ആകുന്നു.

റിപ്പോർട്ടിന്റെ മതി.

൪൮. റിപ്പോർട്ടിലോ മറ്റെതെങ്കിലും സംഗതിയിലോ കമ്മീഷണർമാരുടെയിടയിൽ അഭിപ്രായവ്യത്യാസമുണ്ടായിരുന്നാൽ ഭൂരിപക്ഷത്തിന്റെ അഭിപ്രായം പ്രബലമായിരിക്കുന്നതും അവരുടെ റിപ്പോർട്ടു ഭൂരിപക്ഷത്തിന്റെ അഭിപ്രായമനുസരിച്ചിരിക്കേണ്ടതുമാകുന്നു.

അഴിമതിയെപ്പററിയുള്ള തീരുമാനവും കുററം ചെയ്തിട്ടുള്ള ആളുകളും.

൪൯. വല്ല അഴിമതിയെയുംപററി ഒരു തിരഞ്ഞെടുപ്പു ഹർജിയിൽ കുററം ആരോപിക്കപ്പെട്ടിരുന്നാൽ,

(എ) ഒരു അപേക്ഷകനോ അയാളുടെ ഏജന്റോ ആളുടെ ഏതെങ്കിലും അപേക്ഷകന്റെയോ അയാളുടെ ഏജന്റിന്റെയോ ഒത്താശയോടുകൂടിയാകട്ടെ ഒരു അഴിമതി നടത്തിയിട്ടുണ്ടോ ഇല്ലയോ എന്നും അഴിമതിയുടെ സ്വഭാവമെന്തെന്നും ഒരു തീരുമാനവും,

(ബി) ഏതെങ്കിലും ആൾ വല്ല അഴിമതിയും ചെയ്തതായി വിചാരണയിൽ വെളിപ്പെടുന്നപക്ഷം അങ്ങനെയുള്ള ആളുകളുടെ പേരുകളും ഈ ചട്ടങ്ങൾപ്രകാരം ഇക്കാര്യത്തിൽ അവർക്കുണ്ടാകാവുന്ന അയോഗ്യതകളിൽ നിന്നു ആ വക ആളുകളിൽ ആരെയെങ്കിലും ഒഴിക്കുന്ന വകയ്ക്കു തങ്ങൾ ആഗ്രഹിക്കാവുന്ന ശിപാർശകൾ സഹിതം ആ വക അഴിമതികളുടെ സ്വഭാവവും,

കമ്മീഷണർമാർ തങ്ങളുടെ റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതാകുന്നു.

വ്യ—ഭാഗം,

വിശേഷാൽവ്യവസ്ഥ.

സംശയം വരുന്ന സംഗതിയിൽ വ്യാഖ്യാനം.

൫൦. ഒരു തിരഞ്ഞെടുപ്പന്വേഷണം നടത്തുന്നതിനോടു ബന്ധമില്ലാത്തതായ ഒരു സംഗതിയിൽ ഈ ചട്ടങ്ങളുടെ വ്യാഖ്യാനത്തെപ്പററി വാദം ഉണ്ടാകുന്നപക്ഷം, ആ വാദത്തെ ഗവൺമെന്റിന്റെ തീർപ്പിനു വിടേണ്ടതും ഗവൺമെന്റിന്റെ തീർപ്പ് അവസാനത്തീർപ്പായിരിക്കുന്നതും ആകുന്നു.

പട്ടിക ൧.

ചട്ടം ൪ (൧) നോക്കുക.

നിയോജക മണ്ഡലങ്ങളുടെ ലിസ്റ്റ്.

നമ്പർ	നിയോജകമണ്ഡലത്തിന്റെ പേരു	നിയോജകമണ്ഡലത്തിന്റെ തരം	നിയോജകമണ്ഡലത്തിന്റെ വ്യാപ്തി	മെംബറന്മാരുടെ എണ്ണം
൧	തിരുവനന്തപുരം	സാമാന്യനാഗരികം	൧൦൯൬-ലെ ൫-ാം റെഗുലേഷൻപ്രകാരം സംഘടിപ്പിച്ചിട്ടുള്ള തിരുവനന്തപുരം മുൻസിപ്പൽ പട്ടണം	൧
൨	അഗസ്തീശ്വരം	സാമാന്യഗ്രാമീണം	അഗസ്തീശ്വരം താലൂക്ക	൧
൩	ഇരണിയലും വിളവങ്കോടും	ടി	ഇരണിയലും വിളവങ്കോടും താലൂക്കുകൾ	൧
൪	കൽക്കുളവും തോവാളയും	ടി	കൽക്കുളവും തോവാളയും താലൂക്കുകൾ	൧
൫	നെയ്യാററിങ്കര	ടി	നെയ്യാററിങ്കര താലൂക്ക	൧
൬	തിരുവനന്തപുരവും നെടുമങ്ങാടും	ടി	തിരുവനന്തപുരം മുൻസിപ്പാലററി ഒഴിച്ചുള്ള തിരുവനന്തപുരം താലൂക്കും നെടുമങ്ങാട്ടു താലൂക്കും	൧
൭	ചിറയിൻകീഴ്	ടി	ചിറയിൻകീഴ താലൂക്ക	൧
൮	കൊല്ലം	ടി	കൊല്ലം താലൂക്ക	൧
൯	പത്തനാപുരവും ചെങ്കോട്ടയും	ടി	പത്തനാപുരവും ചെങ്കോട്ടയും താലൂക്കുകൾ	൧
൧൦	കൊട്ടാരക്കരയും കുന്നത്തൂരും	ടി	കൊട്ടാരക്കരയും കുന്നത്തൂരും താലൂക്കുകൾ	൧
൧൧	കരുനാഗപ്പള്ളി	ടി	കരുനാഗപ്പള്ളി താലൂക്ക	൧
൧൨	മാവേലിക്കരയും കാർത്തികപ്പള്ളിയും	ടി	മാവേലിക്കരയും കാർത്തികപ്പള്ളിയും താലൂക്കുകൾ	൧
൧൩	അമ്പലപ്പുഴ	ടി	അമ്പലപ്പുഴ താലൂക്ക	൧
൧൪	തിരുവല്ലാ	ടി	തിരുവല്ലാ താലൂക്ക	൧
൧൫	ചെങ്ങന്നൂരും പത്തനംതിട്ടയും	ടി	ചെങ്ങന്നൂരും പത്തനംതിട്ടയും താലൂക്കുകൾ	൧
൧൬	കോട്ടയം	ടി	കോട്ടയം താലൂക്ക	൧
൧൭	ചേർത്തല	ടി	ചേർത്തല താലൂക്ക	൧
൧൮	ചങ്ങനാശ്ശേരിയും മീനച്ചിലും	ടി	ചങ്ങനാശ്ശേരിയും മീനച്ചിലും താലൂക്കുകൾ	൧
൧൯	വൈക്കവും ഏററുമാനൂരും	ടി	വൈക്കവും ഏററുമാനൂരും താലൂക്കുകൾ	൧
൨൦	മൂവാററുപുഴ	ടി	മൂവാററുപുഴ താലൂക്ക	൧
൨൧	തൊടുപുഴയും കുന്നത്തുനാടും	ടി	തൊടുപുഴയും കുന്നത്തുനാടും താലൂക്കുകൾ	൧
൨൨	ആലങ്ങാടും പറവൂരും	ടി	ആലങ്ങാടും പറവൂരും താലൂക്കുകൾ	൧
൨൩	പീരുമേടും ദേവികുളവും	ടി	പീരുമേട്ടും ദേവികുളവും താലൂക്കുകൾ	൧
			ഭൂമിസംബന്ധമായല്ലാത്ത	൧
൨൪	തിരുവിതാംകൂർ തോട്ടക്കാർ	തോട്ടകൃഷി	ടി	൧
൨൫	തിരുവിതാംകൂർ ജന്മിമാർ	ജന്മി	ടി	൧
൨൬	ഇടവക	ഇടവകയും [illegible]	പത്മനാഭപുരവും തിരുവനന്തപുരവും ഡിവിഷനുകളും കൊല്ലം	
൨൭	വാണിജ്യവും വ്യവസായവും (തെക്ക)	വാണിജ്യവും വ്യവസായവും	കൊട്ടാരക്കര പത്തനാപുരം ചെങ്കോട്ട ഈ താലൂക്കുകളും	൨
൨൮	ടി (വടക്ക)	ടി	കൊല്ലം ഡിവിഷനിലെ മററു താലൂക്കുകളും കോട്ടയവും ദേവികുളവും ഡിവിഷനുകളും	൧

൨-ാം പട്ടിക.

(൧൬-ാം ചട്ടം നോക്കുക).

തിരഞ്ഞെടുപ്പുകാരുടെ യോഗ്യതകൾ.

൧. ഈ പട്ടികയുടെ ആവശ്യങ്ങൾക്കായി—

(എ) “മുന്നാണ്ട്” എന്നതിനു തൽക്കാലത്തേക്കു തയാറാക്കിവരുന്ന തിരഞ്ഞെടുപ്പു രജിസ്റ്റർ ഈ ചട്ടങ്ങൾപ്രകാരം അവസാനം പ്രസിദ്ധപ്പെടുത്തുന്ന ആണ്ടിന്റെ മുൻ മലയാള വർഷം എന്നർത്ഥമാകുന്നു.

(ബി) “തിരഞ്ഞെടുപ്പുകാരൻ” എന്നതിനു തിരഞ്ഞെടുപ്പു രജിസ്റ്ററിൽ പേരു എഴുതിയിട്ടുള്ള ആൾ എന്നർത്ഥമാകുന്നു.

(സി) “ഇടവക” എന്നതിനു ഒന്നായി കിടക്കുന്നതും ഗവർമെന്റു കണക്കിൽ ഒന്നായി കിടക്കുന്നതായിട്ടു സ്വീകരിച്ചിട്ടുള്ളതും ഒരു ഭാഗത്തിനോ മുഴുവനോ ഗവർമെന്റിലേക്കുള്ള ഭൂനികുതി ഒഴിവാക്കി കൊടുത്തിട്ടുള്ളതും ആയ പ്രദേശം എന്നർത്ഥമാകുന്നു.

(ഡി) “വസ്തുഉടമസ്ഥൻ” എന്നതിനു ഒരു ഇടവകയുടെ ഉടമസ്ഥൻ എന്നർത്ഥമാകുന്നു.

(ഇ) “പതിവുകാരൻ” എന്നതിനു ൧൦൩൪-ലെ ൧-ാം റെഗുലേഷൻപ്രകാരം പണ്ടാരമോ നികുതി ഇടയാകുന്ന പണ്ടാരവകയോ ശ്രീപണ്ടാരവകയോ ദേവസ്വംവകയോ ശ്രീപാദംവകയോ ആയ വസ്തുവിന്റെ അനുഭവക്കാരൻ എന്നർത്ഥമാകുന്നു. ഇതിൽ ൧൦൭൬-ലെ ൩-ാം റെഗുലേഷൻപ്രകാരം ൧൦൩൪-ലെ ൧-ാം റെഗുലേഷൻ അനുസരിച്ചു പാട്ടവും മറ്റു ദേയങ്ങളും ഇടയാകുന്നതായ ഏതെങ്കിലും ഒരു സ്ഥാപനത്തിൽ ചേർന്നതായ ഒരു വസ്തുവിന്റെ അനുഭവക്കാരനും ഉൾപ്പെടുന്നതാണ്.

(എഫ്) “അനുഭവക്കാരൻ” എന്നതിനു ൧൦൩൪-ലെ ൫-ാം റെഗുലേഷൻ അനുസരിച്ചു പാട്ടം പിരിക്കാവുന്ന ഒരു വസ്തുഉടമസ്ഥന്റെ കീഴിൽ വസ്തു അനുഭവിക്കുന്ന ആൾ എന്നർത്ഥമാകുന്നു.

(ജി) “ജന്മി” എന്നതിനു ൧൦൯൨-ലെ ൪-ാം റെഗുലേഷനിൽ അർത്ഥവിവരണം ചെയ്തിട്ടുള്ള ഒരു ജന്മി എന്നർത്ഥമാകുന്നു.

(എച്ച്) “കുടിയാൻ” എന്നതിനു ൧൦൯൨-ലെ ൪-ാം റെഗുലേഷനിൽ അർത്ഥവിവരണം ചെയ്തിട്ടുള്ളതുപ്രകാരം കാണപ്പെട്ടതായി വസ്തു അനുഭവിക്കുന്ന ഒരാൾ എന്നർത്ഥമാകുന്നു.

(ഐ) “ഗ്രാഡ്വേറ്റ്” എന്നതിനു ഒരു സർവകലാശാല ഒരു ഡിഗ്രി കൊടുത്തിട്ടുള്ള ആൾ എന്നർത്ഥമാകുന്നു.

൨. ഈ പട്ടികപ്രകാരം ഏതെങ്കിലും യോഗ്യതയുള്ള അവകാശം നിശ്ചയിക്കുന്ന കാര്യത്തിൽ കൊടുത്തിട്ടുള്ള വസ്തുക്കൾക്കു ചുമത്തപ്പെട്ടതോ കൊടുക്കപ്പെട്ടതോ ആയ നികുതികളെ സംബന്ധിച്ചു ഭൂനികുതി കണക്കുകളിലോ ഇടവകകളിലെയോ ദേവസ്ഥാപനങ്ങളിലെയോ; പാട്ടരജിസ്റ്ററുകളിലോ മുൻസിപ്പൽ റിക്കാർഡുകളിലോ എഴുതിയിട്ടുള്ളവ വാദമററ തെളിവുകളായിരിക്കുന്നതാകുന്നു.

സാധാരണ നിയോജകമണ്ഡലങ്ങൾ.

൩. നിയോജകമണ്ഡലത്തിൽ ഒരു വാസസ്ഥലമുള്ളതും ഒരു തിരഞ്ഞെടുപ്പുകാരനു വേണ്ടതെന്നു ചുവടെ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ഉള്ളതും ആയ ഏതൊരാളും ഒരു സാധാരണ നിയോജകമണ്ഡലത്തിലെക്കു തിരഞ്ഞെടുപ്പുകാരനു വേണ്ട യോഗ്യതയുള്ള ആളായിരിക്കുന്നതാണ്.

൪. ഒരാൾക്കു ഒരു നിയോജകമണ്ഡലത്തിൽ ഒരു വാസസ്ഥലമുണ്ടെന്നു വിചാരിക്കണമെങ്കിൽ—

(എ) അയാൾ ആ നിയോജകമണ്ഡലത്തിൽ സാധാരണയായി താമസിക്കുകയോ അല്ലെങ്കിൽ,

(ബി) അയാൾക്കു ആ നിയോജകമണ്ഡലത്തിൽ ഒരു കുടുംബഗൃഹം ഉണ്ടായിരിക്കുകയും അയാൾ കൂടക്കൂടെ അവിടെ താമസിക്കുകയും ചെയ്യുകയോ അല്ലെങ്കിൽ,

(സി) അയാൾ ആ നിയോജകമണ്ഡലത്തിൽ താമസിക്കുന്നതിനു തയാറാക്കിയിട്ടുള്ള ഒരു ഗൃഹം ഭൃത്യന്മാരെ ഏല്പിച്ചു സൂക്ഷിച്ചു വരികയും അതിൽ കൂടക്കൂടെ താമസിക്കുകയും ചെയ്യുകയോ വേണ്ടതാകുന്നു.

൫. സാധാരണനിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പുകാരനു വേണ്ട യോഗ്യത ഒരാൾക്കു ഉണ്ടെന്നു വിചാരിക്കണമെങ്കിൽ—

(എ) അയാളിൽ മുന്നാണ്ടിൽ ഒരു രൂപയിൽ കുറയാത്ത തുകയ്ക്കു ഒരു വീട്ടുനികുതിയോ ഭൂനികുതിയോ ചുമത്തപ്പെട്ടിരിക്കുകയോ ഒരു തൊഴിൽനികുതി ചുമത്തപ്പെട്ടിരിക്കുകയോ,

(ബി) ഒരു ഗ്രാമീണനിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പുകാരനു ചുവടെ നിശ്ചയിച്ചിട്ടുള്ള യോഗ്യതകളിൽ ഏതെങ്കിലും ആ നിയോജകമണ്ഡലത്തിൽ അയാൾക്കു ഉണ്ടായിരിക്കുകയോ,

(സി) അയാൾ ബ്രിട്ടീഷ് സാമ്രാജ്യത്തിലുള്ള ഒരു അംഗീകരിക്കപ്പെട്ട സർവകലാശാലയിലെ ഗ്രാഡ്വേറ്റോ എന്നാൽ ഗവർമെന്റു അംഗീകരിക്കപ്പെട്ട സ്ഥാപനത്തിലും പഠിച്ചുകൊണ്ടിരിക്കുന്ന ആളോ ആയിരിക്കുകയോ,

(ഡി) മുന്നാണ്ടിൽ ആദായനികുതി ചുമത്തപ്പെട്ടിരിക്കുകയോ (എന്നാൽ വല്ല ആളും ൧൦൯൬-ൽ ആദായനികുതി കൊടുത്തിരിക്കുകയോ ആദായനികുതി ചുമത്തപ്പെട്ടിരിക്കുകയോ താൻ ആദായനികുതി കൊടുക്കുന്ന ആൾ ആണെന്നു രജിസ്ട്രേഷൻ ആഫീസർ മുമ്പാകെ ബോദ്ധ്യപ്പെടുത്തി സമ്മതിക്കുകയോ ചെയ്യുന്ന പക്ഷം അയാളെ ൧൦൯൬-ലെ തിരഞ്ഞെടുപ്പുരജിസ്റ്ററിൽ ഉൾപ്പെടുത്താവുന്നതാണ്.)

(ഇ) സൈന്യത്തിൽനിന്നു പിരിഞ്ഞ പട്ടാളക്കാരനായി ചക്രവർത്തി തിരുമനസ്സിലെ കരസൈന്യത്തിലോ നാവികസൈന്യത്തിലോ നിന്നു പിരിച്ചുകളയപ്പെടുകയോ ഉദ്യോഗം

ഒഴിയുകയോ അടുത്തൂൺ പറ്റുകയോ ചെയ്തു ഒരു പട്ടാളം ഉദ്യോഗസ്ഥനായിരിക്കുകയോ;

ചെയ്യേണ്ടതാകുന്നു,

വിവരണം—(ഇ) ഖണ്ഡത്തിൽ 'ഉദ്യോഗസ്ഥൻ' എന്ന വാക്കിൽ ഒരു 'ഭടനോ' ഒരു 'പ്രൈവറ്റോ' ഉൾപ്പെടുന്നതല്ല.

൬. ഒരു ഗ്രാമീണനിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പുകാരനു വേണ്ട യോഗ്യത ഒരാൾക്കുണ്ടെന്നു വിചാരിക്കണമെങ്കിൽ—

(എ) അയാൾ പ്രതിവർഷം ൫ രൂപായോ കൂടുതലോ ആദായമുള്ള ഒരു വസ്തുവിന്റെ പതിവുകാരനോ ഇനാംദാരോ ആയിരിക്കുകയോ;

(ബി) അയാൾ പ്രതിവർഷം ൫ രൂപായോ കൂടുതലോ ആദായമുള്ള ഒരു വസ്തു അനുഭവത്തിൽ വച്ചിരിക്കുന്ന ഒരു അനുഭവക്കാരൻ ആയിരിക്കുകയോ,

(സി) അയാൾ പ്രതിവർഷം ൫ രൂപയോ കൂടുതലോ ആദായമുള്ള ഒരു വസ്തു അനുഭവിക്കുന്ന കുടിയാൻ ആയിരിക്കുകയോ,

(ഡി) അയാൾ ബ്രിട്ടീഷ് സാമ്രാജ്യത്തിലെ അംഗീകരിക്കപ്പെട്ട ഒരു സർവ്വകലാശാലയിലെ ഗ്രാഡ്വേറ്റും എന്നാൽ യാതൊരു അംഗീകരിക്കപ്പെട്ട സ്ഥാപനത്തിലും പഠിച്ചുകൊണ്ടിരിക്കാത്ത ആളും ആയിരിക്കുകയോ,

(ഇ) മുന്നാണ്ടിലാ ആ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഒരു മുനിസിപ്പാലിറ്റി അയാളിൽ മൂന്നു രൂപയിൽ കുറയാത്തതായ ഒരു വീട്ടുനികുതിയോ തൊഴിൽനികുതിയോ ചുമത്തിയിരിക്കുകയോ ഒരു തൊഴിൽ നികുതി ചുമത്തിയിരിക്കുകയോ,

(എഫ്) മുന്നാണ്ടിൽ ആദായനികുതി ചുമത്തപ്പെട്ടിരിക്കുകയോ, (എന്നാൽ വല്ല ആളും ൧൦൯൬-ൽ ആദായനികുതി കൊടുത്തിരിക്കുകയോ ആദായനികുതി ചുമത്തപ്പെട്ടിരിക്കുകയോ താൻ ആദായനികുതി കൊടുക്കാൻ അർഹനാണെന്നു രജിസ്ട്രേഷൻ ആഫീസർ മുമ്പാകെ രേഖാമൂലമായി സമ്മതിക്കുകയോ ചെയ്താൽ അയാളെ ൧൦൯൬-ലെ തിരഞ്ഞെടുപ്പു രജിസ്റ്ററിൽ ഉൾപ്പെടുത്താവുന്നതാണ്.)

(ജി) നായർ പട്ടാളത്തിലേയോ തിരുവിതാംകോട്ടു പോക്കന്മാരായി ചക്രവർത്തി തിരുമനസ്സിലെ കരസൈന്യത്തിലേയോ നാവികസൈന്യത്തിലേയോ പിരിച്ചയക്കപ്പെടുകയോ ഉദ്യോഗം ഒഴിയുകയോ അടുത്തൂൺപറ്റുകയോ ചെയ്തു ഒരു പട്ടാളം ഉദ്യോഗസ്ഥനായിരിക്കുകയോ,

ചെയ്യേണ്ടതാകുന്നു,

വിവരണം—൧. ഈ ഖണ്ഡികയിലെ (ജി) ഖണ്ഡത്തിൽ 'ഉദ്യോഗസ്ഥൻ' എന്ന വാക്കിൽ ഒരു 'ഭടനോ' ഒരു 'പ്രൈവറ്റോ' ഉൾപ്പെടുന്നില്ല.

വിവരണം—൨. ഈ ഖണ്ഡികയിലെ ആവശ്യത്തിലേക്കായി പ്രതിവർഷമുള്ള ആദായം താഴെപ്പറയുന്ന വിധത്തിൽ കണക്കാക്കേണ്ടതാകുന്നു.

(i) ഗവണ്മെന്റിലേക്കു മുഴുവൻ നികുതിയും കൊടുക്കുന്ന വസ്തുക്കളുടെ സംഗതിയിൽ, ഗവണ്മെന്റിലേക്കു കൊടുക്കേണ്ടുന്ന നികുതിയും അവയുടെ കൃഷിമരാമത്തു വകയ്ക്കു വെള്ളക്കരം കൊടുക്കേണ്ടതുണ്ടെങ്കിൽ അതും അപ്രകാരമുള്ള വസ്തുക്കളുടെ പ്രതിവർഷമുള്ള ആദായമായി വിചാരിക്കേണ്ടതാണ്.

(ii) ഇനാംവസ്തുക്കളുടേയും ഗവണ്മെന്റിന്റെ നേരെകീഴിലുള്ളതും മുഴുവനായോ ഭാഗികമായോ കരമൊഴിവായിട്ടുള്ളതും ആയ മററു സൌജന്യ അനുഭവ വസ്തുക്കളുടേയും സംഗതിയിൽ ആ വസ്തുക്കൾ ഇനാം വസ്തുക്കളോ അപ്രകാരമുള്ള സൌജന്യ അനുഭവത്തിൽ ഉൾപ്പെട്ട വസ്തുക്കളോ അല്ലായിരുന്നാൽ മുഴുവൻ നികുതി എത്രവരുമോ അതും അവയുടെ കൃഷിമരാമത്തു വകയ്ക്കു വെള്ളക്കരം കൊടുക്കേണ്ടതുണ്ടെങ്കിൽ അതും അപ്രകാരമുള്ള വസ്തുക്കളുടെ പ്രതിവർഷമുള്ള ആദായമായി വിചാരിക്കേണ്ടതാകുന്നു.

(iii) ഒരു വസ്തുഉടമസ്ഥന്റെ കീഴിൽ ഉള്ള അനുഭവക്കാരന്റെ സംഗതിയിൽ പ്രതിവർഷമുള്ള പാട്ടം പ്രതിവർഷമുള്ള ആദായമായി വിചാരിക്കേണ്ടതാണ്.

(iv) ഒരുവസ്തു അനുഭവിക്കുന്ന ഒരു കുടിയാന്റെ സംഗതിയിൽ ആ വസ്തു കാണപ്പാട്ടവസ്തുവായിരുന്നാൽ ആ കാണപ്പാട്ടവസ്തുവിൽ എത്ര നികുതി വരുമോ അതു പ്രതിവർഷമുള്ള ആദായമായി വിചാരിക്കേണ്ടതാകുന്നു.

വിവരണം—൩. മുഴുവനോ ഒരുഭാഗമോ നികുതിയോ പാട്ടമോ നെല്ലായി കൊടുക്കുന്ന വസ്തുക്കളുടെ സംഗതിയിൽ നെല്ലിന്റെ വില പറയ്ക്കു പതിനൊന്നുചക്രം നിരക്കുവച്ചു കണക്കാക്കേണ്ടതാകുന്നു.

വിവരണം—൪. പല നിയോജകമണ്ഡലങ്ങളിലായി നികുതി കൊടുക്കുന്ന ഒരാൾ, ആയാൾ ആകെ കൊടുക്കുന്ന സംഖ്യ മേൽ ആവശ്യപ്പെട്ടിട്ടുള്ള കുറഞ്ഞ സംഖ്യക്കു ഇല്ലാതാണെങ്കിൽ, (എ) ഉപചട്ടം അനുസരിച്ചു യോഗ്യതയുള്ളവനാകുന്നു.

൭. ഒരു കൂട്ടുകുടുംബത്തിലെ അംഗങ്ങളോ കൂട്ടുപട്ടാദാരന്മാരോ ഒന്നിച്ചു വസ്തു അനുഭവിക്കുകയോ കരം കൊടുക്കുകയോ ചെയ്യുമ്പോൾ, ഈ ചട്ടപ്രകാരം ആവശ്യമുള്ള യോഗ്യതയുണ്ടോ എന്നു നിശ്ചയിക്കുന്നതിനു കുടുംബത്തെയോ കൂട്ടുടമസ്ഥരെയോ പ്രമാണമായി കരുതേണ്ടതാണ്. യോഗ്യനുണ്ടെന്നു വരുന്ന പക്ഷം അക്കുടുംബത്തെയോ കൂട്ടുടമസ്ഥരുടെ പ്രതിപക്ഷത്താൽ അധികാരപ്പെടുത്തിയിട്ടുള്ള ഒരു അംഗമോ പ്രകാരം യോഗ്യനായ ആൾ കൂട്ടുടമസ്ഥന്മാരുടെ പ്രതിപക്ഷത്താൽ അധികാരപ്പെടുത്തിയിട്ടുള്ള ഒരു അംഗമോ കൂട്ടുകുടുംബത്തിന്റെ സംഗതിയിൽ അപ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള മേധാവിയോ അപ്രകാരം അധികാരപ്പെടുത്താതിരിക്കുമ്പോൾ അതിലെ കാര്യസ്ഥനോ ആയിരിക്കുന്നതാണ്.

൮. സ്വന്തനിലയിലോ അല്ലെങ്കിൽ ഒരു കൂട്ടുകുടുംബത്തിലെയോ കൂട്ടു പങ്കാളികളുടെയോ ഒരു പ്രതിനിധിയുടെ നിലയിലോ ഒരാൾക്കു യോഗ്യതയുണ്ടായിരിക്കാവുന്നതും എന്നാൽ രണ്ടു നിലയിലുംകൂടി ആയിരിക്കാൻ പാടില്ലാത്തതും ആകുന്നു.

൯. ഈ പട്ടിക ൭-ാം ഖണ്ഡികയിൽ വ്യവസ്ഥചെയ്തിട്ടുള്ള മാതിരിയൊഴികെ വിശ്വസ്തൻ എന്ന നിലയിലല്ലാതെ സ്വന്ത അവകാശനിലയിൽ നിശ്ചയിച്ചിട്ടുള്ള വസ്തുഉടമസ്ഥതകൊണ്ടുള്ള യോഗ്യതയില്ലാത്ത പക്ഷം യാതൊരു വസ്തുവിനെ സംബന്ധിച്ചും ഒരാൾക്കു തിരഞ്ഞെടുപ്പുകാരൻ എന്ന നിലയിലുള്ള യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

പ്രത്യേക നിയോജകമണ്ഡലങ്ങൾ.

൧. തോട്ടക്കാരുടെ നിയോജകമണ്ഡലം.

൧൦. താഴെപ്പറയുന്ന സംഘങ്ങളിൽ ഏതെങ്കിലും ഒന്നിലെ മെംബർ ആയിരുന്നാൽ ഒരാൾ തോട്ടക്കാരുടെ നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പുകാരൻ ആയിരിക്കുന്നതിനു യോഗ്യനായിരിക്കും.

(൧) നോർത്ത് ട്രാവൻകോർ പ്ലാന്റേഴ്സ് അസോസിയേഷൻ,
(൨) സെൻട്രൽ ട്രാവൻകോർ പ്ലാന്റേഴ്സ് അസോസിയേഷൻ.
(൩) മുണ്ടക്കയം പ്ലാന്റേഴ്സ് അസോസിയേഷൻ,
(൪) കണ്ണൻദേവൻ പ്ലാന്റേഴ്സ് അസോസിയേഷൻ,

൨. ജന്മിനിയോജകമണ്ഡലം.

൧൧. ഈ പട്ടികയിൽ ൧൨-ാം ഖണ്ഡികയിൽ വ്യവസ്ഥചെയ്തിട്ടുള്ളവണ്ണം പ്രതിവർഷം ആയിരം രൂപയിൽ കുറയാതെ വരവുള്ള ഒരാൾക്കു ജന്മിനിയോജകമണ്ഡലത്തിലെ ഒരു തിരഞ്ഞെടുപ്പുകാരന്റെ യോഗ്യതയുണ്ടായിരിക്കുന്നതാണ്.

൧൨. (എ) ഈ ഖണ്ഡികയുടെ ആവശ്യത്തിലേക്കായി, ജന്മിയുടെ അനുഭവത്തിൽ തന്നെ ഇരിക്കുന്ന ജന്മവസ്തുക്കളുടെ സംഗതിയിൽ അതിലുള്ള വരവു ആ വസ്തുക്കൾ പണ്ടാരപ്പാട്ടം വസ്തുക്കളായിരുന്നു എങ്കിൽ എന്തു മുഴുവൻപാട്ടം ചുമത്തപ്പെടുമോ അതിനോടു തുല്യമായിട്ടു വിചാരിക്കുന്നതും,

(ബി) കാണപ്പാട്ടമായി കൊടുത്തിട്ടുള്ള ജന്മ വസ്തുക്കളുടെ സംഗതിയിൽ അതിലുള്ള വരവു, ആ വസ്തുക്കൾ പണ്ടാരപ്പാട്ടം വസ്തുക്കളായിരുന്നാൽ എന്തു മുഴുവൻപാട്ടം ചുമത്തപ്പെടുമോ അതിനോടു തുല്യമായിട്ടു വിചാരിക്കുന്നതും ആകുന്നു.

൧൩. ഒരു ജന്മിയുടെ പ്രതിവർഷമുള്ള വരവു കണക്കാക്കുന്നതിൽ ജന്മ വസ്തുക്കളൊഴികെ മററു ഇനത്തിൽ നിന്നുള്ള വരവു കണക്കാക്കാൻ പാടില്ലാത്തതാകുന്നു.

൧൪. (എ) ഒരു ഉടമസ്ഥന്റെ മാത്രം പേരിൽ ജന്മവസ്തുക്കൾ പതിച്ചിരിക്കുന്ന സംഗതിയിൽ തിരഞ്ഞെടുപ്പു രജിസ്റ്ററിൽ ആ ഉടമസ്ഥന്റെ പേർ മാത്രം ചേർക്കേണ്ടതാകുന്നു.

(ബി) ഒരു കൂട്ടുകുടുംബത്തിലെ അംഗങ്ങളുടെ നിലയിലോ ഒരു ദേവസ്വത്തിന്റെ ട്രസ്റ്റികളുടെ നിലയിലോ അനേകം ആളുകൾ ജന്മം വസ്തുക്കളെ അനുഭവത്തിൽ വച്ചുകൊണ്ടിരിക്കുന്ന സംഗതിയിൽ, അപ്രകാരമുള്ള ഒരു കുടുംബത്തിലെയോ ട്രസ്റ്റികളിലെയോ പ്രായപൂർത്തിവന്ന ഭൂരിപക്ഷം അംഗങ്ങൾ അധികാരപ്പെടുത്തുന്ന ഒരു ആൾ യോഗ്യതയുള്ള ഒരാൾ ആയിരിക്കുന്നതാണ്. എന്നാൽ ഇപ്രകാരം അധികാരപ്പെടുത്താതെ വരുമ്പോൾ ഒരു കൂട്ടുകുടുംബത്തിന്റെ സംഗതിയിൽ, അതിലെ കാര്യസ്ഥൻ യോഗ്യതയുള്ള ആളായിരിക്കുന്നതാണ്.

എടവക നിയോജക മണ്ഡലം.

൧൫. ഒരു ഇടവകയുടെ ഉടമസ്ഥനോ ഒരു മാലിഖാൻ പററുന്ന ആളോ ആയിരിക്കയും

(എ) ഒരു ഭൂമി ഉടമസ്ഥനാണെങ്കിൽ പ്രതിവർഷം ആയിരം രൂപയിൽ കൂടുതൽ ഇടവകയിൽനിന്നു വരവുണ്ടായിരിക്കുകയോ, അല്ലെങ്കിൽ,

(ബി) മാലിഖാൻ പററുന്ന ഒരാളാണെങ്കിൽ പ്രതിവർഷം തിരുവിതാംകോട്ടു ഗവണ്മെന്റിൽനിന്നു ആയിരം രൂപയിൽ കുറയാത്ത മാലിഖാൻ പററുകയോ, ചെയ്യുകയും ചെയ്യുന്ന ഒരാൾ എടവക നിയോജക മണ്ഡലത്തിലെ തിരഞ്ഞെടുപ്പുകാരൻ വേണ്ട യോഗ്യതയുള്ളവനായിരിക്കുന്നതാണ്.

വിവരണം: ഈ ഖണ്ഡികയുടെ ആവശ്യത്തിലേക്കായി, വരവിൽ മുഴുവനുമോ ഒരുഭാഗമോ നെല്ലായിട്ടു കൊടുക്കുന്നപക്ഷം, അപ്രകാരമുള്ള നെല്ലിന്റെവില പറയ്ക്കു ഇരുപതു ചക്രം നിരക്കുവച്ചു കണക്കു കൂട്ടേണ്ടതാകുന്നു.

൧൬. (എ) ഒരു ആളിന്റെ പേരിൽമാത്രം ഇടവക പതിച്ചിരിക്കുന്ന സംഗതിയിലും ഒരാളിനുമാത്രം മാലിഖാൻ കൊടുക്കുന്ന സംഗതിയിലും അപ്രകാരമുള്ള ആളിന്റെ പേർ തിരഞ്ഞെടുപ്പു രജിസ്റ്ററിൽ ചേർക്കേണ്ടതാകുന്നു.

(ബി) ഒരു കൂട്ടുകുടുംബത്തിലെ അംഗങ്ങളുടെ നിലയിൽ അനേകം ആളുകൾ ഒരു ഇടവക അനുഭവിച്ചുപോരുകയോ ഒരു മാലിഖാൻപററി വരികയോ ചെയ്യുന്ന സംഗതിയിൽ, അപ്രകാരമുള്ള ഒരു കുടുംബത്തിലെ പ്രായപൂർത്തിവന്ന ഭൂരിപക്ഷം അംഗങ്ങൾ അധികാരപ്പെടുത്തുന്ന ഒരാൾ യോഗ്യതയുള്ള ആളായിരിക്കുന്നതാണ്. എന്നാൽ അപ്രകാരം അധികാരപ്പെടുത്താതിരുന്നാൽ ആ കുടുംബത്തിലെ കാര്യസ്ഥൻ യോഗ്യതയുള്ള ആളായിരിക്കുന്നതാണ്.

൪. കച്ചവടവും വ്യവസായവും നിയോജകമണ്ഡലം.

൧൭. ഒരു കച്ചവടവും വ്യവസായവും നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പുകാരനു വേണ്ട യോഗ്യത താഴെപ്പറയുന്നവയാകുന്നു. അതായത് ഒരാൾക്കു ഉണ്ടാകണമെങ്കിൽ

(എ) അയാൾ തിരുവിതാംകൂർ തൊഴിൽശാലകൾ റെഗുലേഷനിലെ അർത്ഥവിവരണത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളതനുസരിച്ചുള്ളതും തിരുവിതാംകൂറിൽ സ്ഥിതിചെയ്യുന്നതും, മുന്നാണ്ടിൽ ജോലി നടന്നുപോയിരുന്നതും ആയ ഒരു തൊഴിൽശാലയുടെ ഉടമസ്ഥനായിരിക്കുകയോ അല്ലെങ്കിൽ,

(ബി) അയാൾ അപ്രകാരമുള്ള ഒരു തൊഴിൽശാലയുടെ ഉടമസ്ഥതയുള്ള ഒരു കച്ചവട സംഘത്തിന്റെ ഓഹരിക്കാരനും, സംഘത്തിനുവേണ്ടി സമ്മതിദാനംചെയ്യുന്നതിനു സംഘം രേഖാമൂലം നിയമിച്ചിട്ടുള്ള ആളും ആയിരിക്കുകയോ അല്ലെങ്കിൽ,

(സി) അയാൾ ൧൦൯൨-ലെ ൧-ാം റെഗുലേഷനിൽ അർത്ഥവിവരണം ചെയ്തിട്ടുള്ള പ്രകാരമുള്ളതും തിരുവിതാംകൂറിൽ വ്യാപാരശാലയുള്ളതും പതിനായിരം രൂപയിൽ കുറയാതെ ഒടുച്ചുതീർത്ത മൂലധനമുള്ളതും ആയ ഒരു കമ്പനിയിലെ ഡയറക്ടർ ആയിരിക്കുകയും ഡയറക്ടർമാരുടെ ഭൂരിപക്ഷം ചേർന്നു ആ കമ്പനിക്കുവേണ്ടി സമ്മതി നൽകുന്നതിനു രേഖാമൂലമായി നിർദ്ദേശിക്കപ്പെട്ടിരിക്കുകയും ചെയ്കയോ അല്ലെങ്കിൽ,

(ഡി) അയാൾ മുന്നാണ്ടിൽ ആയിരം രൂപ ആണ്ടടക്കം വരവുള്ള ഒരു കച്ചവടക്കാരനായിരിക്കുകയോ, അല്ലെങ്കിൽ,

(ഇ) അയാൾ മുന്നാണ്ടിൽ ആയിരം രൂപ ആണ്ടടക്കം വരവുള്ള ഒരു കച്ചവട സംഘത്തിലെ ഓഹരിക്കാരനും, ആ സംഘത്തിനുവേണ്ടി സമ്മതിദാനം ചെയ്യുന്നതിനു രേഖാമൂലം നിയമിച്ചിട്ടുള്ള ആളും ആയിരിക്കുകയോ ചെയ്യേണ്ടതാകുന്നു.

൧൮. ഈ പട്ടികയുടെ ൧൭ (എ) അല്ലെങ്കിൽ (ബി) ഖണ്ഡികയിലെ വ്യവസ്ഥയിലുൾപ്പെട്ടതും ഈ പട്ടികയിൽ ൧൦-ാം ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള സംഘങ്ങളിൽ ഏതെങ്കിലും ഒന്നിലെ ഒരു അംഗമായിരിക്കുന്നതും ആയ ഏതൊരാൾക്കും കച്ചവടവും വ്യവസായവും നിയോജകമണ്ഡലത്തിലെ ഒരു തിരഞ്ഞെടുപ്പുകാരനു വേണ്ട യോഗ്യതയുണ്ടായിരിക്കുന്നതല്ല.

൩-ാം പട്ടിക.

[൪. (൨)-ാം ചട്ടം നോക്കുക.]

തിരഞ്ഞെടുപ്പുകൾ നടത്തുന്നതിനുള്ള ചട്ടങ്ങൾ.

പ്രാരംഭം.

൧. (എ) 'വരണാധികാരി' എന്നാൽ ഈ ചട്ടങ്ങൾപ്രകാരം ഒരു വരണാധികാരിയുടെ കൃത്യങ്ങൾ എല്ലാമോ ഏതെങ്കിലുമോ ചെയ്യുന്നതിനായി ഗസറ്റിൽ പരസ്യംമൂലം ഗവർമ്മെന്റു നിയമിക്കാവുന്ന ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നതും തന്റെ കൃത്യങ്ങൾ ചെയ്യുന്നതിനായി വരണാധികാരിയാൽ ഒരു രേഖാമൂലമായ ഉത്തരവോടുകൂടി തൽക്കാലത്തേക്കു നിയോഗിക്കപ്പെടുന്ന ഏതെങ്കിലും ഉദ്യോഗസ്ഥൻ ആ പദത്തിൽ ഉൾപ്പെടുന്നതുമാകുന്നു,

(ബി) "തിരഞ്ഞെടുപ്പുകാർ" എന്നാൽ തിരഞ്ഞെടുപ്പുരജിസ്റ്ററിൽ തന്റെ പേരു ചേർക്കപ്പെട്ടിട്ടുള്ള ഒരാൾ എന്നർത്ഥമാകുന്നു.

൧-ാം ഭാഗം.

ജോലിക്കാർ ഒഴികെയുള്ള എല്ലാ നിയോജകമണ്ഡലങ്ങളിലും സാമാജികരെ തിരഞ്ഞെടുക്കുന്നതിനുള്ള ചട്ടങ്ങൾ.

തിരഞ്ഞെടുപ്പു രജിസ്റ്റർ.

൨. ഓരോ നിയോജകമണ്ഡലത്തിനുള്ള തിരഞ്ഞെടുപ്പുരജിസ്റ്ററിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. അതായതു, തിരഞ്ഞെടുപ്പുകാരന്റെ പേരും അച്ഛന്റെയോ കാരണവന്റെയോ പേരും മേൽവിലാസവും, യോഗ്യതയും അതു ഇതോടു അനുബന്ധിച്ചിട്ടുള്ള ൧-ാം ഫാറത്തിൽ എഴുതിയിരിക്കേണ്ടതും നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഓരോ രജിസ്ട്രേഷൻ പ്രദേശത്തിനു ഓരോഭാഗമായും രജിസ്ട്രേഷൻ പ്രദേശത്തിലുൾപ്പെട്ട ഓരോ പോളിങ്ങ് പ്രദേശത്തിനു ഓരോ ഖണ്ഡമായും അതിനെ വിഭജിച്ചിരിക്കേണ്ടതുമാകുന്നു. ഒരു രജിസ്ട്രേഷൻ പ്രദേശത്തിലെ ഓരോ പോളിങ്ങ് പ്രദേശത്തിനു പ്രത്യേകം നമ്പരു കൊടുക്കേണ്ടതും ഓരോ പോളിങ്ങ് പ്രദേശത്തിലുള്ള തിരഞ്ഞെടുപ്പുകാർക്കുള്ള ക്രമനമ്പരിടേണ്ടതും ആകുന്നു.

൩. രജിസ്റ്റർ അതാതു താലൂക്കിലെ നാട്ടുഭാഷയിൽ ആയിരിക്കേണ്ടതും എന്നാൽ ഏതെങ്കിലും പ്രത്യേക രജിസ്റ്ററോ രജിസ്റ്ററിന്റെ ഭാഗമോ മറ്റേതെങ്കിലും ഭാഷയിൽ പകർത്തേണ്ടതാണെന്നു ഗവർമ്മെന്റിനു ആജ്ഞാപിക്കാവുന്നതും ആകുന്നു.

൪. (എ) ഓരോ മുൻസിപ്പാലിറ്റിയും ഓരോ താലൂക്കിൽ മുൻസിപ്പൽ പ്രദേശം ഒഴിച്ചുള്ള പ്രദേശവും ഒരു പ്രത്യേക രജിസ്ട്രേഷൻപ്രദേശവും ആയിരിക്കുന്നതാണ്.

(ബി) ഓരോ മുൻസിപ്പാലിറ്റിക്കു നഗരസഭാദ്ധ്യക്ഷനും ഓരോ താലൂക്കിനു തഹശീൽദാരും രജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥന്മാർ ആയിരിക്കുന്നതാണ്.

എന്നാൽ, രജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥന്റെ ഏതെങ്കിലും അധികാരങ്ങളും കൃത്യങ്ങളും ഗവർമ്മെന്റിന്റെ അനുമതിയോടുകൂടി തൽക്കാലത്തേക്കു നിയോഗിക്കപ്പെടുന്ന ഏതൊരാളിനും നടത്തുകയും നിർവഹിക്കുകയും ചെയ്യാവുന്നതും അയാൾക്കു നിർവഹിക്കാനും നടത്തുകയും ചെയ്യാവുന്നതായ അധികാരങ്ങളേയും കൃത്യങ്ങളേയും സംബന്ധിച്ചുള്ള ഈ ഭാഗത്തിലെ വ്യവസ്ഥകൾ രജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥനെ സംബന്ധിക്കുന്നിടത്തോളം അപ്രകാരം നിയോഗിക്കപ്പെടുന്ന ആളിനെയും സംബന്ധിക്കുന്നതും ആകുന്നു.

൫. ഓരോ രജിസ്ട്രേഷൻ പ്രദേശത്തെയും പ്രാത്യേക പോളിങ്ങ് പ്രദേശങ്ങളായി വിഭജിക്കേണ്ടതാകുന്നു.

(എ) മുനിസിപ്പാലിററികളിൽ വാർഡുകളോ നഗരസഭയുടെ അനുമതിയോടുകൂടി നഗരസഭാദ്ധ്യക്ഷൻ നിശ്ചയിക്കാവുന്ന മററു പ്രദേശങ്ങളോ,

(ബി) മുനിസിപ്പൽ പ്രദേശങ്ങൾ അല്ലാത്ത സ്ഥലങ്ങളിൽ രജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥൻ നിശ്ചയിക്കാവുന്ന മററുപ്രദേശങ്ങളോ,

പോളിങ്ങ് പ്രദേശങ്ങൾ ആയിരിക്കുന്നതാണ്. എന്നാൽ സംഗതികളുടെ സ്ഥിതി അനുസരിച്ച് സമ്മതിദാനത്തിനു ന്യായമായ എല്ലാ പ്രായോഗികസൌകര്യങ്ങളും എല്ലാ തിരഞ്ഞെടുപ്പുകാക്കും ലഭിക്കത്തക്കവണ്ണം പോളിങ്ങ് പ്രദേശങ്ങൾ ഏർപ്പെടുത്തിയിരിക്കേണ്ടതാണ്.

൬. (എ) ഓരോ നിയോജകമണ്ഡലത്തിനുള്ള രജിസ്റ്ററിൽ തിരഞ്ഞെടുപ്പുകാരായി രജിസ്റ്റർ ചെയ്യുന്നതിനു യോഗ്യതയുണ്ടെന്നു വെളിപ്പെടുന്നവരായി തന്റെ രജിസ്ട്രേഷൻ പ്രദേശത്തിലുള്ള എല്ലാ ആളുകളുടെയും ഒരു ലിസ്റ്റ് അന്വേഷണം നടത്തിച്ച് തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യുന്നതു രജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥന്റെ കൃത്യമായിരിക്കുന്നതാണ്. ലിസ്റ്റുകൾ രജിസ്റ്ററിനു നിശ്ചയിച്ചിട്ടുള്ള ഫാറത്തിൽ തയ്യാറാക്കേണ്ടതും അവയിൽ ഒട്ടുക്കിയ കരത്തുകയുടെ വിവരങ്ങളോ വസ്തുസംബന്ധമായ യോഗ്യതകളുടെ സംഗതിയിൽ കൈവശമുള്ള വസ്തുവിന്റെ ആണ്ടടക്കമുള്ള ആദായമോ കാണിച്ചിരിക്കേണ്ടതും ആകുന്നു.

(ബി) പ്രാരംഭരജിസ്റ്ററുകൾ ഈ ലിസ്ററുകളിൽനിന്നു തയ്യാറാക്കുകയും അച്ചടിക്കുകയും വേണം. അവയെ ഇതിലേക്കായി ഗവണ്മെന്റു നിശ്ചയിക്കുന്ന തീയതിയിൽ കവിയാതെ രജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥന്റെ ആഫീസിൽ പതിച്ചു പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഈ ഖണ്ഡികയിലെ (സി) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള നോട്ടീസുകളോടുകൂടി രജിസ്റ്ററുകളുടെ പകർപ്പുകളെ ഒരു പരിശിഷ്ടഗസററായി പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(സി) അവകാശങ്ങളും ആക്ഷേപങ്ങളും ഇന്ന രീതിയിൽ ഇന്ന തീയതിക്കകം കൊടുക്കണമെന്നും അവയുടെ തീരുമാനത്തിനായി പരിശോധനാധികാരി ഇന്ന തീയതിയിൽ ഇന്ന സ്ഥലത്തു കൂടുമെന്നും വിവരിക്കുന്നതായ നോട്ടീസുകൾ, ൨-ാംഫാറമായി, രജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥൻ പ്രാരംഭരജിസ്റ്ററോടുകൂടി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പരിശോധനാധികാരി കൂടുന്നതിനു നിശ്ചയിക്കുന്നതായ തീയതി ഈ സംഗതിക്കായി ഗവണ്മെന്റു നിശ്ചയിക്കുന്ന തീയതി ആയിരിക്കുന്നതാണ്.

൭. ഓരോ രജിസ്ട്രേഷൻപ്രദേശത്തെ സംബന്ധിച്ചുള്ള ഭാഗങ്ങളുടെ പ്രതികൾ മുനിസിപ്പൽ പ്രദേശത്തിന്റെ സംഗതിയിൽ മുനിസിപ്പൽആഫീസിലും മററു പ്രദേശങ്ങളുടെ സംഗതിയിൽ അതാതു തഹശീൽദാർമാരുടെ ആഫീസുകളിലും പരിശോധനയ്ക്കും വില്പനയ്ക്കും ലഭിക്കുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ ഓരോ പകുതിയെസംബന്ധിച്ച വകുപ്പിലെ ഭാഗത്തിന്റെ ഒരു പ്രതി പ്രവൃത്തിക്കച്ചേരിയിലോ പകുതിയിൽ മററേതെങ്കിലും പ്രധാനസ്ഥലത്തോ പതിച്ചിരിക്കേണ്ടതുമാണ്.

൮. (എ) പ്രാരംഭരജിസ്റ്ററിൽ ഒരു തിരഞ്ഞെടുപ്പുകാരനായി രജിസ്റ്റർ ചെയ്യപ്പെടാൻ യോഗ്യനെന്നു അവകാശപ്പെടുകയും ചേർക്കപ്പെടാതിരിക്കുകയും ചെയ്തതോ ശരിയായല്ലാത്ത സ്ഥലത്തോ രീതിയിലോ ശരിയല്ലാത്ത വിവരങ്ങളോടുകൂടി ചേർക്കപ്പെടുകയോ ചെയ്യുന്ന യാതൊരുത്തനും തന്റെ പേർ രജിസ്റ്ററിൽ ഉണ്ടായിരിക്കുകയും, തന്റെയോ രജിസ്റ്ററിൽ പേരുള്ള മററാരുടെയെങ്കിലുമോ പേർ രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിനെ ആക്ഷേപിക്കുകയും ചെയ്യുന്ന യാതൊരുത്തനും പരിശോധനാധികാരി മുമ്പാകെ അവകാശമോ ആക്ഷേപമോ ബോധിപ്പിക്കാവുന്നതാകുന്നു. ആ മാതിരിയുള്ള അവകാശമോ ആക്ഷേപമോ ഈ സംഗതിക്കായി ഗവണ്മെന്റിൽനിന്നു നിശ്ചയിച്ചിട്ടുള്ള തീയതിക്കോ അതിനുമുമ്പോ രജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥന്റെപക്കൽ എത്തത്തക്കവണ്ണം ൩-ാം നമ്പരോ ൪-ാം നമ്പരോ ഫാറത്തിൽ അയയ്ക്കേണ്ടതാകുന്നു.

(ബി) അവകാശങ്ങളും ആക്ഷേപങ്ങളും മുഖദാവിൽ ബോധിപ്പിക്കുകയോ തപാലിലോ തപാലിലോ മാർഗ്ഗം അയയ്ക്കുകയോ ചെയ്യാവുന്നതാണ്.

(സി) നിശ്ചയിച്ചിട്ടുള്ള തീയതിക്കുശേഷം കിട്ടുന്നതായ അവകാശങ്ങളേയും ആക്ഷേപങ്ങളേയും തള്ളേണ്ടതാകുന്നു.

൯. മരിച്ചു എന്നു വിശ്വസിക്കാൻ തക്ക കാരണമുള്ള ആളുകളുടെ പേരുകൾ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ രജിസ്റ്ററിൽ നിന്നു സ്വമേധയായി മാററാവുന്നതും മററു ആവശ്യമുള്ള തിരുത്തലുകൾ ചെയ്യാവുന്നതും ആകുന്നു.

൧൦. ഇതിലേക്കായി ഗവണ്മെന്റിൽ നിന്നു നിശ്ചയിച്ചിട്ടുള്ള തീയതിയിൽ കവിയാതെ, രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ,—

(എ) നിശ്ചിതസമയത്തു കിട്ടിയതായ എല്ലാ അവകാശങ്ങളുടെയും ആക്ഷേപങ്ങളുടെയും സ്വമേധയായി താൻ ചെയ്തിട്ടുള്ള തിരുത്തലുകളുടെയും ലിസ്ററുകൾ ൫-ാം ഫാറത്തിൽ എഴുതി തന്റെ ആഫീസിൽ പതിക്കേണ്ടതും,

(ബി) ആരുടെ രജിസ്ട്രേഷനെക്കുറിച്ചു ആക്ഷേപം ഉണ്ടായോ ആ ആളിനു ആക്ഷേപത്തെ കുറിക്കുന്ന ഓരോ നോട്ടീസിന്റെയും പ്രതി അയയ്ക്കേണ്ടതും സ്വമേധയായി താൻ ചെയ്തിട്ടുള്ള തിരുത്തലുകളെക്കുറിച്ചു അതതു ആളുകൾക്കു അറിവു കൊടുക്കേണ്ടതും, ആകുന്നു.

(എ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ലിസ്ററുകളിലും (ബി) ഖണ്ഡപ്രകാരം അയയ്ക്കുന്ന പകർപ്പിലും അറിയിപ്പിലും അവകാശങ്ങളും ആക്ഷേപങ്ങളും തിരുത്തലുകളും പരിശോധനാധികാരി അതിൽ വിവരിച്ചിട്ടുള്ള സ്ഥലത്തും തീയതിയിലും ആലോചനയ്ക്കായി എടുക്കുന്നതാണെന്നു രജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥൻ അറിവു

കൊടുക്കേണ്ടതാണ്.

൧൧. ഓരോ രജിസ്ട്രേഷൻ പ്രദേശത്തിലേക്ക രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ അദ്ധ്യക്ഷനായും ആ ഡിവിഷനിലെ പേഷ്കാർ നിയമിക്കുന്ന രണ്ടു അനുദ്യോഗസ്ഥന്മാർ മെംബർമാരായും ചേർന്നിട്ടുള്ള ഒരു പരിശോധനാധികാരിയെ ഏർപ്പെടുത്തേണ്ടതാകുന്നു.

൧൨. നിശ്ചയിച്ച തീയതി മുതൽ എല്ലാ അവകാശങ്ങളും ആക്ഷേപങ്ങളും തീർച്ചചെയ്യുന്നതുവരെ പരിശോധനാധികാരി ദിവസംതോറും, പരസ്യമായി കച്ചേരി കൂടുന്നതാണ്. ഒരു അവകാശത്തെ നിരസിക്കുകയൊ ആക്ഷേപത്തെ നിഷേധിക്കുകയൊ ചെയ്യുന്നപക്ഷം അതിലേക്കുള്ള കാരണങ്ങളോടുകൂടി ഓരോ അവകാശത്തെയും ആക്ഷേപത്തെയും കുറിച്ചു രേഖാമൂലമായ ഉത്തരവു ചെയ്യേണ്ടതാണ്; രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന്മാർ സ്വമേധയായി ചെയ്ത തിരുത്തലുകളുടെ ലിസ്റ്റുകളിന്മേൽ പരിശോധനാധികാരി അവസാനതീർപ്പുകളും ചെയ്യേണ്ടതാകുന്നു.

രജിസ്റ്റർ അവസാനമായി പരസ്യം ചെയ്യൽ.

൧൩. പരിശോധനാധികാരിയുടെ ഉത്തരവുകൾ അനുസരിച്ചു രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ രജിസ്റ്ററുകളെ തിരുത്തേണ്ടതും അവസാന രജിസ്റ്ററുകളെ അച്ചടിപ്പിച്ചു ഈ സംഗതിക്കായി ഗവൺമെന്റു നിശ്ചയിച്ചിട്ടുള്ള തീയതിയിൽ കവിയാതെ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ ആഫീസിൽ അവയെ പതിച്ചു പ്രസിദ്ധപ്പെടുത്തേണ്ടതും ആകുന്നു. കൂടുതൽ സൌകര്യമുള്ളപക്ഷം പ്രാരംഭരജിസ്റ്ററുകളെ കൂടുതൽ ചേർപ്പുകളുടേയും തിരുത്തലുകളുടേയും ലിസ്റ്റുകളോടുകൂടി അവസാന രജിസ്റ്ററായി പ്രസിദ്ധപ്പെടുത്താവുന്നതാണ്. കൂടുതൽ ചേർപ്പുകളുടേയും തിരുത്തലുകളുടേയും ലിസ്റ്റുകളോ, കൂടുതൽ സൌകര്യമുള്ളപക്ഷം, പുതുക്കിയ മാതിരിയിൽ രജിസ്റ്റർ മുഴുവനുമൊ ഒരു പരിശിഷ്ടസാരമായി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ലിസ്റ്റുകളിലെ ഭാഗങ്ങളുടേയൊ ഓരോ രജിസ്ട്രേഷൻ പ്രദേശത്തേയും സംബന്ധിച്ച രജിസ്റ്ററിന്റെയൊ പ്രതികൾ കൂടി പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതും ൧-ാം ഖണ്ഡികയിൽ നിശ്ചയിച്ചിട്ടുള്ള രീതിയിൽ പകതികളിൽ പതിപ്പിരിക്കേണ്ടതും ആകുന്നു.

൧൪. രജിസ്റ്ററിന്റെയൊ തന്റെ രജിസ്ട്രേഷൻ പ്രദേശത്തെ സംബന്ധിക്കുന്ന രജിസ്റ്ററിന്റെ ഭാഗത്തിന്റെയൊ രണ്ടു പ്രതികളിൽ ഓരോ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥനും ഒപ്പിടേണ്ടതാണ്. അവയിൽ ഒന്നിനെ തന്റെ ആഫീസിൽ വച്ചുകൊള്ളേണ്ടതും മറ്റേതിനെ നിയോജകമണ്ഡലത്തിലെ വരണാധികാരിക്ക അയക്കേണ്ടതും ആകുന്നു.

൧൫. വരണാധികാരി ഓരോ രജിസ്റ്ററിന്റേയും പ്രത്യേക ഭാഗങ്ങളെ ഒന്നായി ചേർത്തു ഓരോ നിയോജകമണ്ഡലത്തിനും ഒരു പൂർണ്ണമായ രജിസ്റ്റർ ഉണ്ടാക്കുകയും വേണം.

൧൬. വരണാധികാരികളും രജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥന്മാരും രജിസ്റ്ററുകളുടെ അല്ലെങ്കിൽ രജിസ്റ്ററുകളുടെ ഭാഗങ്ങളുടേയും കൂടുതൽ ചേർപ്പുകളേയും തിരുത്തലുകളേയും കുറിക്കുന്ന ലിസ്റ്റുകളുടേയും പ്രതികൾ പരിശോധനയ്ക്കും വില്പനക്കുമായൊ പോൾ നടത്തുന്ന അദ്ധ്യക്ഷന്മാർക്ക അയച്ചുകൊടുക്കുന്നതിനായോ അവരുടെ ആഫീസുകളിൽ സൂക്ഷിക്കേണ്ടതാകുന്നു.

൧൭. അവകാശങ്ങൾക്കും ആക്ഷേപനോട്ടീസുകൾക്കും ഉള്ള ഫാറങ്ങൾ ആരുടേയും അപേക്ഷപ്രകാരം രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ വിലകൂടാതെ കൊടുക്കേണ്ടതാണ്.

൧൮. ഈ ഭാഗമനുസരിച്ചു ആർക്കെങ്കിലും രജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥൻ അയക്കേണ്ടതായ ഏതെങ്കിലും നോട്ടീസ് ആ സംഗതിക്കായി അയാൾ കൊടുത്തിട്ടുള്ളപ്രകാരമൊ രജിസ്റ്ററിൽ കാണുന്നപ്രകാരമൊ ഉള്ള മേൽവിലാസത്തിലൊ അപ്രകാരം ഒരു മേൽവിലാസം ഇല്ലാത്തപക്ഷം അയാൾ ഒടുവിൽ താമസിക്കുന്നതായി അറിവു കിട്ടിയ സ്ഥലത്തേക്കൊ അഞ്ചൽമാർഗ്ഗമാകട്ടെ തപാൽമാർഗ്ഗമാകട്ടെ അയച്ചാൽ അതു വേണ്ടുംവണ്ണം അയച്ചിട്ടുള്ളതായിരിക്കും.

൧൯. ഏതെങ്കിലും അവകാശത്തെയൊ ആക്ഷേപത്തെയൊ മററു സംഗതിയേയൊ പരിശോധനാധികാരി ചിന്തിക്കുന്നതിൽ അതിൽ താല്പര്യമുള്ളതായി കാണുന്ന വല്ലയാളും മുഖദാവിലൊ മുഖപ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള കാര്യസ്ഥൻ മുഖാന്തരമൊ ഹാജരായി ബോധിപ്പിക്കാവുന്നതാണ്.

൨൦. (൧) തിരഞ്ഞെടുപ്പു നടത്തുന്നതിനായി ഗവൺമെന്റു നിശ്ചയിക്കുന്ന തീയതിക്കു മുപ്പതു ദിവസത്തിൽ കുറയാതെ മുമ്പായി താഴെ പറയുന്ന സംഗതികളെ കുറിക്കുന്ന ഒരു പരസ്യം വരണാധികാരി തയ്യാറാക്കി പ്രസിദ്ധപ്പെടുത്തേണ്ടതാണ്:—

(എ) തിരഞ്ഞെടുക്കേണ്ട ആളുകളുടെ എണ്ണം,

(ബി) ഏതു നിയോജകമണ്ഡലങ്ങൾക്കായി അവരെ തിരഞ്ഞെടുക്കേണമെന്നു,

(സി) നിർദ്ദേശങ്ങൾ ഇന്ന രീതിയിൽ ഇന്ന മണിക്കൂറുകൾക്കുള്ളിൽ വരണാധികാരിയുടെ അടുക്കൽ ഹാജരാക്കേണ്ടതാണെന്നു,

(ഡി) നിർദ്ദേശപത്രങ്ങൾ പരിശോധനയ്ക്കായിട്ടെടുക്കുന്ന തീയതി തിരഞ്ഞെടുപ്പു തീയതിക്കു പതിനഞ്ചു ദിവസത്തിൽ കുറയാതെ മുമ്പായിരിക്കേണ്ടതാണ്,

(ഇ) ഒരു പോൾ വേണ്ടിവരുന്നപക്ഷം തിരഞ്ഞെടുപ്പുകാരുടെ സമ്മതികൾ വാങ്ങുന്നതായ ദിവസവും സ്ഥലവും അല്ലെങ്കിൽ സ്ഥലങ്ങളും രാവിലെ ൭ മണി മുതൽ വൈകുന്നേരം ൫ മണിവരെ പത്തു മണിക്കൂറിൽ കുറയാതെ പോൾ തുറന്നിരിക്കുന്നതായ മണിക്കൂറുകളും,

(എഫ്) സമ്മതികൾ എണ്ണുന്നതിനായി വരണാധികാരി ആരംഭിക്കുന്ന ദിവസവും സ്ഥലവും മണിക്കൂറും.

(൨) പരസ്യം ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓരോ നിയോജകമണ്ഡലത്തിനുള്ളിൽ മുനിസിപ്പൽ ആഫീസുകളിലും അതതു ഡിവിഷൻപേഷ്കാരന്മാരുടെയും തഹശീൽദാരന്മാരുടെയും സബ്‌രജിസ്ട്രാരന്മാരുടെയും ആഫീസുകളിലും ഓരോ പോലീസ് സ്റ്റേഷനിലും പ്രധാനപ്പെട്ട അഞ്ചലാഫീസൊ തപാലാഫീസൊ ആഫീസിലും പ്രവൃത്തികച്ചേരിയിലും പതിക്കുന്നതിനായി പരസ്യത്തിന്റെ പ്രതികൾ വരണാധികാരി ഉടൻതന്നെ അയക്കേണ്ടതാണ്.

അപേക്ഷകന്മാരുടെ നിർദ്ദേശം.

൨൭. (എ) ഓരോ അപേക്ഷകനെ നിർദ്ദേശിക്കുന്നതു ൫-ാം ഫാറത്തിലുള്ള ഒരു നിർദ്ദേശപത്രംമൂലം ആയിരിക്കേണ്ടതും നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പുരജിസ്റ്ററിൽ പേരുള്ള ഏതു തിരഞ്ഞെടുപ്പുകാരൻ ആവശ്യപ്പെട്ടാലും ആയതു രജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥനോ വരണാധികാരിയോ കൊടുക്കേണ്ടതും ആകുന്നു.

(ബി) ഓരോ നിർദ്ദേശപത്രത്തിലും നിർദ്ദേശകനും ഉപനിർദ്ദേശകനുമായി രണ്ടു തിരഞ്ഞെടുപ്പുകാർ എഴുതി ഒപ്പിട്ടിരിക്കേണ്ടതും തിരഞ്ഞെടുപ്പിനു നിൽക്കാൻ തനിക്കു സമ്മതമാണെന്നു പറഞ്ഞും തന്റെ തിരഞ്ഞെടുപ്പു ഏജന്റിനെ നിർദ്ദേശിച്ചും അപേക്ഷകൻ ഒരു പ്രതിജ്ഞ എഴുതി ഒപ്പിടേണ്ടതും ആകുന്നു.

(സി) നിർദ്ദേശകനും ഉപനിർദ്ദേശകനും അപേക്ഷകനും രജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെവച്ചു ഒപ്പിടേണ്ടതും അതിനുശേഷം രജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥൻ അതിൽ ഒപ്പിടേണ്ടതും ആകുന്നു.

(ഡി) നിർദ്ദേശപത്രങ്ങൾ സ്വീകരിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള സമയത്തിനുമുമ്പായി എല്ലാ നിർദ്ദേശപത്രങ്ങളും രജിസ്റ്റർചെയ്തു അഞ്ചൽമാർഗ്ഗമോ തപാൽമാർഗ്ഗമോ വരണാധികാരിക്കു അയച്ചുകൊടുക്കേണ്ടതാകുന്നു.

൨൮. നിശ്ചിതസമയത്തിനുമുമ്പു വരണാധികാരിയുടെ പക്കൽ കിട്ടാത്തതായ നിർദ്ദേശപത്രങ്ങളെ നിരാകരിക്കുന്നതാകുന്നു.

൨൯. നിർദ്ദേശപത്രങ്ങൾ ലഭിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള ദിവസം അവ കിട്ടുന്നതിനുള്ള സമയം കഴിഞ്ഞുടൻ വരണാധികാരി പ്രഥമദൃഷ്ട്യാ സാധുവായിരിക്കുന്ന നിർദ്ദേശങ്ങളുടെ ഒരു ലിസ്റ്റു ൭-ാംഫാറത്തിൽ തയ്യാറാക്കേണ്ടതും ൨൦ (എ) (ഡി) ചട്ടത്തിൽ നിശ്ചയിച്ചുള്ള തീയതിയിൽ താൻ വിവരിച്ചിട്ടുള്ള സ്ഥലത്തും സമയത്തുംവച്ചു പരിശോധനയ്ക്കായി നിർദ്ദേശപത്രങ്ങൾ എടുക്കുന്നതാണെന്നുള്ള ഒരു പരസ്യത്തോടുകൂടി തന്റെ ആഫീസിലെ പരസ്യപ്പലകയിൽ അതിനെ പ്രസിദ്ധപ്പെടുത്തേണ്ടതും ആകുന്നു.

നിർദ്ദേശപത്രങ്ങൾ.

പരിശോധന.

൩൦. (എ) നിർദ്ദേശപത്രങ്ങൾ പരിശോധനയ്ക്കായി നിശ്ചയിച്ചിട്ടുള്ള തീയതിയിലും സമയത്തിലും ഓരോ അപേക്ഷകനും അയാളുടെ നിർദ്ദേശകനും ഉപനിർദ്ദേശകനും തിരഞ്ഞെടുപ്പു കാര്യസ്ഥനും നിശ്ചയിച്ചിട്ടുള്ള സ്ഥലത്തു ഹാജരാകാവുന്നതും വരണാധികാരി മേൽപറഞ്ഞപോലെ തന്റെ പക്കൽ കിട്ടിയിട്ടുള്ള എല്ലാ അപേക്ഷകന്മാരുടെയും നിർദ്ദേശപത്രങ്ങളെ പരിശോധിക്കുന്നതിനായി അവർക്കു എല്ലാ ന്യായമായ സൌകര്യങ്ങളും കൊടുക്കേണ്ടതും ആകുന്നു.

(ബി) വരണാധികാരി നിർദ്ദേശപത്രങ്ങളെ പരിശോധിക്കേണ്ടതും ഈ പട്ടികയിലെ ൨൫-ാം ഖണ്ഡികപ്രകാരം സാധുവല്ലെന്നുള്ള കാരണത്താൽ ഏതെങ്കിലും പത്രത്തിനു പുറപ്പെടുവിക്കാവുന്ന എല്ലാ ആക്ഷേപങ്ങളെയും തീരുമാനപ്പെടുത്തേണ്ടതും, സ്വമേധയായോ ആ ആക്ഷേപത്തെ ആസ്പദമാക്കിയോ, ആ കാരണത്തിന്മേൽ ഏതെങ്കിലും നിർദ്ദേശപത്രത്തെ നിരാകരിക്കാവുന്നതും ആകുന്നു. എല്ലാ സംഗതിയിലും വരണാധികാരിയുടെ തീർപ്പിനെ ആ തീർപ്പു ഏതു നിർദ്ദേശപത്രത്തെ സംബന്ധിക്കുന്നുവോ ആ പത്രത്തിൽ പുറത്തെഴുതേണ്ടതാകുന്നു.

൩൧. (എ) ഈ ഭാഗത്തിന്റെ ൨൯-ാം ഖണ്ഡികയിൽ വിവരിച്ചിട്ടുള്ള മാതിരി നിർദ്ദേശപത്രങ്ങളെ നല്ലവണ്ണം പരിശോധിച്ചിട്ടു സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്തതിനുശേഷം, വരണാധികാരി ൮-ാം ഫാറത്തിൽ സാധുവായ നിർദ്ദേശങ്ങളുടെ ഒരു അവസാനലിസ്റ്റു തയ്യാറാക്കുകയും അതിനെ തിരഞ്ഞെടുപ്പിനു നിശ്ചയിച്ചിട്ടുള്ള തീയതിക്കു കുറഞ്ഞപക്ഷം പത്തു ദിവസത്തിനുമുമ്പു തന്റെ ആഫീസിലുള്ള പരസ്യപ്പലകയിൽ പതിക്കുകയും ചെയ്യേണ്ടതാകുന്നു.

(ബി) അവസാന ലിസ്റ്റു ഗസറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു. അതോടൊപ്പം ലിസ്റ്റിന്റെ പ്രതികൾ ഓരോ നിയോജകമണ്ഡലത്തിലുമുള്ള മുനിസിപ്പൽ കച്ചേരികൾ, അതിനെസംബന്ധിച്ചതായ ഡിവിഷൻ പേഷ്കാർ, തഹശീൽദാരന്മാർ, സബ് മജിസ്ട്രേട്ടന്മാർ ഇവരുടെ കച്ചേരികൾ, ഓരോ ഗ്രാമീണപോളിങ്ങ്സ്ഥലം, പ്രധാനതപാലും അഞ്ചൽ ആഫീസുകൾ, പ്രവൃത്തിക്കച്ചേരി ഇവിടങ്ങളിൽ പതിക്കുന്നതിലേക്കു അയക്കേണ്ടതാകുന്നു.

(സി) അവസാന ലിസ്റ്റിൽ നിർദ്ദേശപത്രങ്ങളിൽ കാണുന്നപ്രകാരം അപേക്ഷകന്മാരുടെ വിവരണം ചേർത്തിരിക്കേണ്ടതും അവരുടെ പേരുകൾ അക്ഷരക്രമം അനുസരിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കേണ്ടതും ആകുന്നു.

൩൨. (എ) തിരഞ്ഞെടുക്കുന്നതിനു ക്രമപ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു അപേക്ഷകൻ, സമ്മതിരേഖപ്പെടുത്തുന്നതിനു നിശ്ചയിച്ചിട്ടുള്ള തീയതിക്കു പത്തു പൂർണ്ണദിവസങ്ങൾക്കുമുമ്പു രേഖാമൂലമുള്ളതും ഒപ്പു വച്ചിട്ടുള്ളതും ആയ ഒരു എഴുത്തു വരണാധികാരിക്കു അയച്ചിട്ടു തന്റെ അപേക്ഷയെ പിൻവലിക്കാവുന്നതാണ്.

(ബി) അപ്രകാരം പിൻവലിച്ചിട്ടുള്ള വിവരത്തെ ഉടൻ വരണാധികാരി പരസ്യപ്പെടുത്തുകയും ബാലട്ടു കടലാസ്സ് അച്ചടിച്ചുപോയെങ്കിൽ അതിൽനിന്നു അപേക്ഷ പിൻവലിച്ച അപേക്ഷകന്റെ പേർ മാററുകയും ചെയ്യേണ്ടതാകുന്നു.

൩൩. (എ) ഒന്നിൽ കൂടുതൽ അപേക്ഷകന്മാരുള്ളതുകൊണ്ടു ഒരു പോൾ എടുക്കേണ്ടതായി വരുന്നെങ്കിൽ ഓരോ പോളിങ്ങ് സ്ഥലത്തിനും ഒന്നോ കൂടുതലോ വരണാധികാരികളെ പ്രസ്തുത ഡിവിഷനിലെ പേഷ്കാർ നിയമിക്കേണ്ടതാകുന്നു. ആവശ്യമുള്ളപക്ഷം സമ്മതിദായകന്മാരെ തിരിച്ചറിയുന്നതിനു അദ്ധ്യക്ഷനെ സഹായിക്കുന്നതിനു ഒന്നോ കൂടുതലോ ഉദ്യോഗസ്ഥന്മാരേയും പേഷ്കാർ നിയമിക്കാവുന്നതാകുന്നു.

(ബി) തിരഞ്ഞെടുപ്പു രജിസ്റ്ററിൽ ഏതു പോളിങ്ങ് സ്ഥലത്തിനു കീഴ് തന്റെ പേർ ചേർത്തിരിക്കുന്നുവോ ആ സ്ഥലത്തല്ലാതെ വേറൊരിടത്തും ഒരു തിരഞ്ഞെടുപ്പുകാരനെ സമ്മതിദാനം ചെയ്വാൻ അനുവദിക്കുന്നതല്ല.

സമ്മതിദാനം.

൨൮. അദ്ധ്യക്ഷന്മാർ സ്ഥലത്തു ക്രമപരിപാലനംചെയ്യുകയും, തിരഞ്ഞെടുപ്പു ന്യായാനുസൃതം നടത്തുകയും, ഒരേ സമയത്തു അകത്തു പ്രവേശനം അനുവദിക്കേണ്ട തിരഞ്ഞെടുപ്പുകാരുടെ സംഖ്യ ക്രമപ്പെടുത്തുകയും, തന്റെ ഗുമസ്തന്മാർ, അപേക്ഷകന്മാർ അല്ലെങ്കിൽ പോളിങ്ങ്സ്ഥലത്തു തനിക്കുവേണ്ടി ഹാജരാകുന്നതിനു ഓരോരുത്തൻ അപേക്ഷകൻ നിയമിച്ചിട്ടുള്ള കാര്യസ്ഥൻ, ഡ്യൂട്ടിയിൽ ഏർപ്പെട്ട പൊലീസുകാർ, തിരഞ്ഞെടുപ്പുകാരെ തിരിച്ചറിയുന്നതിലേക്കുവേണ്ടി പ്രവേശനം അനുവദിച്ചിട്ടുള്ള ആളുകൾ, ഇവരൊഴികെ മററു എല്ലാപേരേയും പിരിച്ചയയ്ക്കുകയും ചെയ്യേണ്ടതാകുന്നു.

൨൯. ബാലട്ടുപെട്ടി, ബാലട്ടുകടലാസ്സ് അതിനകത്തു ഇടത്തക്കവണ്ണവും പെട്ടി തുറക്കാതെ അതു തിരിച്ചെടുക്കാൻ നിവൃത്തിയില്ലാത്തവണ്ണവും പണികഴിപ്പിച്ചിരിക്കണം. പോൾ തുടങ്ങുന്നതിനു മുമ്പായി അദ്ധ്യക്ഷൻ പോളിങ്ങ്സ്ഥലത്തു ഹാജരുള്ള ആളുകളെ ഒഴിഞ്ഞതായ ബാലട്ടുപെട്ടി കാണിക്കുകയും പിന്നീടു അതിനെ പൂട്ടി മുദ്രപൊട്ടിക്കാതെ പെട്ടി തുറക്കാൻ പാടില്ലാത്തവിധം മുദ്രവച്ചു ബാലട്ടുകടലാസ്സുകൾ ഇടുന്നവർക്കു തൻ കാണത്തക്കവണ്ണം മുമ്പിൽ വയ്ക്കുകയും അപ്രകാരം പൂട്ടി മുദ്രവച്ചു സൂക്ഷിക്കുകയും ചെയ്യേണ്ടതാകുന്നു. ബാലട്ടുപെട്ടിയുടെ താക്കോലും മുദ്രപ്പടി സൂക്ഷിക്കേണ്ടതാകുന്നു.

൩൦. ഓരോ അദ്ധ്യക്ഷനും തനിക്കു ആവശ്യമെന്നുതോന്നുന്ന ഗുമസ്തന്മാരേയും, അദ്ധ്യക്ഷന്റെ പോളിങ്ങ് സ്ഥലത്തേക്കു തിരഞ്ഞെടുപ്പു രജിസ്റ്ററിന്റെ പ്രതികൾ, ബാലട്ടുകടലാസ്സുകൾ ബാലട്ടുപെട്ടികൾ, നിർദ്ദിഷ്ടന്മാരുടെ ലിസ്റ്റ്, അപ്രകാരമുള്ള മററു പത്രങ്ങൾ, ആവശ്യമുള്ള സ്റ്റേഷനറി, അച്ചടിഫാറങ്ങൾ ഇവയേയും ഡിവിഷൻപേഷ്കാർ കൊടുക്കേണ്ടതാകുന്നു.

൩൧. എല്ലാ ബാലട്ടു കടലാസ്സും, ൯-ാം ഫാറത്തിൽ ആയിരിക്കേണ്ടതും അതിൽ അപേക്ഷകന്മാരുടെ പൂർണ്ണമായ പേരു അക്ഷരക്രമത്തിൽ അച്ചടിച്ചിരിക്കേണ്ടതും ആകുന്നു. പൂർണ്ണമായ പേരു ഒന്നുതന്നെ ആയിരിക്കുന്ന രണ്ടു അപേക്ഷകന്മാരുള്ളപക്ഷം, അവരുടെ തൊഴിൽ ചേർത്തോ മററു വിധത്തിലോ അവരെ വ്യത്യാസപ്പെടുത്തിയിരിക്കേണ്ടതാകുന്നു.

൩൨. (൧) ഒരാൾ സമ്മതിദാനം ചെയ്യുന്നതിനു ഹാജരാകുമ്പോഴും, എന്നാൽ അതിനു മുമ്പല്ലാതേയും, അദ്ധ്യക്ഷനോ അല്ലെങ്കിൽ തിരഞ്ഞെടുപ്പു രജിസ്റ്റർ നോക്കി സമ്മതിദായകന്മാരുടെ പരിശോധന കഴിക്കുന്നതിനു നിയമിച്ചിട്ടുള്ള ഗുമസ്തനോ, താഴെപ്പറയുന്ന രണ്ടു ചോദ്യങ്ങളോ അതിലൊന്നോ, സ്വമേധയായി ചോദിക്കാവുന്നതും, ഒരു അപേക്ഷകനോ അയാളുടെ കാര്യസ്ഥനോ ആവശ്യപ്പെടുന്നപക്ഷം ചോദിക്കേണ്ടതും ആകുന്നു:—

(എ) താഴെപ്പറയുംപ്രകാരം പേർ ചേർത്തിട്ടുള്ള ആൾ നിങ്ങളാണോ? (രജിസ്റ്ററിൽ നിന്നു എടുത്തിട്ടുള്ളതു മുഴുവൻ വായിക്കണം.)

(ബി) ഈ തിരഞ്ഞെടുപ്പിൽ ഈ നിയോജകമണ്ഡലത്തിലേക്കോ അതല്ല വേറെ ഏതെങ്കിലും പൊതു നിയോജകമണ്ഡലത്തിലേക്കോ നിങ്ങൾ സമ്മതിദാനം ചെയ്തുകഴിഞ്ഞോ?

(൨) ഈ ചോദ്യങ്ങളിൽ ഒന്നിന്റെയെങ്കിലും ഉത്തരംപറയാൻ ആവശ്യപ്പെടുന്ന ആൾ (എ) ചോദ്യത്തിനു അനുസരണരൂപമായ ഒരു ഉത്തരവും (ബി) ചോദ്യത്തിനു നിഷേധരൂപമായ ഒരു ഉത്തരവും പറയുന്നതുവരെ അയാളുടെ സമ്മതിദാനം അനുവദിച്ചുകൂടുന്നതല്ല.

(൩) സമ്മതിദാനം ചെയ്യുന്നതിനു ഹാജരാകുന്ന എല്ലാ ആളുകളുടേയും പേരും തിരഞ്ഞെടുപ്പു രജിസ്റ്ററിൻപ്രകാരമുള്ള നമ്പരും ൧൦-ാം ഫാറത്തിലുള്ള ഒരു കയ്യൊപ്പു ഷീട്ടിൽ എഴുതേണ്ടതും, സമ്മതിദായകൻ ഒപ്പിടുന്നതിനായി കൊടുത്തിട്ടുള്ള കള്ളിയിൽ കയ്യൊപ്പുവയ്ക്കേണ്ടതും കയ്യൊപ്പുവയ്ക്കാൻ കഴിയാത്തപക്ഷം അവിടെ അവരുടെ പെരുവിരലടയാളം വയ്ക്കേണ്ടതും ആകുന്നു. വല്ല ശരീരവൈകല്യത്താൽ വിരലടയാളം വയ്ക്കാൻ സാധിക്കാത്തപക്ഷം ആ വിവരം അദ്ധ്യക്ഷൻ കയ്യൊപ്പുഷീട്ടിൽ കുറിയ്ക്കേണ്ടതാകുന്നു.

(൪) സമ്മതിദായകൻ അയാളുടെ ഷീട്ട് അദ്ധ്യക്ഷന്റെ കയ്യിൽ കൊടുക്കേണ്ടതാണ്. അതിൽ ക്രമപ്രകാരം ഒപ്പുവയ്ക്കുകയോ വിരലടയാളം വയ്ക്കുകയോ ചെയ്തിട്ടുണ്ടെന്നു തനിക്കു തൃപ്തിവന്നതിനുശേഷം അദ്ധ്യക്ഷൻ അതിനെ ഫയലിൽ ചേർക്കേണ്ടതാകുന്നു.

എന്നാൽ സമ്മതിദായകൻ ഇന്നാരാണെന്നു തിരിച്ചറിയുന്നതിൽ സംശയം ജനിക്കുന്നെങ്കിൽ അദ്ധ്യക്ഷൻ, സമ്മതിദായകനെ തിരിച്ചറിയാവുന്ന അവിടെയുള്ള ഒരാളെക്കൊണ്ടു ഷീട്ടിനെ സാക്ഷിപ്പെടുത്താവുന്നതാകുന്നു. അപ്രകാരമുള്ള ഒരാൾ അവിടെ ഇല്ലാത്തപക്ഷം സമ്മതിദായകൻ ഇന്നാരാണെന്നുള്ള കാര്യം സംശയജനകമാണെന്നുള്ള വസ്തുത അദ്ധ്യക്ഷൻ ഷീട്ടിൽ എഴുതേണ്ടതാകുന്നു.

൩൩. ഒരു ബാലട്ടു കടലാസ്സ് അതായതു ൯-ാം ഫാറത്തിന്റെ അസൽ സമ്മതിദായകനു കൊടുക്കുന്നതിനു ഉടൻ മുമ്പ്, അദ്ധ്യക്ഷൻ,

(i) അതിന്റെ പുറകുവശത്തു അടയാളംവയ്ക്കുകയും,

(ii) തിരഞ്ഞെടുപ്പു രജിസ്റ്ററിൽ ൯-ാം ഫാറത്തിന്റെ അതേ കൗണ്ടർഫോയിലിൽ സമ്മതിദായകന്റെ നമ്പർ എഴുതുകയും,

(iii) തിരഞ്ഞെടുപ്പു രജിസ്റ്ററിൽ സമ്മതിദായകന്റെ പേരിനെതിരെ തന്റെ അടയാളം വയ്ക്കുകയും, ചെയ്യേണ്ടതാകുന്നു.

അതിനുശേഷം അദ്ധ്യക്ഷൻ അയാൾക്കു ബാലട്ടുകടലാസ്സ് കൊടുക്കേണ്ടതാണ്.

൩൪. ബാലട്ടു കടലാസ്സ് കിട്ടിയാൽ ഉടൻ സമ്മതിദായകൻ പ്രത്യേകം നിശ്ചയിച്ചിട്ടുള്ള സ്ഥലത്തുപോയി ആരുടെ ആൾക്കുവേണ്ടി സമ്മതിദാനം ചെയ്വാൻ ഉദ്ദേശിക്കുന്നോ ആ അപേക്ഷകന്റെയോ അപേക്ഷകരുടെ

അപേക്ഷകന്റെ പേരിനു എതിരെ ഒരു കുരിശു അടയാളം ഇടേണ്ടതാകുന്നു. അതിനുശേഷം തന്റെ സമ്മതിദായകൻ ആരും കാണാതെ ബാലട്ടുകടലാസിനെ മടക്കുകയും, അപ്രകാരം മടക്കിയതിനെ ബാലട്ടുകടലാസിനെ ബാലട്ടുപെട്ടിയിൽ ഇടുകയും ചെയ്യേണ്ടതാകുന്നു. ഏതെങ്കിലും പോളിങ് സ്ഥലത്തു ഒന്നിൽ കൂടുതൽ നിയോജകമണ്ഡലങ്ങൾ ഉണ്ടായിരിക്കുകയും, ആ സ്ഥലത്തു വോട്ടു ചെയ്യുന്നതിനു രജിസ്റ്ററിൽ ചേർത്തിട്ടുള്ള സമ്മതിദായകന്മാർ പ്രത്യേകം പ്രത്യേകം ചെയ്യുമ്പോൾ, ഓരോ നിയോജകമണ്ഡലത്തിനും പ്രത്യേകം ബാലട്ടുപെട്ടികൾ കൊടുക്കാതെയും ഒരു പൊതുവായ പെട്ടി എല്ലാ നിയോജകമണ്ഡലങ്ങൾക്കുമായി ഉപയോഗിക്കാവുന്നതും ആകുന്നു. ബാലട്ടുകടലാസിനെ മടക്കിയതിന്റെശേഷം സമ്മതിദായകൻ അതിനെ അദ്ധ്യക്ഷൻ അതിലേക്കു കൊടുക്കുന്നതായ ഒരു കവറിൽ ഇടേണ്ടതും കവറിനെ അടച്ചു അദ്ധ്യക്ഷന്റെ കയ്യിൽ കൊടുക്കേണ്ടതും അദ്ധ്യക്ഷൻ ഉടൻ അതിനെ മുദ്രവച്ചു പൊതു ബാലട്ടുപെട്ടിയിൽ ഇടുന്നതിനു സമ്മതിദായകനെ തിരികെ കൊടുക്കേണ്ടതും ആകുന്നു. വോട്ടു അവസാനിച്ചയുടൻ പെട്ടി തുറക്കുകയും കവറുകളെ തരംതിരിച്ചു മുദ്രവച്ചു വെറിയ കൂടുകളിലാക്കി ൩൮-ം ൪൦-ം ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നമാതിരി അതാതു വരണാധികാരികൾക്കു അയച്ചുകൊടുക്കുകയും ചെയ്യേണ്ടതാകുന്നു.

൩൪. (൧) ബാലട്ടുകടലാസ് വായിക്കുന്നതിനോ അതിൽ കുരിശടയാളം ഇടുന്നതിനോ ഒരു സമ്മതിദായകനു കഴിയാതെ വരുകയും അപ്രകാരം ചെയ്യുന്നതിനു സഹായം അപേക്ഷിക്കുകയും ചെയ്യുന്നപക്ഷം അദ്ധ്യക്ഷൻ അതിനെ അയാളെ വായിച്ചുകേൾപ്പിക്കുകയും ആവശ്യപ്പെടുന്നപക്ഷം സമ്മതിദായകന്റെ അഭിപ്രായംപോലെ ബാലട്ടുകടലാസിനെ അടയാളപ്പെടുത്തുകയും അതിനെ ബാലട്ടുപെട്ടിയിൽ ഇടുന്നതിനു അയാളുടെ പക്കൽ കൊടുക്കുകയും ചെയ്യേണ്ടതാകുന്നു.

(൨) അദ്ധ്യക്ഷൻ ഇപ്രകാരം അടയാളപ്പെടുത്തിയിട്ടുള്ള ബാലട്ടുകടലാസ്സോടുകൂടിയ എല്ലാ സമ്മതിദായകന്മാരുടെ സംഗതിയിലും ൯-ാം ഫാറത്തിലെ അതതുകോളത്തിൽ അപ്രകാരം അടയാളപ്പെടുത്തുന്നതിനുള്ള കാരണം അദ്ധ്യക്ഷൻ എഴുതേണ്ടതാകുന്നു.

൩൫. (൧) ക്രമപ്രകാരം അടയാളപ്പെടുത്തിയിട്ടില്ലാത്തതോ ഒന്നിൽ കൂടുതൽ അപേക്ഷകന്മാർക്കു സമ്മതികൊടുത്തിട്ടുള്ളതോ പിന്നീടു സമ്മതിദായകനെ തിരിച്ചറിയുന്നതിലേക്കായി വല്ല അടയാളവും രേഖപ്പെടുത്തിയിട്ടുള്ളതോ ആയ ഏതൊരു ബാലട്ടുകടലാസ്സും അസാധുവാണ്.

(൨) ഒരു അപേക്ഷകന്റെ പേരിനെതിരായി ഒന്നിൽ കൂടുതൽ കുരിശടയാളങ്ങൾ ഇട്ടിരുന്നാൽ അവ അയാൾക്കു അനുകൂലമായ ഒരു സമ്മതിയായിട്ടു കരുതുകയുള്ളു. എന്നാൽ ഒന്നിൽകൂടുതൽ അപേക്ഷകന്മാരുടെ പേരിനെതിരായി ആ സമ്മതിദായകൻ കുരിശടയാളങ്ങൾ ഇട്ടിരിക്കാൻ പാടില്ലാത്തതാകുന്നു.

(൩) ഒരു കുരിശടയാളമോ കുരിശടയാളങ്ങളിൽ ഏതെങ്കിലും ഒന്നോ ഏതു അടയാളം ഏതു അപേക്ഷകനെ ഉദ്ദേശിച്ചാണു ഇട്ടിരിക്കുന്നതെന്നു സംശയം വരത്തക്കവണ്ണം ഇട്ടിരിക്കുന്നപക്ഷം ആ സമ്മതി അസാധുവാകുന്നതാണ്.

൩൬. ഒരാൾ തിരഞ്ഞെടുപ്പു രജിസ്റ്ററിൽ പറഞ്ഞിട്ടുള്ള ഇന്ന ഒരു തിരഞ്ഞെടുപ്പുകാരൻ എന്നു പറഞ്ഞുകൊണ്ടു, ആ തിരഞ്ഞെടുപ്പുകാരന്റെനിലയിൽ വേറൊരാൾ സമ്മതിദാനം ചെയ്തതിനുശേഷം, ബാലട്ടുകടലാസ്സിനു അപേക്ഷിക്കുന്നപക്ഷം അദ്ധ്യക്ഷൻ ചോദിക്കുന്നതായ ചോദ്യങ്ങൾക്കു ക്രമപ്രകാരം മറുപടികൊടുത്തിട്ടു ആ അപേക്ഷകനു മറ്റു ഏതെങ്കിലും സമ്മതിദായകനെപ്പോലെ ബാലട്ടുകടലാസിനെ അടയാളപ്പെടുത്തുന്നതിനു അവകാശമുണ്ടായിരിക്കുന്നതാണ്. (എതിർപ്പിച്ച ബാലട്ടുകടലാസ് എന്നു ഈ ചട്ടങ്ങളിൽ പറഞ്ഞുപോരുന്ന) ഈ ബാലട്ടുകടലാസ് മറ്റുള്ള ബാലട്ടുകടലാസിനെ അപേക്ഷിച്ചു നിറത്തിൽ വ്യത്യാസമുള്ളതും ബാലട്ടുപെട്ടിയിൽ ഇടുന്നതിനു പകരം അദ്ധ്യക്ഷന്റെ കയ്യിൽ കൊടുക്കേണ്ടതും അദ്ധ്യക്ഷൻ തിരഞ്ഞെടുപ്പുരജിസ്റ്ററിൽ കാണുന്നപ്രകാരം സമ്മതിദായകന്റെ പേരും നമ്പരും പുറത്തെഴുതി ഒരു പ്രത്യേകക്കൂട്ടിൽ അതിനെ വയ്ക്കേണ്ടതും ആകുന്നു. ൩൨-ാം ഖണ്ഡികപ്രകാരം ൧൦-ാംഫാറത്തിലുള്ള ലിസ്റ്റിൽ ഇതു സംബന്ധിച്ച സമ്മതിദായകന്റെ കയ്യൊപ്പും വിരലടയാളവും വാങ്ങേണ്ടതാകുന്നു. എന്നാൽ ഈ സംഗതിയിൽ ശീട്ടു കയ്യൊപ്പു ശീട്ടുകളുടെ ഫയലിൽ വച്ചുകൂടാൻ പാടില്ലാത്തതും അതു സംബന്ധിച്ചതായ എതിർപ്പിച്ച ബാലട്ടുകടലാസിനോടു കൂട്ടിച്ചേർക്കേണ്ടതും അതു സംബന്ധിച്ചതായ എതിർപ്പിച്ച ബാലട്ടുകടലാസിനോടു കൂടി ഈ ശീട്ടുകളെ പ്രത്യേകം ഫയിൽചെയ്യേണ്ടതും ആകുന്നു.

൩൭. നേരെചൊവ്വേ ഒരു ബാലട്ടുകടലാസ്സായി ഉപയോഗിക്കാൻ കൊള്ളാത്തവിധം സൂക്ഷ്മമില്ലാതെ ഒരു ബാലട്ടുകടലാസ്സിനെ പെരുമാറിയ ഒരു സമ്മതിദായകൻ, ആ കടലാസ്സിനെ അദ്ധ്യക്ഷനെ ഏൽപ്പിക്കുകയും തന്റെ സൂക്ഷ്മക്കുറവിനെപ്പറ്റി അയാളെ ബോദ്ധ്യപ്പെടുത്തുകയും ചെയ്താൽ, ചീത്തയായിപ്പോയ കടലാസ്സിനു പകരം അയാൾക്കു മറ്റൊരു കടലാസ്സ് ലഭിക്കാവുന്നതുള്ളതാണ്. ചീത്തയായ കടലാസ്സിനെ അതിന്റെ ഇരട്ടിപ്പു പ്രതിസഹിതം റദ്ദുചെയ്തതായി അടയാളപ്പെടുത്തേണ്ടതാണ്.

൩൮. ഓരോ പോളിങ് സ്ഥലത്തിലും അദ്ധ്യക്ഷൻ വോട്ടു കഴിഞ്ഞതിനുശേഷം കഴിയുമെന്നുള്ളിടത്തോളം വേഗത്തിൽ അപേക്ഷകന്മാരുടെ അല്ലെങ്കിൽ അവരുടെ കാര്യസ്ഥന്മാരുടെ മുമ്പിൽവച്ചു താഴെപ്പറയുന്നവയെ പ്രത്യേകം പ്രത്യേകം കെട്ടുകളാക്കി തന്റെയും അപേക്ഷകന്മാരുടെ കാര്യസ്ഥന്മാരിൽ ഇഷ്ടമുള്ള എല്ലാപേരുടെയും മുദ്ര വയ്ക്കേണ്ടതാകുന്നു,—

(൧) മുദ്രവച്ചിട്ടുള്ള കൂടുകൾ വച്ചിരിക്കുന്ന പെട്ടി ഒഴികെ തുറക്കാതെകണ്ടു ഉപയോഗത്തിലിരിക്കുന്ന ഓരോ ബാലട്ടുപെട്ടിയും;

(൨) ഇങ്ങനെയുള്ള പെട്ടികളുടെ താക്കോലുകൾ;

(൩) ബാലട്ടുകടലാസ്സുകൾ വച്ചിരിക്കുന്ന കൂടുകൾ;

(൪) സാധാരണയുള്ളതും അവയുടെ ഇരട്ടിപ്പുപ്രതികൾസഹിതം കൊടുക്കപ്പെട്ടിട്ടുള്ളതും ആയി ഉപയോഗിക്കാതെ തന്നെ ചീത്തയായിപ്പോയിട്ടുള്ള ബാലട്ടു കടലാസ്സുകളും അതുപോലെതന്നെയുള്ള അവയുടെ കൂടുകളും;

(ഇ) ഏറ്റുവാങ്ങപ്പെട്ടിട്ടുള്ള ബാലട്ടുകടലാസ്സുകളും അപയോഗിച്ചതു മടങ്ങിക്കൊടുത്തിട്ടുള്ളതും;

(ഐ) തിരഞ്ഞെടുപ്പു സ്ഥലത്തുകൂടെ അടയാളപ്പെടുത്തിയിട്ടുള്ള പകർപ്പുകളും, ബാലട്ടുകടലാസ്സുകളുടെ ഇരട്ടിപ്പു പ്രതികളും;

(ഒ) കേടായിപ്പോയ കടലാസ്സുകളുടെ ഫയിൽ,

൧൪. ഈ കെട്ടുകളെ, ൧൬-ാംഫാറത്തിൽ ഒരു സ്റ്റേറ്റുമെൻറോടുകൂടി, സമ്മതികൾ എണ്ണുന്നതിന നിശ്ചയിച്ചിട്ടുള്ള ദിവസവും മണിക്കൂറും കഴിഞ്ഞുപോകുന്നതിനു മുമ്പു വരണാധികാരിക്കു കിട്ടത്തക്കവണ്ണം അദ്ധ്യക്ഷൻ അയയ്ക്കേണ്ടതാണ്. ഓരോ കെട്ടിലും അതിൻെറ സംഗതി ഉള്ളടക്കത്തെപ്പറ്റി ഒരു കുറിപ്പും ഉണ്ടായിരിക്കേണ്ടതാണ്.

൧൫. പോളിങ്ങ്സ്ഥലത്തു ഹാജരായിരിക്കുന്ന അദ്ധ്യക്ഷൻ, ഗുമസ്തൻ, കാര്യസ്ഥൻ ഇവർ എല്ലാവരും തന്നെ പോളിങ്ങ്സ്ഥലത്തു നടക്കുന്ന സമ്മതിദാനത്തെ രഹസ്യമായി വെച്ചുകൊള്ളുകയും അതങ്ങനെ വെച്ചുകൊള്ളുന്നതിന സഹായിക്കേണ്ടതും, നിയമപ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും കാര്യത്തിനല്ലാതെ ആ സ്ഥലത്തു സമ്മതിദാനം ചെയ്യുകയോ ചെയ്യാതിരിക്കുകയോ ബാലട്ടുകടലാസ്സിന്മേൽ അപേക്ഷിക്കുകയോ അപേക്ഷിക്കാതിരിക്കുകയോ ചെയ്തു യാതൊരു തിരഞ്ഞെടുപ്പുകാരൻെറയും തിരഞ്ഞെടുപ്പു രജിസ്റ്ററിലെ നമ്പരിനെയോ പേരിനെയോ സംബന്ധിച്ചോ ഒരു സമ്മതിദായകൻെറ സമ്മതി ഇന്നപ്രകാരമെന്നുള്ളതിനെ സംബന്ധിച്ചോ യാതൊരു വിവരവും യാതൊരുത്തർക്കും പറഞ്ഞുകൊടുക്കാൻ പാടില്ലാത്തതും; ഒരു സമ്മതിദായകൻ തൻെറ സമ്മതി എഴുതുമ്പോൾ അങ്ങനെയുള്ള അദ്ധ്യക്ഷനോ ഗുമസ്തനോ കാര്യസ്ഥനോ മററു വല്ലവരുമോ അതിനെ തടസ്സപ്പെടുത്തുകയോ തടസ്സപ്പെടുത്താൻ ശ്രമിക്കയോ ചെയ്യാൻ പാടില്ലാത്തതും ആകുന്നു. തൻെറ ബാലട്ടുകടലാസ്സിൽ തൻെറ സമ്മതി എഴുതിയതിനുശേഷം താൻ ആർക്കാണു് അപ്രകാരം സമ്മതി നൽകിയിട്ടുള്ളതെന്ന കാണാവുന്ന വിധത്തിൽ ആ ബാലട്ടിനെ കാണിച്ചുകൊടുക്കുന്നതിന യാതൊരു തിരഞ്ഞെടുപ്പുകാരനേയും നേരിട്ടോ അല്ലാതെയോ ആരും പ്രേരിപ്പിച്ചുകൂടാത്തതാകുന്നു.

൧൬. സമ്മതികൾ എണ്ണുന്നതിനായി നിശ്ചയിച്ചിട്ടുള്ള തീയതിയിലും ആ മണിക്കൂറിലും വരണാധികാരി താഴെ പറയുംപ്രകാരം പ്രവൃത്തിക്കേണ്ടതാകുന്നു.—

(എ) ഓരോ പോളിങ്ങ് സ്ഥലത്തെയും സംബന്ധിച്ച ബാലട്ടുപെട്ടി, അല്ലെങ്കിൽ, പെട്ടികളും കെട്ടുകളും ഓരോന്നായി തുറന്നു അതിൽ നിന്നു കടലാസ്സുകൾ എടുത്തു അവയെ എണ്ണുകയോ എണ്ണിക്കയോ ചെയ്തു ആ എണ്ണത്തെ ൧൬-ാംഫാറത്തിൽ സ്റ്റേറ്റുമെൻറായി രേഖപ്പെടുത്തണം.

(ബി) പിന്നീടു വരണാധികാരി എല്ലാ ബാലട്ടു പെട്ടികളിലെയും കെട്ടുകളിലെയും ബാലട്ടുകടലാസ്സുകളെ ഒന്നായി കലർത്തി എണ്ണുന്നതിനായി നിയമിച്ചിട്ടുള്ള ആളുകളുടെ പക്കൽ സൗകര്യമുള്ള കെട്ടുകളായി ഏല്പിക്കേണ്ടതാണ്.

(സി) സമ്മതികളെ പരിശോധിക്കയും എണ്ണുകയും ചെയ്യുന്ന ജോലി പിന്നെ ആരംഭിക്കുന്നതാണ്. മുഴുവനുമോ ഏതെങ്കിലും ഭാഗമോ നിരസിക്കപ്പെട്ടിട്ടുള്ള ഓരോ ബാലട്ടുകടലാസ്സിന്റേയും പുറത്തു വരണാധികാരി 'നിരസിക്കപ്പെട്ടു' എന്നു എഴുതേണ്ടതാണ്. നിരസനം ഉത്തരവു ശരിയാണോ എന്നതിനെപ്പററി അവിടെ ഹാജരുള്ള ഏതെങ്കിലും അപേക്ഷകനോ കാര്യസ്ഥനോ ചോദ്യം പുറപ്പെടുവിക്കയാണെങ്കിൽ നിരസിച്ചിട്ടുള്ള കാരണവും വരണാധികാരി ചുരുക്കത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഡി) വരണാധികാരി കഴിവുള്ളടത്തോളം ഇടവിടാതെതന്നെ സമ്മതികൾ എണ്ണുന്ന ജോലി നടത്തേണ്ടതും ഈ ജോലി അവശ്യം നിറുത്തിവെയ്ക്കേണ്ടിവരുന്ന ഇടകളിൽ ബാലട്ടുകടലാസുകളിലും കെട്ടുകളിലും തിരഞ്ഞെടുപ്പു സംബന്ധിച്ച മററു പ്രമാണങ്ങളിലും തൻെറയും തങ്ങളുടെ മുദ്രവയ്ക്കണമെന്നു ആവശ്യപ്പെടുന്ന അപേക്ഷകന്മാരുടെ അല്ലെങ്കിൽ അവരുടെ കാര്യസ്ഥന്മാരുടേയും മുദ്രകൾ വയ്ക്കേണ്ടതും ഇവയെ ഭദ്രമായി സൂക്ഷിക്കാൻ വേണ്ട മുൻകരുതലുകൾ ചെയ്യേണ്ടതും ആകുന്നു.

൧൭. എണ്ണുകയും പരിശോധിക്കയും ചെയ്യുന്ന ജോലി പൂർത്തിയാക്കിയതിനുശേഷം, വരണാധികാരി ൧൬-ാം ഫാറത്തിൽ പോളിങ്ങിൻെറ ഫലങ്ങളുടെ ഒരു കണക്ക് തയാറാക്കേണ്ടതും, [illegible] അക്കങ്ങളുമായി സമ്മതികളുടെ ആകത്തുക ഒത്തുനോക്കിയതിനുശേഷം, തിരഞ്ഞെടുപ്പു [illegible] ൧൯-ാം ചട്ടം ൧൮-ഉം ൧൯-ഉം ഉപചട്ടങ്ങളിൽ വ്യവസ്ഥചെയ്തിട്ടുള്ളതിൻപ്രകാരം വിധിയോടു [illegible] അപേക്ഷകനോ അപേക്ഷകന്മാരോ തിരഞ്ഞെടുക്കപ്പെട്ടതായി പ്രസ്താവിക്കേണ്ടതും ആകുന്നു.

൧൮. ഏതെങ്കിലും അപേക്ഷകനോ അയാളുടെ കാര്യസ്ഥനോ ആവശ്യപ്പെട്ടാൽ ൧൬-ാം [illegible] കണക്കിൻെറ പകർപ്പു സംഗ്രഹമെടുക്കാൻ അനുവദിക്കേണ്ടതാണ്.

൧൯. ഏററുവാങ്ങപ്പെട്ടിരിക്കുന്ന ബാലട്ടു കടലാസ്സുകളും [illegible] ഉപയോഗിച്ചിട്ടുള്ളതും അല്ലാത്തതുമായ [illegible] അല്ലെങ്കിൽ തിരഞ്ഞെടുപ്പു രജിസ്റ്ററിൻെറ [illegible] കെട്ടുകൾ വരണാധികാരി [illegible].

൨൦. [illegible] (എ) [illegible] (ബി) [illegible] ഒരു കുറിപ്പു [illegible].

സാധുവാക്കലും സമ്മതിദാനം വിധിക്കലും.

൨൮. ഫലം പ്രസിദ്ധപ്പെടുത്തിയ ശേഷം, പരിശോധനാധികാരി മേൽ൨൭-ാം ചട്ടത്തിലെ ഫാറത്തിന്റെ ഒരു പകർപ്പ് സെക്രട്ടറിയേറ്റിലേക്കയക്കുകയും, ആവശ്യമെന്ന് തോന്നുന്ന പക്ഷം ഫലം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ഗവണ്മെന്റ് സെക്രട്ടറിക്ക അയക്കേണ്ടതും ആകുന്നു.

൨൯. തിരഞ്ഞെടുപ്പ് കഴിഞ്ഞാലുടൻ പരിശോധനാധികാരി എല്ലാ ബാലട്ട് പേപ്പറുകളും അവയുടെ കൗണ്ടർഫോയിലുകളും എല്ലാ രേഖകളും വരണാധികാരി മുദ്രവെച്ചു സൂക്ഷിക്കേണ്ടതാണ്. അധികാരമുള്ള ഒരു കോടതിയുടെയോ തിരഞ്ഞെടുപ്പ് കമ്മീഷണർമാരുടെയോ ഉത്തരവ് കൂടാതെ യാതൊരുത്തരും ഇവയെ പരിശോധിക്കയോ എടുക്കുകയോ ചെയ്യരുതാത്തതും ആകുന്നു.

൩൦. വരണാധികാരി ഈ പേപ്പറുകൾ ഒരാണ്ടത്തേക്ക സൂക്ഷിക്കേണ്ടതും അതിനുശേഷം തിരഞ്ഞെടുപ്പ് സംബന്ധിച്ച മറ്റുവിധത്തിൽ ആജ്ഞാപിക്കാത്തപക്ഷം അവയെ നശിപ്പിക്കേണ്ടതും ആകുന്നു.

ഫാറങ്ങൾ.

തോട്ടകൃഷിക്കാരുടെ നിയോജകമണ്ഡലത്തിലേക്ക ഒരു സാമാജികനെ തിരഞ്ഞെടുക്കുന്നതിനുള്ള ചട്ടങ്ങൾ.

൧. ൮-ാം ചട്ടം ൧൦-ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന സംഘങ്ങളുടെ സിക്രട്ടറി തോട്ടകൃഷിക്കാരുടെ നിയോജകമണ്ഡലത്തിന്റെ രജിസ്ട്രേഷൻ ആപ്പീസരായിരിക്കുന്നതാണ്. എന്നാൽ രജിസ്ട്രേഷൻ ആപ്പീസരുടെ ഏതെങ്കിലും ചുമതലകളോ അധികാരങ്ങളോ ഗവണ്മെന്റിൽനിന്നു പ്രത്യേകം സ്വീകരിക്കുന്ന ഒരു വ്യക്തിക്ക വഹിക്കയോ നടത്തുകയോ ചെയ്യാവുന്നതും, ആയാൾ വഹിക്കുകയോ നടത്തുകയോ ചെയ്യുന്ന ചുമതലകളെയോ അധികാരങ്ങളെയോ സംബന്ധിച്ചിടത്തോളം ഈ ഖണ്ഡികകളിലെ വ്യവസ്ഥകളെല്ലാം രജിസ്ട്രേഷൻ ആപ്പീസരെ ബാധിക്കുന്നടത്തോളം തന്നെ ഇങ്ങനെയുള്ള വ്യക്തിയെയും ബാധിക്കുന്നതും ആകുന്നു.

൨. തിരഞ്ഞെടുപ്പു രജിസ്റ്റർ ൧-ാം ഫാറത്തിലും ഇംഗ്ലീഷ് ഭാഷയിലും ആയിരിക്കേണ്ടതാണ്.

൩. വേണ്ടിടത്തോളം വിവരങ്ങൾ ശേഖരിക്കയും തിരഞ്ഞെടുപ്പുകാരായി രജിസ്റ്ററിൽ കൊള്ളിക്കാൻ അർഹതയുള്ളവരായി കാണുന്ന ആളുകളുടെ ഒരു രജിസ്റ്റർ തയ്യാറാക്കുകയും ചെയ്യുന്നതു രജിസ്ട്രേഷൻ ആപ്പീസരുടെ ചുമതലയായിരിക്കുന്നതാണ്. ഗവണ്മെന്റ നിശ്ചയിക്കുന്ന തീയതിയിൽ പ്രസ്തുത സംഘങ്ങളിലെ അംഗങ്ങളുടെ എല്ലാ അവകാശങ്ങളും അധികാരങ്ങളും നടത്താൻ അർഹതയുള്ളവരേയും തിരഞ്ഞെടുപ്പു ചട്ടങ്ങളിലെ ൭-ാം ചട്ടത്തിൽ പറഞ്ഞിരിക്കുന്ന അയോഗ്യതകൾ ഇല്ലാത്തവരേയും മാത്രമേ തിരഞ്ഞെടുപ്പു രജിസ്റ്ററിൽ കൊള്ളിക്കാവു.

൪. ഇങ്ങനെ തയ്യാറാക്കിയ രജിസ്റ്ററിന്റെ പകർപ്പുകൾ അവകാശങ്ങളും ആക്ഷേപങ്ങളും രജിസ്ട്രേഷൻ ആപ്പീസരുടെ പക്കൽ ഏതു തീയതിക്കൊ അതിനു മുമ്പോ കിട്ടേണമെന്നോ ആ തീയതിയും (അങ്ങനെയുള്ള തീയതി ഗവണ്മെന്റ ഇക്കാര്യത്തിലേക്കായി നിശ്ചയിച്ചിട്ടുള്ള തീയതിക്ക മേലാകാൻ പാടില്ല) പരിശോധനാധികാരി അവയുടെ തീരുമാനത്തിനായി കൂടുന്ന തീയതിയും സ്ഥലവും വിവരിക്കുന്ന ഒരു നോട്ടീസു സഹിതം ഗവണ്മെന്റ ഇക്കാര്യത്തിലേക്കായി നിശ്ചയിച്ചിട്ടുള്ള തീയതിക്ക മേലല്ലാതെ സംബന്ധപ്പെട്ട സംഘങ്ങളുടെ കച്ചേരികളിൽ പതിക്കേണ്ടതാകുന്നു. പരിശോധനാധികാരി പരിശോധിക്കുന്നതിനായി കൂടുന്നതിനു നിശ്ചയിക്കുന്ന തീയതി ഇതിലേക്കായി ഗവണ്മെന്റ നിശ്ചയിക്കുന്ന തീയതിക്ക മേലാകാൻ പാടില്ല. മേല്പറഞ്ഞ നോട്ടീസും രജിസ്റ്ററിന്റെ പകർപ്പും ഗസറ്റിൽ പരസ്യം ചെയ്യേണ്ടതാണ്.

൫. അവകാശങ്ങളും ആക്ഷേപങ്ങളും നേരിട്ടു ബോധിപ്പിക്കയോ അഞ്ചലോ തപാലോ വഴി അയച്ചുകൊടുക്കയോ ചെയ്യാവുന്നതാണ്. വ്യവസ്ഥ ചെയ്തിട്ടുള്ള തീയതിക്ക മേൽ കൈപ്പറ്റുന്ന അവകാശങ്ങളും ആക്ഷേപങ്ങളും നിരസിക്കപ്പെടേണ്ടതാണ്.

൬. മരിച്ചുപോയിട്ടുണ്ടെന്നു തനിക്ക വിശ്വസിക്കാൻ കാരണമുള്ളവരുടെ പേരുകൾ രജിസ്ട്രേഷൻ ആപ്പീസർക്ക സ്വമേധയായി രജിസ്റ്ററിൽ നിന്നു നീക്കം ചെയ്യുകയും ആവശ്യമായി വരുന്ന മററു ഭേദഗതികൾ നടത്തുകയും ചെയ്യാവുന്നതാണ്.

൭. രജിസ്ട്രേഷൻ ആപ്പീസർ, ഇക്കാര്യത്തിലേക്കായി ഗവണ്മെന്റ നിശ്ചയിക്കുന്ന തീയതി കഴിയുന്നതിനു മുമ്പ്,

(എ) നിശ്ചിത കാലത്തിനുള്ളിൽ കിട്ടിയിട്ടുള്ള എല്ലാ അവകാശങ്ങളുടേയും ആക്ഷേപങ്ങളുടേയും ൬-ാം ഖണ്ഡികയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മാതിരി സ്വമേധയായി വരുത്തിയിട്ടുള്ള ഭേദഗതികളുടേയും, ഒരു ലിസ്റ്റ പ്രസിദ്ധം ചെയ്കയും,

(ബി) ആരുടെ രജിസ്ട്രേഷനെ സംബന്ധിച്ച ആക്ഷേപം പുറപ്പെടുവിച്ചിരിക്കുന്നുവോ ആയാൾക്ക അങ്ങനെയുള്ള എല്ലാ ആക്ഷേപ നോട്ടീസിന്റെയും പകർപ്പ അയച്ചുകൊടുക്കയും സ്വമേധയായി താൻ ചെയ്തിട്ടുള്ള ഭേദഗതിയെപ്പററി സംബന്ധപ്പെട്ട ആളുകൾക്ക അറിവുകൊടുക്കയും,

ചെയ്യേണ്ടതാകുന്നു.

(എ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ലിസ്റ്റുകളിലും (ബി) ഖണ്ഡം അനുസരിച്ചു അയയ്ക്കുന്ന അറിവിപ്പിലും പകർപ്പിലും നോട്ടീസിൽ വിവരിക്കുന്ന ഒരു സ്ഥലത്തുവച്ചും തീയതിയിലും അവകാശങ്ങളേയും ആക്ഷേപങ്ങളേയും ഭേദഗതികളേയും പററി പരിശോധനാധികാരി വിചാരണ ചെയ്യുന്നതാണെന്നു, രജിസ്ട്രേഷൻ ആപ്പീസർ നോട്ടീസു കൊടുക്കേണ്ടതാകുന്നു.

൮. സംബന്ധപ്പെട്ട [illegible] ഇതിൽ നിന്നു ഇക്കാര്യത്തിലേക്കായി ദേവികുളം കമ്മീഷണർ നിയമിക്കുന്ന [illegible] രജിസ്ട്രേഷൻ ആപ്പീസരും ചേന്ന പരിശോധനാധികാരി ആയിരിക്കുന്നതാണ്.

൧൮. ഒരു അവകാശം നിരസിക്കപ്പെടുകയോ ആക്ഷേപം നിഷേധിക്കപ്പെടുകയോ ചെയ്യുന്നു എങ്കിൽ അതിലേക്കുള്ള കാരണങ്ങളോടു കൂടി ഓരോ അവകാശത്തിന്മേൽ താനല്ലെങ്കിൽ ആക്ഷേപത്തിന്മേൽ പരിശോധനാധികാരി രേഖാമൂലം ഉത്തരവുകൾ കൊടുക്കേണ്ടതാകുന്നു. പ്രാരംഭ രജിസ്റ്ററിൽ ആവശ്യമായി വരുന്ന ഭേദഗതികൾ വരുത്തുന്നതിനും പരിശോധനാധികാരി ഉത്തരവു ചെയ്യേണ്ടതാണ്.

൧൯. പരിശോധനാധികാരിയുടെ ഉത്തരവുകൾ അനുസരിച്ച് രജിസ്ട്രേഷൻ ആഫീസർ രജിസ്റ്ററുകൾ തിരുത്തേണ്ടതും അങ്ങനെ തിരുത്തപ്പെട്ട രജിസ്റ്ററുകളുടെ രണ്ടു അച്ചടി പ്രതികളിൽ രജിസ്ട്രേഷൻ ആഫീസർ ഒപ്പു വയ്ക്കേണ്ടതും ആകുന്നു. ഇവയിൽ ഒന്ന് താൻ തന്നെ വച്ചുകൊള്ളേണ്ടതും മറ്റേതു നിയമസഭാ സിക്രട്ടറിക്കു അയച്ചുകൊടുക്കേണ്ടതും ആകുന്നു.

൨൦. ഇക്കാര്യത്തിലേക്കായി ഗവർണ്മെന്റു നിശ്ചയിച്ചിട്ടുള്ള തീയതിയിൽ കവിയാതെ മേൽ ൧൮-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള രീതിയിൽ തിരുത്തിയ രജിസ്റ്റർ രജിസ്ട്രേഷൻ ആഫീസർ പ്രസിദ്ധപ്പെടുത്തേണ്ടതും പരിശോധനയ്ക്കു വില്പനയ്ക്കുമായി അതിന്റെ അച്ചടി പ്രതികൾ തന്റെ കച്ചേരിയിൽ വയ്ക്കേണ്ടതും ആകുന്നു. കൂടുതൽ സൌകര്യമെന്നു തോന്നുന്ന പക്ഷം പ്രാരംഭ രജിസ്റ്റർ തന്നെ, അതിൽ കൂട്ടിച്ചേർത്തതിന്റെയും ഭേദപ്പെടുത്തിയതിന്റെയും ഒരു ലിസ്റ്റോടു കൂടി അവസാന രജിസ്റ്ററായി പ്രസിദ്ധപ്പെടുത്താവുന്നതാണ്.

൨൧. (എ) തന്റെ നിയോജക മണ്ഡലത്തിലേക്ക് ഒരു തിരഞ്ഞെടുപ്പു നടത്തുന്നതിനു ഗവർണ്മെന്റു നിശ്ചയിച്ചിട്ടുള്ള തീയതിക്കു ൩൦ ദിവസത്തിൽ കുറയാതെ മുമ്പായി താഴെപ്പറയുന്ന വിവരങ്ങൾ കാണിച്ചു വരണാധികാരി ഒരു നോട്ടീസ്സയക്കേണ്ടതാണ്.

(1) നിയോജകമണ്ഡലത്തിന്റെ പേര്;
(2) തിരഞ്ഞെടുക്കപ്പെടേണ്ട ആളുകളുടെ എണ്ണം;
(3) ഈ തീയതി ഈ ചട്ടങ്ങളിൽ നിർദ്ദേശങ്ങൾ വരണാധികാരിയെ ഏല്പിക്കേണ്ടതാകുന്നു.
(4) പോൾ നടത്തപ്പെടുന്ന ദിവസവും സമയവും സ്ഥലവും.

(ബി) നോട്ടീസ് —
(1) വരണാധികാരിയുടെ ആഫീസിലും;
(2) ഗസറ്റിലും;
(3) വരണാധികാരി നിശ്ചയിക്കാവുന്ന വർത്തമാനപ്പത്രങ്ങളിലും;
പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

അപേക്ഷകന്മാരുടെ നിർദ്ദേശം.

൨൨. (എ) ഒരു നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പു രജിസ്റ്ററിൽ പേർ ചേർക്കപ്പെട്ടിട്ടുള്ള ഏതു തിരഞ്ഞെടുപ്പുകാരനും വരണാധികാരിയോടു ആവശ്യപ്പെട്ടാൽ ...-ാം ഫാറത്തിൽ ഒരു നിർദ്ദേശപത്രം കൊടുക്കുന്നതും അവർ നിർദ്ദേശം നടത്തുന്നതും ആ ഫാറത്തിൽ ആയിരിക്കേണ്ടതും ആകുന്നു.

(ബി) ഓരോ നിർദ്ദേശപത്രത്തിലും നിർദ്ദേശകനും ഉപനിർദ്ദേശകനുമായി രണ്ടു തിരഞ്ഞെടുപ്പുകാർ എഴുതി ഒപ്പിടേണ്ടതും തിരഞ്ഞെടുപ്പിനു നില്പാൻ തനിക്കു സമ്മതമാണെന്നു പറഞ്ഞും തന്നെയോ മറ്റുവല്ല ആളെയോ തന്റെ തിരഞ്ഞെടുപ്പുകാര്യസ്ഥനായി നിർദ്ദേശിച്ചും അപേക്ഷകൻ ഒരു പ്രതിജ്ഞ എഴുതി ഒപ്പിടേണ്ടതും ആകുന്നു.

(സി) ഓരോ നിർദ്ദേശപത്രവും ഒരു രജിസ്ട്രേഷൻ ആഫീസരുടെയോ ഒരു മജിസ്ട്രേട്ടിന്റെയോ മുമ്പാകെ വച്ചു ഒപ്പിടേണ്ടതും ആ രജിസ്ട്രേഷൻ ആഫീസരോ മജിസ്ട്രേട്ടോ അതിനെ സാക്ഷ്യപ്പെടുത്തേണ്ടതും ആ നിർദ്ദേശപത്രം രജിസ്റ്റർ ചെയ്തു അഞ്ചൽമാർഗ്ഗമോ തപാൽമാർഗ്ഗമോ വരണാധികാരിക്കു അയച്ചുകൊടുക്കേണ്ടതും ആകുന്നു.

൨൩. നിശ്ചയിക്കപ്പെട്ട തീയതിക്കും സമയത്തിനും മുമ്പായി വരണാധികാരിക്കു കിട്ടാത്ത നിർദ്ദേശപത്രങ്ങൾ നിരാകരിക്കപ്പെടുന്നതാകുന്നു.

൨൪. (എ) നിർദ്ദേശപത്രങ്ങൾ കിട്ടുന്നതിനു നിശ്ചയിച്ചിട്ടുള്ള ദിവസം അവ കിട്ടുന്നതിനുള്ള സമയം കഴിഞ്ഞ ഉടൻ മേൽപ്രകാരം തനിക്കു കിട്ടിയിട്ടുള്ള എല്ലാ അപേക്ഷകന്മാരുടെയും നിർദ്ദേശപത്രങ്ങളെ പരിശോധിക്കാൻ ഓരോ അപേക്ഷകനേയും അയാളുടെ തിരഞ്ഞെടുപ്പു കാര്യസ്ഥനേയും നിർദ്ദേശകനേയും ഉപനിർദ്ദേശകനേയും വരണാധികാരി അനുവദിക്കണം.

(ബി) വരണാധികാരി നിർദ്ദേശപത്രങ്ങളെ പരിശോധിക്കേണ്ടതും ൨൨-ാം ചട്ടപ്രകാരം ... സാധുവല്ലാത്തതുള്ള കാരണത്തിന്മേൽ വല്ല നിർദ്ദേശപത്രത്തെയും കുറിച്ചു പറയപ്പെടാവുന്ന ആക്ഷേപങ്ങളെപ്പറ്റി തീരുമാനം ചെയ്യേണ്ടതും തന്റെ സ്വന്തമായോ ... വല്ല ആക്ഷേപത്തിന്മേലോ ആ കാരണത്തിന്മേൽ വല്ല നിർദ്ദേശപത്രത്തെയും നിരാകരിക്കാവുന്നതും ആകുന്നു; എല്ലാ സംഗതിയിലും വരണാധികാരിയുടെ തീരുമാനം അതിനുവിഷയമായ നിർദ്ദേശപത്രത്തിന്റെ പുറത്തു അദ്ദേഹം എഴുതുകയും വേണം.

൨൫. മുൻ വകുപ്പിൽ വിവരിച്ചിരിക്കുന്നപ്രകാരം നിർദ്ദേശപത്രങ്ങളെ പരിശോധിക്കുകയും സ്വീകരിക്കുകയോ തള്ളുകയോ ചെയ്യുകയും ചെയ്തതിന്റെ ശേഷം ഉടൻതന്നെ വരണാധികാരി സാധുവായ നിർദ്ദേശങ്ങളുടെ ഒരു ലിസ്റ്റ് തയാറാക്കി തന്റെ ആഫീസിലെ നോട്ടീസ് പലകയിൽ പതിപ്പിക്കേണ്ടതാണ്.

൨൬. (എ) തിരഞ്ഞെടുപ്പു ചട്ടപ്രകാരം നിർദ്ദേശിക്കപ്പെട്ട ഒരു അപേക്ഷകൻ സ്ഥാനാർത്ഥിയായി ... ക്കപ്പെടുന്നതിനു നിശ്ചയിച്ചിട്ടുള്ള തീയതിക്കു പതിനഞ്ചിൽ കുറയാതെ പൂർണ്ണദിവസങ്ങൾക്കു മുമ്പ് ... ഒപ്പിട്ട ഒരു എഴുത്തു വരണാധികാരിയെ ഏല്പിച്ചു തന്റെ അപേക്ഷ പിൻവലിക്കാവുന്നതാണ്.

(ഡി) [illegible] പ്രസിദ്ധപ്പെടുത്തേണ്ടതും [illegible] നിശ്ചയിച്ചിട്ടുള്ള [illegible] ആണ്.

സമ്മതിദാനം

൭. [illegible] സമ്മതി [illegible] അവകാശമില്ല.

൮. [illegible] നിശ്ചയിച്ചിട്ടുള്ള ദിവസത്തിനു [illegible] തിരഞ്ഞെടുപ്പു രജിസ്റ്ററിൽ അവന്റെ പേരിനെതിരെ [illegible] പ്രതിജ്ഞാപത്രവും [illegible] രജിസ്റ്റർ പ്രസിദ്ധപ്പെടുത്തി [illegible] തിരഞ്ഞെടുപ്പുകാരൻ മേൽവിലാസം മാറുകയും ആ വിവരത്തിനു വരണാധികാരിക്കു [illegible] ചെയ്തിരുന്നാൽ ആ മേൽവിലാസം [illegible].

൯. പ്രതിജ്ഞാപത്രം [illegible] ഫാറത്തിലും സമ്മതിച്ചീട്ട് [illegible] ഫാറത്തിലും ആയിരിക്കണം. പ്രതിജ്ഞാപത്രത്തിലും സമ്മതിച്ചീട്ടിന്റെ പുറത്തും ഒരേ ക്രമനമ്പർ [illegible]. ഓരോ സമ്മതിദായകനു തിരഞ്ഞെടുപ്പു രജിസ്റ്ററിൽ ഏതു നമ്പർ കൊടുത്തിരിക്കുന്നുവോ അതേ നമ്പരിൽ ആ സമ്മതിദായകൻ പ്രതിജ്ഞാപത്രവും സമ്മതിച്ചീട്ടും [illegible].

൧൦. ബാലറ്റുകടലാസുകൾ ഒരു തിരഞ്ഞെടുപ്പുകാരനു കൊടുക്കുന്നതിനു മുമ്പായി വരണാധികാരി—

(എ) തിരഞ്ഞെടുപ്പുകാരന്റെ പേരു പ്രതിജ്ഞാപത്രത്തിൽ എഴുതുകയും;

(ബി) സംബന്ധപ്പെട്ട തിരഞ്ഞെടുപ്പു രജിസ്റ്ററിലെ തിരഞ്ഞെടുപ്പു [illegible] ഉപയോഗിക്കുന്ന [illegible] തിരഞ്ഞെടുപ്പുകാരന്റെ പേരിനെതിരായ തന്റെ അടയാളം വയ്ക്കുകയും

ചെയ്യണം.

൧൧. ബാലറ്റു കടലാസുകളോടുകൂടി സമ്മതിച്ചീട്ടിന്റെ നമ്പർ [illegible] ഫാറത്തിൽ [illegible] ചെറിയ കൂടു [illegible] ഫാറത്തിൽ [illegible] മേൽവിലാസം വച്ചിട്ടുള്ള ഒരു [illegible] വരണാധികാരി [illegible] ബാലറ്റു കടലാസിന്റെ നമ്പർ [illegible] ഫാറത്തിലെ കൂട്ടിന്റെ [illegible] വരണാധികാരി എഴുതണം.

൧൨. ഓരോ തിരഞ്ഞെടുപ്പുകാരനും തന്റെ ബാലറ്റു കടലാസുകൾ കിട്ടിക്കഴിഞ്ഞശേഷം തിരഞ്ഞെടുപ്പിൽ സമ്മതിദാനം ചെയ്യാൻ [illegible] ആദ്യമായി ഒരു മജിസ്ട്രേട്ട് മുമ്പാകെവച്ച് പ്രതിജ്ഞാപത്രത്തിൽ [illegible] ഫാറത്തിൽ കാണിച്ചിട്ടുള്ളപ്രകാരം ആ മജിസ്ട്രേട്ട് [illegible] സാക്ഷ്യപ്പെടുത്തേണ്ടതും ആകുന്നു. എന്നാൽ അടുത്ത മജിസ്ട്രേട്ടുകോടതിയിൽ നിന്നു [illegible] മൈലിനു മേൽ ദൂരെ ഒരു തിരഞ്ഞെടുപ്പുകാരൻ [illegible] സാക്ഷിക്കാരൊന്നിച്ചു [illegible] അയാൾ തന്റെ പ്രതിജ്ഞയെ സാക്ഷ്യപ്പെടുത്താവുന്നതാകുന്നു.

൧൩. [illegible] ഉപേക്ഷകന്മാരുടെയോ പേരിനെതിരായി ഒരു കുരിശിന്റെ ആകൃതിയിൽ സമ്മതിച്ചീട്ടിൽ അടയാളമിട്ടു തന്റെ സമ്മതിയെ ആ തിരഞ്ഞെടുപ്പുകാരൻ [illegible].

൧൪. തിരഞ്ഞെടുപ്പുകാരൻ പിന്നീടു സമ്മതിച്ചീട്ടിനെ ചെറിയ കൂട്ടിൽ അടച്ചു ഒട്ടിച്ചു, ചെറിയകൂട്ടിനേയും പ്രതിജ്ഞാപത്രത്തെയും വലിയ കൂട്ടിൽ അടക്കംചെയ്തു, [illegible] വകുപ്പുപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പരസ്യത്തിൽ നിശ്ചയിച്ചിട്ടുള്ള ദിവസം [illegible] കഴിയുന്നതിനു മുമ്പിൽ വരണാധികാരിക്കു കിട്ടത്തക്കവിധത്തിൽ രജിസ്റ്റർചെയ്തു [illegible] അദ്ദേഹത്തിനു അയച്ചുകൊടുക്കണം;

എന്നാൽ തിരഞ്ഞെടുപ്പുകാരന്റെ ഇഷ്ടാനുസാരം [illegible] നടത്തുന്ന ദിവസം വരണാധികാരിയുടെ ആഫീസിൽ വച്ചിരിക്കുന്ന ബാലറ്റു പെട്ടിയിൽ ആ കൂട്ടിനെ ഇടാവുന്നതാകുന്നു.

൧൫. [illegible] മേൽ വിവരിച്ചപ്രകാരം സമ്മതി [illegible] പ്രതിജ്ഞയെ സാക്ഷ്യപ്പെടുത്തുന്നതിനു അധികാരപ്പെടുത്തിയിട്ടുള്ള [illegible] തന്റെ സമ്മതി [illegible] ഉദ്യോഗസ്ഥനോ മറ്റു ആളോ ആ [illegible] സാക്ഷ്യപ്പെടുത്തുകയും [illegible] സമ്മതിച്ചീട്ടിൽ അടയാളമിടാൻ [illegible] തിരഞ്ഞെടുപ്പുകാരനെ [illegible] അടയാളപ്പെടുത്തിയ [illegible].

൧൬. [illegible] ബാലറ്റു കടലാസുകൾ കിട്ടാത്തതോ, വരണാധികാരിയുടെ [illegible] ബാലറ്റു കടലാസുകൾ [illegible] ഉപയോഗിക്കാൻ [illegible] തന്റെ ബാലറ്റു കടലാസുകളെ [illegible] തിരഞ്ഞെടുപ്പുകാരൻ ഒരു മജിസ്ട്രേട്ടിന്റെ മുമ്പാകെവച്ചു തന്റെ [illegible] പ്രതിജ്ഞാപത്രം [illegible] ബാലറ്റു [illegible] എന്നാൽ തിരഞ്ഞെടുപ്പുകാരൻ [illegible] മജിസ്ട്രേട്ടിന്റെ [illegible] പ്രതിജ്ഞാപത്രം [illegible] ഒരു സാക്ഷിയെക്കൊണ്ടു സാക്ഷ്യപ്പെടുത്തിയാൽ [illegible] ബാലറ്റു കടലാസുകൾ [illegible] സംഗതിയിൽ അവയെ വരണാധികാരിക്കു തിരഞ്ഞെടുപ്പുകാരൻ തിരിച്ചുകൊടുക്കുന്നതും വരണാധികാരി അവയെ കൈപ്പറ്റി റദ്ദാക്കേ-

ളും ആകുന്നു. പുതിയ ബാലട്ടു കടലാസുകൾ കൊടുത്തിട്ടുള്ള സംഗതികളിൽ എല്ലാം സ്വീകരിക്കാത്തതോ ചീത്തയായിപ്പോയതോ കളഞ്ഞുപോയതോ ആയ ബാലട്ടു കടലാസുകൾക്കു പകരം പുതിയ ബാലട്ടു കടലാസുകൾ അയച്ചുകൊടുത്തിട്ടുണ്ടെന്നു കാണിക്കാൻ രജിസ്റ്ററിൽ തിരഞ്ഞെടുപ്പുകാരൻെറ നമ്പരിനെതിരായി ഒരു അടയാളം ഇടേണ്ടതാകുന്നു.

൧൭. ഈ ഖണ്ഡികകൾ അനുസരിച്ചു ഒരു സമ്മതിച്ചീട്ടു ഒരു തിരഞ്ഞെടുപ്പുകാരനു അയച്ചിട്ടുള്ളപക്ഷം അയാൾക്കു സമ്മതിച്ചീട്ടു കിട്ടിയിട്ടില്ലെന്നുള്ള കാരണത്തിന്മേൽ ഒരു തിരഞ്ഞെടുപ്പും അസാധുവാകുന്നതല്ല.

൧൮. ബാലട്ടു കടലാസുകളുടെ പരിശോധന അടുത്തപോലെ നടക്കേണ്ടതാകുന്നു. സമ്മതിദായകന്മാരിൽ നിന്നു കൈപ്പറ്റുന്ന ലക്കോട്ടുകൾ വരണാധികാരിതന്നെയോ അല്ലെങ്കിൽ അയാളുടെ മുമ്പിൽവച്ചോ ആദ്യമായി അവയിൽ എഴുതിയിരിക്കുന്ന ക്രമ നമ്പരുകൾ അനുസരിച്ചു അടുക്കിവയ്ക്കേണ്ടതും പിന്നീടു അവയെ ഓരോന്നായി തുറക്കേണ്ടതും ആകുന്നു. വരണാധികാരി, പ്രതിജ്ഞാപത്രത്തിലും സമ്മതിച്ചീട്ടു അടക്കിയിട്ടുള്ള ലക്കോട്ടിലും ഉള്ള നമ്പരുകൾ ശരിയാണോ എന്നു ആദ്യമായി നോക്കേണ്ടതാകുന്നു. ഈ കാര്യത്തിൽ തനിക്കു തൃപ്തിവരുന്നപക്ഷവും പ്രതിജ്ഞാപത്രവും സാക്ഷ്യപത്രവും പ്രഥമദൃഷ്ട്യാ ക്രമപ്രകാരമിരിക്കുന്നപക്ഷവും വരണാധികാരി പ്രതിജ്ഞാപത്രങ്ങളെ ഫയലിൽ ചേർക്കുകയും അതു സംബന്ധിച്ച സമ്മതിച്ചീട്ടു അടങ്ങിയ ലക്കോട്ടിനെ പ്രത്യേകം ഒരു ഭാഗത്തു കൂട്ടിയിടുകയും ചെയ്യേണ്ടതാകുന്നു.

൧൯. ഒരു പ്രതിജ്ഞാപത്രം അതു സംബന്ധിച്ചതായ സമ്മതിദായകൻ താൻ അയച്ചുകൊടുത്തതാണെന്നുള്ള കാര്യത്തിൽ വരണാധികാരിക്കു തൃപ്തിവരാത്തപക്ഷമാകട്ടെ അതല്ല പ്രതിജ്ഞയോ സാക്ഷ്യപ്പെടുത്തലോ ശരിയായ മാതിരിയിലല്ലാത്തപക്ഷമാകട്ടെ വരണാധികാരി പ്രതിജ്ഞാപത്രത്തിൻെറ പിൻവശത്തു "നിരാകരിച്ചിരിക്കുന്നു" എന്നു പുറത്തെഴുതി അതിനെ അതു സംബന്ധിച്ച സമ്മതിച്ചീട്ടിനോടൊപ്പം ഒരു പ്രത്യേക കെട്ടിൽ സൂക്ഷിക്കേണ്ടതാകുന്നു.

൨൦. ൧൯-ാം ഖണ്ഡികയനുസരിച്ചു നിരാകരിക്കപ്പെട്ടിട്ടുള്ള സമ്മതിച്ചീട്ടു അടങ്ങിയതായ ലക്കോട്ടുകൾ ഒഴിച്ചു മറ്റെല്ലാ ലക്കോട്ടുകളും വരണാധികാരി തുറക്കേണ്ടതും അവയെ പരിശോധിക്കേണ്ടതും സമ്മതികളുടെ സംഖ്യ എണ്ണിതിട്ടപ്പെടുത്തേണ്ടതും ആകുന്നു.

൨൧. (എ) താൻ നിരാകരിക്കുന്നതായ എല്ലാ സമ്മതിച്ചീട്ടിലും വരണാധികാരി "നിരാകരിക്കപ്പെട്ട" എന്നു പുറത്തെഴുതേണ്ടതും, നിരാകരണ ഉത്തരവിനെപ്പറ്റി ഒരപേക്ഷകനോ അയാളുടെ കാര്യസ്ഥനോ ചോദ്യംചെയ്യുമ്പോൾ, തൻെറ ഉത്തരവിനുള്ള കാരണങ്ങൾ ചുരുക്കത്തിൽ പറഞ്ഞുകൊടുക്കേണ്ടതും ആകുന്നു. നിരാകരിക്കപ്പെട്ടതായ സമ്മതിച്ചീട്ടുകൾ പ്രത്യേകം വയ്ക്കേണ്ടതാകുന്നു.

(ബി) വരണാധികാരി സാധുവായി താൻ സ്വീകരിച്ചിട്ടുള്ള സമ്മതിച്ചീട്ടുകളെ എണ്ണേണ്ടതും, ഓരോ അപേക്ഷകനും കിട്ടിയിട്ടുള്ള സമ്മതികളെ ൨൦-ാം ഫാറത്തിൽ രേഖപ്പെടുത്തേണ്ടതും, സാധുവായ സമ്മതികൾ ഏറ്റവുംകൂടുതലായി കിട്ടിയിട്ടുള്ള അപേക്ഷകനെ തിരഞ്ഞെടുത്തതായി പ്രഖ്യാപനം ചെയ്യേണ്ടതും ആകുന്നു.

൨൨. (എ) എണ്ണിത്തീർന്നുകഴിഞ്ഞാൽ, വരണാധികാരി,
(൧) എണ്ണിയ സമ്മതിച്ചീട്ടുകൾ,
(൨) നിരാകരിക്കപ്പെട്ട പ്രതിജ്ഞാപത്രങ്ങളും അതു സംബന്ധിച്ച സമ്മതിച്ചീട്ടുകളും,
(൩) എണ്ണിയ അവസരത്തിൽ നിരാകരിക്കപ്പെട്ട സമ്മതിച്ചീട്ടുകൾ,
(൪) പ്രതിജ്ഞാപത്രങ്ങളുടെ ഫയൽ,
(൫) തിരഞ്ഞെടുപ്പു രജിസ്റ്ററിൻെറ അടയാളപ്പെടുത്തിയിട്ടുള്ള പ്രതി,
ഇവയെ പ്രത്യേകം കെട്ടുകളാക്കി മുദ്രവയ്ക്കേണ്ടതാകുന്നു.

(ബി) വരണാധികാരി ൨൧-ാം ഫാറത്തിലുള്ള ഒരു കണക്കു തയാറാക്കുകയും സാക്ഷിപ്പെടുത്തുകയും ചെയ്യേണ്ടതും, ഈ കണക്കിൻെറയോ ൨൦-ാം ഫാറത്തിലുള്ള കണക്കിൻെറയോ ഒരു പ്രതിയെടുക്കുന്നതിനു ഒരു അപേക്ഷകനെയോ അയാളുടെ കാര്യസ്ഥനെയോ അനുവദിക്കേണ്ടതും ആകുന്നു.

൪-ാം പട്ടിക.

(൧൬ാം ചട്ടം നോക്കുക)

തിരഞ്ഞെടുപ്പുചിലവിൻെറ കണക്കു.

൧. വരവുകൾ എന്ന ഇനത്തിൽ തിരഞ്ഞെടുപ്പുകാരണത്താലോ അതു സംബന്ധിച്ചോ അപേക്ഷകനായിട്ടോ ഉണ്ടായിട്ടുള്ള ചിലവു സംബന്ധിച്ചു പണമോ ഏതെങ്കിലും ദ്രവ്യമോ പണത്തിനു തുല്യമായ മറ്റെന്തെങ്കിലുമോ വാങ്ങിയിട്ടുള്ള (അപേക്ഷകൻ ഉൾപ്പെടെ) എല്ലാ ആളിൻെറയോ, ക്ലബ്ബിൻെറയോ, സംഘത്തിൻെറയോ, സമൂഹത്തിൻെറയോ പേരും വിവരണവും, ഓരോ ആളിൻെറയോ, ക്ലബ്ബിൻെറയോ, സംഘത്തിൻെറയോ, സമൂഹത്തിൻെറയോ, പക്കൽനിന്നു വാങ്ങിയിട്ടുള്ള തുക പ്രത്യേകമായും, കാണിച്ചിരിക്കേണ്ടതാകുന്നു.

൨. ചിലവു എന്ന ഇനത്തിൽ—

(എ) തൻെറ അപേക്ഷ സംബന്ധിച്ചു ഉണ്ടായിട്ടുള്ള സഞ്ചാരച്ചിലവും മറ്റെല്ലാ സ്വന്തച്ചിലവുകളും ഉൾപ്പെടെ അപേക്ഷകനോ തൻെറ തിരഞ്ഞെടുപ്പു ഏജൻറാ കാര്യസ്ഥനോ വഹിക്കുകയോ കൊടുക്കുകയോ ചെയ്തിട്ടുള്ള അപേക്ഷകൻെറ സ്വന്തച്ചിലവും,

(ബി) തിരഞ്ഞെടുപ്പുകാര്യസ്ഥൻ ഉൾപ്പെടെ ഒരു ഏജൻറായോ, ക്ലാർക്കായോ, ദൂതനായോ ഏർപ്പെടുത്തിയിട്ടുള്ള ഓരോ ആളിൻെറയും പേരും അയാളുടെ ശമ്പളത്തിൻെറ നിരക്കും തുകയും,

(സി) തിരഞ്ഞെടുപ്പുകാര്യസ്ഥനാൽ തന്റെ ഏജൻറന്മാരോ, ക്ലാർക്കുകളോ, ദൂതന്മാരോ കാരണമായി അപേക്ഷകനോ തന്റെ തിരഞ്ഞെടുപ്പു കാര്യസ്ഥനോ വഹിച്ചിട്ടുള്ള സഞ്ചാരച്ചിലവുകളും മററതെങ്കിലും ചിലവുകളും,

(ഡി) അപേക്ഷസംബന്ധിച്ചു, ശമ്പളംവാങ്ങുന്നവരോ അല്ലാത്തവരോ ആയ ആളുകൾ സഞ്ചരിക്കുന്നതിനു അപേക്ഷകനോ, തന്റെ തിരഞ്ഞെടുപ്പുകാര്യസ്ഥനോ അപ്രകാരംസഞ്ചരിക്കുന്ന ആളോ കൊടുക്കുകയോ വഹിക്കുകയോ ചെയ്തിട്ടുള്ള സഞ്ചാരച്ചിലവുകൾ,

(ഇ) (i) അച്ചടി,
(ii) പരസ്യം,
(iii) സ്റ്റേഷനറി,
(iv) തപാൽ,
(v) കമ്പി,
(vi) പൊതുയോഗങ്ങൾക്കായോ കമ്മററിമുറികളായോ മുറികൾ വാടകയ്ക്കെടുക്കുക.

(എഫ്) മററതെങ്കിലും പലവക ചിലവുകൾ കൊടുക്കുകയോ വഹിക്കുകയോ ചെയ്തിട്ടുള്ളത്.

ഇവ കാണിക്കേണ്ടതാകുന്നു.

കുറിപ്പ്—(൧) അപേക്ഷകനോ, തന്റെ തിരഞ്ഞെടുപ്പു കാര്യസ്ഥനോ മററതെങ്കിലും ആളോ കൊടുത്തിട്ടുള്ളതോ കണക്കു അയക്കുന്ന തീയതിയിൽ കൊടുത്തുതീർക്കാതെ കിടക്കുന്നതോ ആയി അപേക്ഷ സംബന്ധിച്ചുണ്ടായിട്ടുള്ള സകല ചിലവുകളും കാണിക്കേണ്ടതാകുന്നു.

(൨) റെയിൽവഴിയുള്ള യാത്ര തപാൽച്ചിലവു ഇതുപോലെ ഒരു രസീതു വാങ്ങാൻസാധിക്കാത്ത സംഗതികളിൽ ഒഴികെ അഞ്ചു രൂപായോ അതിൽ കൂടുതലോ ഉള്ള സകല ഇനത്തിനും രസീതുകൾ ചേർക്കേണ്ടതാകുന്നു.

(൩) കൊടുത്തിട്ടുള്ളതും എന്നാൽ രസീതുചേർത്തിട്ടില്ലാത്തതുമായ സകലതുകകളും കൊടുത്ത തീയതികൾ സഹിതം വിവരമായി കാണിക്കേണ്ടതാകുന്നു.

(൪) കൊടുത്തുതീർത്തിട്ടില്ലാത്ത സകല തുകകളും പ്രത്യേകമൊരു ലിസ്റ്റിൽ കാണിക്കേണ്ടതാണ്.

൯. ൧൬-ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള സത്യവാങ്മൂലം താഴെപറയുംപ്രകാരം ആയിരിക്കേണ്ടതാണ്.—

സത്യവാങ്മൂലം.

... ... നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പിനു ഒരു അപേക്ഷകനായ ... ... യുടെ തിരഞ്ഞെടുപ്പുകാര്യസ്ഥനായി നിയമിക്കപ്പെട്ട ... ... ആയ ഞാൻ, (... ... ... നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പിനു ഒരു അപേക്ഷകനായ ... ... ആയ ഞാൻ) മേല്പറഞ്ഞ തിരഞ്ഞെടുപ്പുകണക്കു എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം വാസ്തവമാണെന്നും ഇതിൽ കാണിച്ചിട്ടുള്ള ചിലവുകൾ ഒഴികെ ... ... യുടെ അപേക്ഷ / എന്റെ അപേക്ഷ യ്ക്കായോ അതിന്റെ ആവശ്യങ്ങൾക്കായോ എന്റെ അറിവിലും വിശ്വാസത്തിലുംപെട്ടിടത്തോളം ഏതെങ്കിലും സ്വഭാവത്തിലുള്ള യാതൊരു ചിലവും ഉണ്ടായിട്ടില്ലെന്നും ഇതിനാൽ പ്രതിജ്ഞചെയ്യുന്നു.

തിരഞ്ഞെടുപ്പു കാര്യസ്ഥന്റെയോ
അപേക്ഷകന്റെയോ (ഒപ്പു).

എന്റെ മുൻപാകെവച്ചു പ്രതിജ്ഞ ചെയ്തിരിക്കുന്നു.

(മജിസ്ട്രേട്ട്).

൭-ാം പട്ടിക.

(൫-ം, ൭-ം, ൨൯-ം, ൩൦-ം, ൩൩-ം, ചട്ടങ്ങൾ നോക്കുക.)

ഈ ചട്ടങ്ങളിലെ സംഗതികൾക്കു, താഴെ പറയുന്നവയെ അഴിമതികളായി വിചാരിക്കുന്നതാണ്.

൧-ാം ഭാഗം.

കൈക്കൂലി. ൧. ഒരു അപേക്ഷകനോ അയാളുടെ കാര്യസ്ഥനോ, ഒരു അപേക്ഷകന്റെയോ അയാളുടെ കാര്യസ്ഥന്റെയോ മൌനാനുവാദത്തോടുകൂടി മററതെങ്കിലുംആളോ, ഏതെങ്കിലും ആൾക്കു നേരിട്ടോ അല്ലാതെയോ,

എ. ഒരാളിനെ ഒരു അപേക്ഷകനായി നിൽക്കുന്നതിനോ നിൽക്കാതിരിക്കുന്നതിനോ, അപേക്ഷയിൽനിന്നു പിൻമാറുന്നതിനോ,

ബി. ഒരു തിരഞ്ഞെടുപ്പുകാരനെ ഒരു തിരഞ്ഞെടുപ്പിൽ സമ്മതിദാനം ചെയ്യുന്നതിനോ ചെയ്യാതിരിക്കുന്നതിനോ,

പ്രേരിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയോ,

എ. ഒരാൾക്കു അപ്രകാരം നിന്നതിനോ നിൽക്കാതിരുന്നതിനോ, അയാളുടെ അപേക്ഷ പിൻവലിച്ചതിനോ,

ബി. ഒരു തിരഞ്ഞെടുപ്പുകാരനു സമ്മതിദാനം ചെയ്തതിനോ ചെയ്യാതിരുന്നതിനോ,

ഒരു പ്രതിഫലമായോ, ഏതെങ്കിലും സമ്മാനങ്ങൾ കൊടുക്കുകയോ, കൊടുക്കാമെന്നു പറകയോ, കൊടുക്കാമെന്നു വാക്കുകൊടുക്കുകയോ ചെയ്യുക.

വിവരണം:— ഈ ഖണ്ഡികയിലെ സംഗതികൾക്കായി "സമ്മാനം" എന്നാൽ പണമായിട്ടുള്ള സമ്മാനങ്ങളോ പണമായി കണക്കാക്കത്തക്ക സമ്മാനങ്ങളോ മാത്രമല്ലാത്തതും, അതിൽ എല്ലാ രീതിയിലുമുള്ള സൽക്കാരങ്ങളും പ്രതിഫലമായുള്ള എല്ലാത്തരം നിയമനങ്ങളും ഉൾപ്പെടുന്നതും എന്നാൽ ഉത്തമവിശ്വാസത്തിന്മേൽ ഏതെങ്കിലും തിരഞ്ഞെടുപ്പു വകയ്ക്കോ അതിന്റെ സംഗതികൾക്കായോ ഉണ്ടായിട്ടുള്ളതും ചട്ടങ്ങളിൽ നിശ്ചയി-

ച്ചിട്ടുള്ള തിരഞ്ഞെടുപ്പുചിലവുകളുടെ കണക്കിൽ മുറപ്രകാരം ചേൎത്തിട്ടുള്ളതുമായ ഏതെങ്കിലും ചിലവുകൾ കൊടുക്കുന്നതു അതിൽ ഉൾപ്പെടാത്തതും ആകുന്നു.

ദുഷ്പ്രേരണം:—

൨. (എ) ഒരു അപേക്ഷകനൊ, അയാളുടെ കാൎയ്യസ്ഥനൊ, അപേക്ഷകന്റെയൊ അയാളുടെ കാൎയ്യസ്ഥന്റെയൊ സമ്മതാനുവാദത്തോടുകൂടി മറ്റേതെങ്കിലും ആളൊ, ഇതിനുതാഴെ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും രീതിയിൽ, ഒരു ആളിനു ഒരു അപേക്ഷകനായി നിൽക്കുന്നതിനൊ, നിൽക്കാതിരിക്കുന്നതിനൊ, നിൽക്കുന്നതിൽനിന്നു പിൻമാറുന്നതിനൊ ഉള്ള അവകാശത്തിലൊ ഒരു തിരഞ്ഞെടുപ്പുകാരന്റെ സമ്മതിദാനാവകാശം നിൎബ്ബാധമായി ഉപയോഗപ്പെടുത്തുന്നതിലൊ നേരിട്ടോ അല്ലാതെയൊ ഇടപെടുകയൊ, ഇടപെടുന്നതിനു ശ്രമിക്കുകയൊ ചെയ്യുക.

(൨) മേല്പറഞ്ഞ രീതികൾ.

എ. ഏതെങ്കിലും അക്രമം പ്രവൎത്തിക്കയൊ പരുക്കേൾപ്പിക്കയൊ തടവിൽവയ്ക്കയൊ, വഞ്ചിക്കയൊ ചെയ്യുകയും അപ്രകാരം ചെയ്യുമെന്നു ഭയപ്പെടുത്തുകയും ചെയ്ക,

ബി. ഒരാളെ, അയാളൊ അയാൾക്കു താല്പൎയ്യമുള്ള ഏതെങ്കിലും ആളൊ ദൈവകോപത്തിനൊ മതസംബന്ധമായ അധിക്ഷേപത്തിനൊ പാത്രമായിത്തീരുമെന്നൊ തീരുമെന്നൊ ഭയപ്പെടുത്തുകയൊ അപ്രകാരം വിശ്വസിക്കുന്നതിനു പ്രേരിപ്പിക്കുകയൊ ചെയ്യുക,

ഇവയാകുന്നു. എന്നാൽ ഇതിൽ പൊതുവെയുള്ള ഒരു നയം പ്രസ്താവിക്കുകയൊ പൊതുപ്രവൃത്തി ചെയ്യാമെന്നു വാക്കുപറകയൊ ചെയ്യുന്നതു ഉൾപ്പെടുന്നില്ല.

ആൾമാറാട്ടം.

൩. ഒരു അപേക്ഷകനൊ അയാളുടെ കാൎയ്യസ്ഥനൊ ഒരു അപേക്ഷകന്റെയൊ കാൎയ്യസ്ഥന്റെയൊ സമ്മതാനുവാദത്തോടുകൂടി മറ്റേതെങ്കിലും ആളൊ ഒരാളിനെക്കൊണ്ടു ജീവിച്ചിരിക്കുന്നതൊ മരിച്ചുപോയതൊ ആയ മറ്റേതെങ്കിലും ആളിന്റെ പേരിലൊ കല്പിതമായ ഒരു പേരിലൊ ഒരു സമ്മതിച്ചീട്ടിനായൊ ഒരു തിരഞ്ഞെടുപ്പിൽ ഒരിക്കൽ സമ്മതിദാനം ചെയ്തിട്ടുള്ള ഒരാളെക്കൊണ്ടു ആ തിരഞ്ഞെടുപ്പിൽ തന്നെ തന്റെ പേരിൽ ഒരു സമ്മതിച്ചീട്ടിനായൊ അപേക്ഷിപ്പിക്കയൊ അപേക്ഷിപ്പിക്കുന്നതിനു ഉത്സാഹിക്കയൊ ശ്രമിക്കയൊ ചെയ്യുക.

൪. ഒരു അപേക്ഷകനൊ അയാളുടെ കാൎയ്യസ്ഥനൊ അപേക്ഷകന്റെയൊ കാൎയ്യസ്ഥന്റെയൊ സമ്മതാനുവാദത്തോടുകൂടി മറ്റേതെങ്കിലും ആളൊ ഏതെങ്കിലും അപേക്ഷകന്റെ സ്വഭാവത്തെയൊ നടത്തയെയൊ സംബന്ധിച്ചൊ ഏതെങ്കിലും അപേക്ഷകന്റെ അപേക്ഷയെയൊ പിൻമാറ്റത്തെയൊ സംബന്ധിച്ചൊ ആ വക അപേക്ഷകന്റെ തിരഞ്ഞെടുപ്പിനെ പ്രതികൂലമായി ബാധിക്കുമെന്നു ന്യായമായി വിചാരിക്കപ്പെട്ടിരിക്കുന്നതൊ തെറ്റായിട്ടുള്ളതൊ താൻ തെറ്റാണെന്നു വിശ്വസിക്കുന്നതൊ ശരിയാണെന്നു വിശ്വസിക്കാത്തതൊ ആയ ഏതെങ്കിലും പ്രസ്താവം പ്രസിദ്ധപ്പെടുത്തുക.

ചിലവുചെയ്യുന്നതിനു അധികാരപ്പെടുത്തുക.

൫. ഈ ചട്ടങ്ങളിൽ ൧൭-ാം ചട്ടപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഗവൎമ്മെന്റു പരസ്യത്തിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി ഒരു അപേക്ഷകനൊ അയാളുടെ കാൎയ്യസ്ഥനൊ ചിലവു ചെയ്കയൊ ചിലവു ചെയ്യുന്നതിനു അധികാരപ്പെടുത്തുകയൊ ഒരു അപേക്ഷകനൊ തന്റെ കാൎയ്യസ്ഥനൊ ഏതെങ്കിലും ആളെ ജോലിയിൽ ഏൎപ്പെടുത്തുകയൊ ചെയ്യുക.

൨-ാം ഭാഗം.

൧-ാം ഭാഗപ്രകാരമുള്ള പ്രവൃത്തികൾ.

൧. ഒരു അപേക്ഷകനൊ അയാളുടെ കാൎയ്യസ്ഥനൊ ഒരു അപേക്ഷകന്റെയൊ അയാളുടെ കാൎയ്യസ്ഥന്റെയൊ സമ്മതാനുവാദത്തോടുകൂടി പ്രവൎത്തിക്കുന്ന ഒരു ആളൊ അല്ലാത്ത ഒരു ആൾ നടത്തുന്നപക്ഷം ൧-ാം ഭാഗത്തിൽ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും പ്രവൃത്തി.

ആൾമാറാട്ടം.

൨. ഒരാൾ തിരഞ്ഞെടുപ്പിൽ ജീവിച്ചിരിക്കുന്നതൊ മരിച്ചുപോയതൊ ആയ മറ്റേതെങ്കിലും ആളിന്റെ പേരിലൊ കല്പിതമായ ഒരു പേരിലൊ ഒരു സമ്മതിച്ചീട്ടിനായൊ ആ തിരഞ്ഞെടുപ്പിൽ തന്നെ ഒരിക്കൽ സമ്മതിദാനം ചെയ്തശേഷം തന്റെ പേരിൽതന്നെ ഒരു സമ്മതിച്ചീട്ടിനായൊ അപേക്ഷിക്കുക.

കൈക്കൂലി.

൩. (എ) ഒരാൾ ഒരു അപേക്ഷകനായി നിൽക്കുന്നതിനൊ നിൽക്കാതിരിക്കുന്നതിനൊ നിൽക്കുന്നതിൽ നിന്നു പിൻമാറുന്നതിനൊ,

(ബി) ഏതെങ്കിലുമൊരാൾ, താൻതന്നെയൊ മറ്റേതെങ്കിലുമാളൊ സമ്മതിദാനം ചെയ്യുന്നതിനൊ ചെയ്യാതിരിക്കുന്നതിനൊ ഏതെങ്കിലും തിരഞ്ഞെടുപ്പുകാരനെ സമ്മതിദാനം ചെയ്യുന്നതിനൊ ചെയ്യാതിരിക്കുന്നതിനൊ ഏതെങ്കിലും അപേക്ഷകനെ തന്റെ അപേക്ഷയിൽ നിന്നു പിൻമാറുന്നതിനൊ പ്രേരിപ്പിക്കുന്നതിനൊ പ്രേരിപ്പിക്കുന്നതിനു ശ്രമിക്കുന്നതിനൊ,

ഒരു പ്രേരണയൊ ഒരു പ്രതിഫലമൊ ആയി ഏതെങ്കിലും സമ്മാനം സ്വീകരിക്കുകയൊ സ്വീകരിക്കാമെന്നു സമ്മതിക്കുകയൊ ചെയ്യുക.

വാഹനത്തിനു കൂലി കൊടുക്കുക.

൪. സമ്മതിദാനം രേഖപ്പെടുത്തുന്നതിനു ഏതെങ്കിലും തിരഞ്ഞെടുപ്പുകാരനെ ഏതെങ്കിലും സ്ഥലത്തേക്കൊ സ്ഥലത്തുനിന്നൊ കൊണ്ടുപോകുന്നതിനായി ഏതെങ്കിലും ആൾക്കു ഏതെങ്കിലും വാഹനച്ചിലവു കൊടുക്കുകയൊ കൊടുക്കാമെന്നു വാഗ്ദാനം ചെയ്യുകയൊ ചെയ്ക.

പൊതുവാഹനങ്ങൾ വാടകക്കെടുക്കയൊ ഉപയോഗിക്കയൊ ചെയ്ക.

൫. തിരഞ്ഞെടുപ്പിന്റെ സംഗതികൾക്കായി, സാധാരണയായി വാടകക്കു കൊടുക്കുന്നതിനൊ, വാടകക്കു യാത്രക്കാരെ കൊണ്ടുപോകുന്നതിനൊ വച്ചിട്ടുള്ള ഏതെങ്കിലും ബോട്ടൊ, വാഹനമൊ, മൃഗത്തെയൊ വാടകക്കെടുക്കയൊ, ഏൎപ്പെടുത്തുകയൊ കടം വാങ്ങുകയൊ, ഉപയോഗിക്കയൊ ചെയ്യുക.

എന്നാൽ ഏതെങ്കിലും തിരഞ്ഞെടുപ്പുകാരൻ സമ്മതിദാനം രേഖപ്പെടുത്തുന്ന സ്ഥലത്തേക്കോ സ്ഥലത്തുനിന്നോ തനിക്കു പോകുന്നതിനു തന്റെ വകയായ ഏതെങ്കിലും ബോട്ടോ, വാഹനമോ മൃഗത്തെയോ ഉപയോഗപ്പെടുത്താവുന്നതാണ്.

അധികാരമില്ലാതെ ചിലവു ചെയ്യുക.

൩. അപേക്ഷകൻ എഴുത്തുമൂലം അധികാരപ്പെടുത്തിയിട്ടില്ലാത്തപക്ഷം, ഒരു അപേക്ഷകനോ അയാളുടെ തിരഞ്ഞെടുപ്പു കാര്യസ്ഥനോ അല്ലാത്ത ഏതെങ്കിലുമാൾ ഏതെങ്കിലും പൊതുയോഗം നടത്തുന്നതിനോ, ഏതെങ്കിലും പരസ്യത്തിനോ, സർക്കുലറിനോ, പ്രസിദ്ധീകരണത്തിനോ ആയോ, ആ അപേക്ഷകന്റെ തിരഞ്ഞെടുപ്പു സാധിക്കുന്നതിനോ അതിനെ സഹായിക്കുന്നതിനോ ആയി മറ്റെതെങ്കിലും പ്രകാരത്തിലോ, ചിലവു നടത്തുകയോ നടത്തുന്നതിനു അധികാരപ്പെടുത്തുകയോ ചെയ്യുക.

ഒരു വില്പനസ്ഥലം വാടകയ്ക്കെടുക്കുക.

൭. ഒരു കമ്മറ്റി മുറിയായിട്ടോ, തിരഞ്ഞെടുപ്പുകാർക്കു പ്രവേശനമുള്ള ഏതെങ്കിലും യോഗത്തിന്റെ ആവശ്യത്തിനായോ, ലഹരിമദ്യങ്ങൾ പൊതുജനങ്ങൾക്കു വിൽക്കുന്ന ഏതെങ്കിലും കെട്ടിടമോ, മുറിയോ മറ്റു സ്ഥലമോ വാടകയ്ക്കെടുക്കയോ, ഉപയോഗിക്കുകയോ, കൂലിക്കെടുക്കുകയോ ചെയ്യുക.

അച്ചടിക്കുന്ന ആളിന്റെയും പ്രസാധകന്റെയും പേരു അച്ചടിക്കാതെ സർക്കുലർ മുതലായവ പുറപ്പെടുവിക്കുക.

൮. മുൻവശത്തു, അച്ചടിക്കുന്ന ആളിന്റെയും പ്രസാധകന്റെയും പേരും മേൽവിലാസവും ഇല്ലാതെ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള ഏതെങ്കിലും സർക്കുലറോ, പ്ലാക്കാർഡോ, പോസ്റ്ററോ പുറപ്പെടുവിക്കുക.

(*A true translation,*)

K. R. KRISHNA PILLAI,
Head Translator to Government.

ഫാറം—൧.

... ... നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പു രജിസ്റ്റർ.

ഭാഗം ... ... രജിസ്ട്രേഷൻ പ്രദേശം ... ...

സെക്ഷൻ ... ... പോളിങ്ങ് പ്രദേശം നമ്പർ ... ...

പോളിങ്ങ്സ്ഥലം ... ...

ക്രമനമ്പർ	പേര്	അച്ഛന്റെയോ കാരണവന്റെയോ പേര്	മേൽവിലാസം (പകുതിയും ദേശവും വീട്ടുനമ്പരും)	യോഗ്യതയുടെ ഇനം
൧	൨	൩	൪	൫

ഫാറം—൨.

... ... രജിസ്ട്രേഷൻ പ്രദേശത്തിലെ ... ... സമ്മതിദായകന്മാരുടെ പ്രാരംഭ തിരഞ്ഞെടുപ്പു രജിസ്റ്റർ പൊതുജനങ്ങളുടെ അറിവിനായി ഇതോടുകൂടി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഈ രജിസ്റ്ററിൽ ചേർക്കണമെന്നവകാശപ്പെടുകയും അതിൽ ചേർത്തിട്ടില്ലാതിരിക്കയും ചെയ്യുകയോ തെറ്റായ സ്ഥലത്തോ രീതിയിലോ, തെറ്റായ വിവരങ്ങളോടു കൂടിയോ ചേർത്തിരിക്കുകയോ ചെയ്യുന്ന യാതൊരാളും തന്റെ പേരു അതിൽ ചേർക്കുന്നതിനോ രജിസ്റ്ററിലെ പതിവിനെ തിരുത്തുന്നതിനോ രജിസ്ട്രേഷൻ ആഫീസരുടെ അടുക്കൽ അവകാശപ്പെടാവുന്നതാണ്.

ഈ രജിസ്റ്ററിൽ തന്റെ പേരുണ്ടായിരിക്കുകയും, അതിലുള്ള പതിവിനെപ്പറ്റിയോ തന്റെ പേരു തന്നെയോ രജിസ്റ്ററിൽ ചേർത്തിട്ടുള്ള മറ്റെതെങ്കിലും ആളിന്റെ പേരോ അതിൽ ചേർത്തിരിക്കുന്നതിനെക്കുറിച്ചോ ആക്ഷേപം പറകയും ചെയ്യുന്ന യാതൊരാൾക്കും പരിശോധനാധികാരിയുടെ അടുക്കൽ ഒരു ആക്ഷേപം ബോധിപ്പിക്കാവുന്നതാണ്.

അവകാശങ്ങൾ ഈ നോട്ടീസിനോടു സംബന്ധിച്ചിരിക്കുന്ന ൩-ാം ഫാറത്തിലും, ആക്ഷേപങ്ങൾ ൪-ാം ഫാറത്തിലും ബോധിപ്പിക്കേണ്ടതാകുന്നു. രജിസ്ട്രേഷൻ ആഫീസരുടെ അടുക്കൽ അപേക്ഷിച്ചാൽ ഫാറങ്ങളുടെ പ്രതികൾ വിലകൂടാതെ കിട്ടുന്നതാണ്.

അവകാശങ്ങളും ആക്ഷേപങ്ങളും കച്ചേരിസമയത്തു എപ്പോഴെങ്കിലും രജിസ്ട്രേഷൻ ആഫീസരുടെ അടുക്കൽ ബോധിപ്പിക്കയോ, അഞ്ചൽവഴിയായോ തപാൽവഴിയായോ അയക്കുകയോ ചെയ്യാവുന്നതും എന്നാൽ ... ...യോ അതിനു മുമ്പോ അദ്ദേഹത്തിനു കിട്ടേണ്ടതും ആകുന്നു.

ശരിയായ ഫാറത്തിലല്ലാത്തതും നിശ്ചിത തിയതിക്കകം കിട്ടാത്തതുമായ അവകാശങ്ങളേയും ആക്ഷേപങ്ങളേയും സ്വീകരിക്കുന്നതല്ല.

ശരിയായ ഫാറത്തിലുള്ളതും ശരിയായ സമയത്തു കിട്ടുന്നതുമായ എല്ലാ അവകാശങ്ങളേയും ആക്ഷേപങ്ങളേയും പരിശോധനാധികാരി ... ... വച്ചു ... ... ന്നു കേൾക്കുന്നതാണ്.

രജിസ്ട്രേഷൻ ആഫീസർ.

ഫാറം—൩.

പതിവു തിരുത്തുന്നതിനു / രജിസ്റ്ററിൽ ചേർക്കുന്നതിനു അവകാശപ്പെടുന്നതിനുള്ള നോട്ടീസ്.

... ... രജിസ്ട്രേഷൻ പ്രദേശത്തെ പരിശോധനാധികാരിക്കു.

താഴെ പറയുംപ്രകാരം ... ... നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പുകാരുടെ രജിസ്റ്ററിൽ, എന്റെ പേരു ചേർത്തിരിക്കുന്നതിനെ തിരുത്തണമെന്നു / എന്റെ പേരു ചേർക്കണമെന്നു ഞാൻ അവകാശപ്പെടുന്നതായി ഇതിനാൽ താങ്കളെ തെര്യപ്പെടുത്തിക്കൊള്ളുന്നു:—

അവകാശപ്പെടുന്ന ആളിന്റെ പൂർണ്ണമായ പേരും അച്ഛന്റെയോ കാരണവന്റെയോ പേരും	മേൽവിലാസം (പകുതിയോ, കരയും വീട്ടുനമ്പരുമോ)	യോഗ്യത ഇനം	പാട്ടവിലയോ, കൊടുത്ത കരമോ
൧	൨	൩	൪

... ...—ന്നു എനിക്കു ൨൧ വയസ്സു തികഞ്ഞതായി ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

അവകാശപ്പെടുന്ന ആളിന്റെ ഒപ്പു.

ഫാറം—൪.

രജിസ്റ്ററിൽ ചേർത്തതിനെക്കുറിച്ചു ആക്ഷേപം പറയുന്ന നോട്ടീസ്.

... ... രജിസ്ട്രേഷൻ പ്രദേശത്തിലെ പരിശോധനാധികാരിക്കു.

... ... നിയോജകമണ്ഡലത്തിൽ ... ... രജിസ്ട്രേഷൻ പ്രദേശത്തിൽ ... ... പോളിങ്ങ്പ്രദേശത്തിനുള്ള തിരഞ്ഞെടുപ്പുകാരുടെ രജിസ്റ്ററിൽ, താഴെ പറഞ്ഞിരിക്കുന്നതും വിവരിച്ചിരിക്കുന്നതുമായ ആളിന്റെ പേരു വച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ചു ഞാൻ ആക്ഷേപം പറയുന്നു എന്നു ഇതിനാൽ താങ്കളെ തെര്യപ്പെടുത്തിക്കൊള്ളുന്നു.

ആരെപ്പററി ആക്ഷേപം പറയുന്നുവോ അയാളുടെ പേരു	പ്രാരംഭരജിസ്റ്ററിലെ നംബർ	ആക്ഷേപത്തിന്റെ സ്വഭാവം
(൧)	(൨)	(൩)

തീയതി... ... ...

ആക്ഷേപം പറയുന്ന ആളിന്റെ ഒപ്പു... ... ...
മേൽവിലാസം... ... ...
പോളിങ്ങ്പ്രദേശവും പ്രാരംഭരജിസ്റ്ററിലെ നംബരും } ... ...

൬-ാം ഫാറം.

അവകാശങ്ങൾക്കും ആക്ഷേപങ്ങൾക്കും ഉള്ള ലിസ്റ്റ്.

(എ) താഴെ പറയുന്ന ആളുകൾ ... ... നിയോജകമണ്ഡലത്തിലെ രജിസ്റ്ററിൽ തിരഞ്ഞെടുപ്പുകാരായി രജിസ്റ്റർ ചെയ്യുന്നതിനു (അല്ലെങ്കിൽ അവരുടെ പേരുകൾ രജിസ്റ്റർ ചെയ്തതിനെ തിരുത്തുന്നതിനു) അവകാശങ്ങൾ ബോധിപ്പിച്ചിരിക്കുന്നു.

പോളിങ് പ്രദേശം (൧)	അവകാശിയുടെ പേരു (൨)	മേൽവിലാസം (൩)	യോഗ്യതയുടെ ഇനം (൪)

(ബി) .... നിയോജകമണ്ഡലത്തിലെ രജിസ്റ്ററിൽ ഉള്ള പതിവുകളെ സംബന്ധിച്ചു താഴെ പറയുന്ന ആക്ഷേപങ്ങൾ കിട്ടിയിരിക്കുന്നു.

പോളിങ് പ്രദേശം (൧)	ആക്ഷേപക്കാരന്റെ പേരും രജിസ്റ്ററിലെ നമ്പരും (൨)	ആക്ഷേപിക്കപ്പെട്ട ആളിന്റെ പേരും രജിസ്റ്ററിലെ നമ്പരും (൩)

(സി) ... ... നിയോജകമണ്ഡലത്തിലെ രജിസ്റ്ററിൽ രജിസ്ട്രേഷൻ ആഫീസർ സ്വന്തമനസ്സാലെ താഴെ പറയുന്ന തിരുത്തലുകൾ ചെയ്തിരിക്കുന്നു.

പോളിങ് പ്രദേശം (൧)	രജിസ്റ്ററിലെ നമ്പർ (൨)	തിരുത്തലുകളുടെ സ്വഭാവം (൩)

... ... വെച്ചു ... ... തീയതി ഞാൻ പ്രസ്താവിച്ച അവകാശങ്ങളേയും ആക്ഷേപങ്ങളേയും കേൾക്കുന്നതും തിരുത്തലുകളെ അവസാനമായി ചിന്തിക്കുന്നതും ആകുന്നു.

രജിസ്ട്രേഷൻ ആഫീസർ.

൬-ാം ഫാറം.

നിർദ്ദേശപത്രം.

൧. അപേക്ഷകന്റെ പേര്.
൨. അച്ഛന്റെയൊ കാരണവന്റെയൊ പേര്.
൩. വയസ്സ്.
൪. മേൽവിലാസം.
൫ നിർദ്ദേശകന്റെ ഒപ്പ്.
൬ ഉപനിർദ്ദേശകന്റെ ഒപ്പ്.

അപേക്ഷകന്റെ പ്രതിജ്ഞ.

തിരഞ്ഞെടുപ്പിൽ നില്ക്കുന്നതിനു എനിക്കു സമ്മതമാകുന്നു എന്നും എന്റെ തിരഞ്ഞെടുപ്പു പ്രതിനിധിയായി ... ... ഞാൻ നിയമിച്ചിട്ടുണ്ടെന്നും ഞാൻ പ്രതിജ്ഞചെയ്യുന്നു.

അപേക്ഷകന്റെ ഒപ്പ്.
രജിസ്ട്രേഷൻ ആഫീസരുടെ ഒപ്പ്.

<u>ഉപദേശം.</u>

൧൦൯൭ ... ... മാസം ... ... തീയതിക്കുമുമ്പ വരണാധികാരിയുടെ പക്കൽ കിട്ടാത്തതായ നിർദ്ദേശപത്രങ്ങൾ അസാധുവായിരിക്കുന്നതാണ.

൭-ാം ഫാറം.

നിർദ്ദേശങ്ങളുടെ പ്രാരംഭലിസ്റ്റ്.

൧. ക്രമനമ്പർ.
൨. അപേക്ഷകന്റെ പേര്.
൩. അച്ഛന്റെയൊ കാരണവന്റെയൊപേര്.
൪. തൊഴിലും മേൽവിലാസവും
൫ നിർദ്ദേശകന്റെ പേര്.
൬. ഉപനിർദ്ദേശകന്റെ പേര്.

കുറിപ്പ്.

... ... എന്ന സ്ഥലത്തുവച്ചു ... ... ദിവസം

രാവിലെ / ഉച്ചതിരിഞ്ഞു ... ... മണിക്കു നിർദ്ദേശപത്രങ്ങൾ പരിശോധനയ്ക്കു എടുക്കുന്നതാണ.

വരണാധികാരി.

൮-ാം ഫാറം.

സാധുവായ നിർദ്ദേശങ്ങളുടെ അവസാനലിസ്റ്റ്.

൧. ക്രമനമ്പർ.
൨. അപേക്ഷകന്റെപേര്.
൩. മേൽവിലാസം.

കുറിപ്പ്.

പ്രസിദ്ധംചെയ്തിട്ടുള്ള പോളിങ്ങ്സ്റ്റേഷനുകളിൽവച്ചു ... ... മണിമുതൽ ... ... മണിവരെ പോൾ നടത്തുന്നതാണ.

വരണാധികാരി.